ഞാൻ കണ്ട
ഫാദർ വടക്കൻ

LN
V 14
R 18

ഫാദർ റാഫേൽ ചിറ്റിലപ്പിള്ളി

ഞാൻ കണ്ട ഫാദർ വടക്കൻ

[Malayalam]

NJAN KANDA FATHER VADAKKEN

BY
FR. RAPHAEL CHITTILAPILLY

First Published: May 1972

Printed at: Viswanath Press, Trichur

Price: Rs. 1.25

COPYRIGHT
FR. RAPHAEL CHITTILAPILLY

Published by:
NEWMAN LITERARY UNIT, TRICHUR-9
Kerala State — India

ഞാൻ കണ്ട ഫാദർ വടക്കൻ

ഫാദർ റാഫേൽ ചിറ്റിലപ്പിള്ളി



LN
VIH
R18

: വിതരണം :

ന്യൂമാൻ ലിറ്റററി യൂണിറ്റ്
തൃശ്ശൂർ-9

വില: 1 രൂപ 25 പൈസ

സമർപ്പണം

തിരുസ്സഭാ മാതാവിനൊടൊത്തു റവ: ഫാദർ ജോസഫ് വടക്കൻ ചിന്തിച്ചും പ്രവർത്തിച്ചും കാണാൻ കൊതിയ്ക്കുന്ന നല്ല മനുഷ്യർക്ക്.

ഒറ്റ നോട്ടത്തിൽ

	പേജ്
പ്രകാശവും അന്ധകാരവും	1
രാഷ്ട്രീയം	6
വിമോചനസമരം	9
ദീനദയാലു	10
വടക്കൻ വടക്കനായതു്	11
പ്രസ്ഥാനങ്ങൾ	14
സഹപ്രവർത്തകർ	16
അധഃപതനം	19
"അകത്തു കത്തിയും പുറത്തു പത്തിയും"	21
കെ. ടി. പി.	26
ഇടവക വികാരി	31
പൂരപ്പറമ്പിലെ പൂജാപ്പണം	36
തിരുസ്സഭാ മാതാവിനെ അപലപിയ്ക്കുന്നു	43
പോപ്പു് പോൾ ആറാമൻ	47
മെത്രാന്മാർ	51
അപ്പിതജീവിതത്തിലെ സ്വാതന്ത്ര്യം	58
ബിഷപ്പു് ജോസഫു് കുണ്ടുകുളം	62
സഭാ പരിഷ്കരണം	65
അവസാനമായി	70

അവതാരിക

പ്രാചീന ഗ്രീസിൽ ഒരു സുന്ദരനുണ്ടായിരുന്നു. നാർസിസസ്സ്. ഈ മനുഷ്യനൊരിക്കൽ തന്റെ പ്രതിഛായ ശുദ്ധജലത്തിൽ തെളിഞ്ഞുകണ്ടു. അതിന്റെ മനോഹാരിതയിൽ അയാൾ എല്ലാം മറന്നു. അതിനോട് പ്രേമബദ്ധനായി. കലശലായ പ്രേമം. ആ ആത്മപ്രേമം കരപറ്റാൻ ഒക്കാത്തൊരു കടലായി പരിണമിച്ചു. ആ കടലിൽ നാർസിസസ്സ് മുങ്ങിമരിച്ചു.

നാർസിസസ്സ് മരിച്ചു. പക്ഷെ അയാളുടെ വംശം തുടരുന്നു. ആ വംശത്തിലാണ് ഫാദർ വടക്കന്റെയും ജനനം.

II

ഈ കഥ ബൈബ്ലിൽ ഇല്ല. പക്ഷെ യഹൂദന്മാർക്കതറിയാമായിരുന്നു. ലൂസിഫറിന്റെ പതനത്തിന്റെ കഥ. "അപ്പോക്രിഫ"യിൽ അതിനെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. അതിരില്ലാത്ത അഹന്തയായിരുന്നു ആ വീഴ്ചയ്ക്കിടയാക്കിയതു്

ലൂസിഫറിന്റെ വീഴ്ച എന്നോ പൂർത്തിയായി. പക്ഷെ ഈ വീഴ്ച യുഗങ്ങളായി തുടർന്നുവരുന്നു. ആദവും അവ്വയും ഈ ചങ്ങലയിലെ കണ്ണികളാണ്. ഫാദർ വടക്കനും.

III

അളവില്ലാത്തതായ ഈ ആത്മപ്രേമത്തിനു് ഗ്രീക്കുകാർ കൊടുത്തിരുന്ന പേരാണ് "ഹൈബ്രിസ്." അവരതൊരു മഹാപാപമായി കരുതിപ്പോന്നു. ഇന്നും അതിനെ അങ്ങനെതന്നെ കരുതിപ്പോരേണ്ടതാണ്.

IV

ജീവിതത്തിലെ വലിയൊരു വൈരുദ്ധ്യമാണു് ഈ പാപത്തിന്റെ ഉറവിടം. ജീവിക്കുന്ന എന്തിനും ആത്മകേന്ദ്രീകരണത്തിൽ (self-centredness) അധിഷ്ഠിതമായ സ്വാർത്ഥത്തെ പരിഹരിക്കാൻ പ്രയാസമുണ്ടു്: ഉപേക്ഷിച്ചാൽ മരണമായിരിക്കും ഫലം. ഏതു ജീവിയും പ്രപഞ്ചത്തിന്റെ ഒരംശമാണു്. പക്ഷെ സ്വന്തമായ ഒരു വ്യക്തിത്വം അതിനുണ്ടു്. അതൊരു സ്വതന്ത്രശക്തിയായി സ്വയം സ്ഥാപിക്കാൻ ശ്രമിക്കുന്നു. അതിന്റെ കഴിവുകളെ പരമാവധി ഉപയോഗിച്ചു് പ്രപഞ്ചത്തിലെ മറ്റെല്ലാറ്റിനേയും സ്വന്തവളർച്ചക്കുപയോഗിക്കാനതാഗ്രഹിക്കുന്നു. അങ്ങനെ ഏതു ജീവിയും പ്രപഞ്ചത്തിലെ മറ്റെല്ലാ ജീവികളായിട്ടും വസ്തുക്കളായിട്ടും ശക്തികളായിട്ടും ഒരു മൽപ്പിടുത്തത്തിൽ എപ്പോഴും വ്യാപൃതമാണു്. അവസാനം ഈ മൽപ്പിടുത്തം പ്രപഞ്ചത്തിനേറയും പ്രപഞ്ചകർത്താവിനേറയും നേരെപ്പോലും തിരിയുന്നു.

അങ്ങനെ ജീവന്റെ നിലനില്പിനനുപേക്ഷണീയമായ സ്വാർത്ഥം ഒരു വലിയ പ്രമാദമായിത്തീരുന്നു. ഒരു പാപമായും. യാതൊരു ജീവിയും പ്രപഞ്ചത്തിന്റെ കേന്ദ്രമല്ല, ആണെന്നു സങ്കല്പിക്കുന്നതു് വസ്തുതകൾക്കെതിരു്. എന്നിലുള്ള എന്നെ വളർത്താനായിട്ടു് മറവുള്ളതിനെയെല്ലാം ബലികഴിക്കുകയും പ്രപഞ്ചകർത്താവിനെപ്പോലും കീഴ്പ്പെടുത്താൻ കയ്യയർത്തുകയും ചെയ്യുന്നതു് ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങൾക്കു് നിരക്കാത്തതും.

ഈ ധർമ്മസങ്കടത്തിൽനിന്നു് ഒരു രക്ഷാമാർഗ്ഗവുമില്ലേ? ഒന്നുകിൽ എന്നിലുള്ള എന്നെ കൊല്ലുക എന്ന നിസ്വാർത്ഥത, അല്ലെങ്കിൽ പ്രപഞ്ചത്തിലെ മറ്റെല്ലാറ്റിനേയും, പ്രപഞ്ചത്തേയും, പ്രപഞ്ചകർത്താവിനെത്തന്നേയും കീഴ്പ്പെടുത്താൻ കണ്ണിക്കുക എന്ന പാതകം—ഈ ധർമ്മസങ്കടത്തിൽനിന്നു്?

ഉണ്ട്. ഈ മാർഗ്ഗമാണ് ആത്മാവിന്റെ മഹത്വവൽക്കരണം. സത്യത്തിലും നീതിയിലും സ്നേഹത്തിലും ഉപവിയിലും സഹാനുഭൂതിയിലും ശുദ്ധമൂലമായ ആത്മസാക്ഷാൽക്കരണം. എന്നിലുള്ള എന്നെ മറവുള്ളവരുടെ വളർച്ചക്കും ഉയർച്ചക്കുംകൂടി ഉപകരിക്കുന്നതരത്തിൽ പവിത്രീകരിച്ചെടുക്കുക. ഇതാണ് കുരിശിന്റെ മാർഗ്ഗം.

ഈ മാർഗ്ഗത്തെയാണ് വടക്കനച്ചൻ പുൽകിച്ചുതള്ളിയിട്ടുള്ളത്.

V

ഫാദർ വടക്കനെ കഴിഞ്ഞ 28 കൊല്ലമായിട്ടെനിക്കറിയാം. 1944-ൽ അദ്ദേഹം ഔസേപ്പുണ്ണി "മാഷ്" ഷാണ്. ഒരു കമ്യൂണിസ്റ്റ് സഹയാത്രികൻ. പിന്നീടദ്ദേഹം ബ്രദർ വടക്കനായി, കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി സ്ഥാപകനായി, ഫാദർ വടക്കനായി, ജന്മിമുതലാളിമാരുടെ കണ്ണിലുണ്ണിയായി, വിമോചനസമരനേതാവായി, കത്തോലിക്കരുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരനായി, സ്വകാര്യ സ്കൂളുകളുടേയും ന്യൂനപക്ഷാവകാശങ്ങളുടേയും വക്കാലത്തുകാരനായി, രണ്ടുമൂന്നുലക്ഷം രൂപ വിലപിടിക്കുന്നതായ ഒരു കെട്ടിടത്തിന്റേയും പ്രസ്സിന്റേയും കുറെയേറെ ഭൂമിയുടേയും ഉടമയായി.

ഇതെല്ലാം 1946 മുതൽ 1960 വരെയുള്ള കാലഘട്ടത്തിൽ. 1961-ൽ അദ്ദേഹം ഈ പോയവഴി മുഴുവൻ തിരിച്ചു നടക്കാൻ തുടങ്ങി. ഇന്നിപ്പോഴും ഇതാ ആരംഭിച്ചേടത്തുതന്നെ മടങ്ങിയെത്തിയിരിക്കുന്നു—കമ്യൂണിസ്റ്റ് സഹയാത്രികനായ ഔസേപ്പുണ്ണി മാഷ്ഷ് എന്ന പോയൻറിലേക്ക്.

ഒറനോട്ടത്തിൽ തോന്നും ഇക്കഴിഞ്ഞ 28 കൊല്ലത്തിനുള്ളിൽ ഫാദർ വടക്കനിൽ നടന്നതു് ഒരു "ഭയങ്കരമായ" പരി

വർത്തന–പ്രതിപരിവർത്തനമാണെന്നു്. ഈ പ്രക്രിയയുടെ ചരിത്രമാണു് റവ: ഫാദർ റാഫേൽ ചിറ്റിലപ്പിള്ളിയുടെ "ഞാൻ കണ്ട ഫാദർ വടക്കൻ." ഒരുറച്ച വിശ്വാസിയായ കത്തോലിക്കാ വൈദികന്റെ കാഴ്ചപ്പാടിലൂടെ വടക്കനച്ചനെ വിലയിരുത്താനാണു് റവ: ഫാ: റാഫേൽ ചിറ്റിലപ്പിള്ളി ശ്രമിച്ചിട്ടുള്ളതു്. ആകൃത്യം അദ്ദേഹം നിഷ്പക്ഷമായും സത്യസന്ധമായും നിർവ്വഹിച്ചിട്ടുണ്ടു്.

പക്ഷെ ഒരു കാര്യത്തിൽ എല്ലാരും യോജിക്കുമോയെന്നു് എനിക്കു തീർച്ചയില്ല.

1964–ൽ വൈദിക വിദ്യാർത്ഥിയായിവന്ന വടക്കൻ, അതിനുമുമ്പത്തെ ഔസേപ്പുണ്ണി മാഷ്ഷിൽനിന്നു് മാനസാന്തരപ്പെട്ടു് ശുദ്ധികലശം കഴിഞ്ഞെത്തിയ ഒരാളായിരുന്നെന്നും, 1946 മുതൽ 1960 വരെയുള്ള ബ്രദർ–ഫാദർ വടക്കൻ ക്രൈസ്തവ വിശ്വാസത്തിന്റേയും ശ്ലീവാപാഥയുടേയും പ്രതീകമായിരുന്നെന്നും, അനന്തരം പ്രത്യക്ഷപ്പെട്ട നൂതനവടക്കൻ ഒരു പുതിയ അധഃപതനത്തിന്റെ സന്തതിയാണെന്നും റവ: ഫാദർ ചിറ്റിലപ്പിള്ളി വിശ്വസിക്കുന്നപോലെ തോന്നുന്നു.

വാസ്തവത്തിൽ വടക്കനിൽ അടിസ്ഥാനപരമായ എന്തെങ്കിലും പരിവർത്തനങ്ങളും എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? ഇല്ലെന്നാണു് എനിക്കു തോന്നുന്നതു്. വടക്കൻ എന്നും വടക്കൻതന്നെയായിട്ടേ ഇരുന്നിട്ടുള്ളൂ. അദ്ദേഹവുമായി ഇണങ്ങിപ്രവർത്തിച്ച കാലത്തും പിണങ്ങിപ്രവർത്തിച്ച കാലത്തും എനിക്കു തോന്നിയിട്ടുള്ളതങ്ങനെയാണു്. അതുകൊണ്ടാണു് ഈ ഇരുപത്തെട്ടുകൊല്ലത്തിനിടയ്ക്കു് ഒരിക്കലെങ്കിലും ഈ മനുഷ്യനെ അനുമോദിച്ചോ പ്രശംസിച്ചോ ഞാൻ ഒരു വാക്കുപോലും പറയുകയോ എഴുതുകയൊ ചെയ്തിട്ടില്ലാത്തതു്.

വടക്കൻ ഈ ലോകത്തിൽ എന്നും ഒന്നിൽമാത്രമേ തല്പരനായിട്ടുള്ളൂ—ജോസഫ് വടക്കനിൽ: ഒന്നിനെ മാത്രമേ സ്നേഹിച്ചിട്ടുള്ളൂ—ജോസഫ് വടക്കനെ: ഒന്നിൽ മാത്രമെ വിശ്വസിച്ചിട്ടുള്ളൂ—"വടക്കനിസ"ത്തിൽ.

വടക്കൻ കാലാകാലങ്ങളിൽ കാണിച്ചിട്ടുള്ള പരസ്പരവിരുദ്ധമായ താല്പര്യങ്ങളും ആഭിമുഖ്യങ്ങളും തന്റെ മഹിമകളേയും പ്രതാപങ്ങളേയും പ്രശസ്തികളേയും പകകളേയും പ്രതികാരങ്ങളേയും വളത്താനും പ്രചരിപ്പിക്കാനും നിർവഹിക്കാനും അദ്ദേഹത്തിന്റെ മനസ്സ് അറിഞ്ഞും അറിയാതെയും, ബോധതലത്തിലും ഉപബോധതലത്തിലും, മെനഞ്ഞെടുത്തിട്ടുള്ള ഉപാധികളും സങ്കേതങ്ങളും കൌശലങ്ങളുമാണ്.

വടക്കൻ ഒരു കമ്യൂണിസ്റ്റല്ല: കമ്യൂണിസ്റ്റു വിരുദ്ധനുമല്ല: ഒരിക്കലും ഇതു രണ്ടുമായിട്ടുമില്ല—ആത്മാർത്ഥമായിട്ട്.

വടക്കൻ ഒരു കത്തോലിക്കാ വിശ്വാസിയല്ല: കത്തോലിവിരുദ്ധനുമല്ല: ഒരിക്കലും ഇതു രണ്ടുമായിട്ടുമില്ല—ആത്മാർത്ഥമായിട്ട്.

വടക്കൻ ഒരു മനുഷ്യസ്നേഹിയല്ല: മനുഷ്യവിദ്വേഷിയുമല്ല: ഒരിക്കലും ഇതു രണ്ടുമായിട്ടുമില്ല—ആത്മാർത്ഥമായിട്ട്.

വടക്കൻ ഒരു സാമൂഹ്യനീതി പ്രേമിയല്ല: സാമൂഹ്യനീതി ശത്രുവുമല്ല: ഒരിയ്ക്കലും ഇതുരണ്ടും ആയിട്ടുമില്ല—ആത്മാർത്ഥമായിട്ട്.

പക്ഷെ വടക്കൻ കമ്യൂണിസ്റ്റുകാരെ സേവിച്ചിട്ടുണ്ട്. മുതലാളിമാരെ താലോലിച്ചിട്ടുണ്ട്. കോൺഗ്രസ്സിനെ അനുകൂലിച്ചിട്ടുണ്ട്. കോൺഗ്രസ്സിതരരെ സഹായിച്ചിട്ടുണ്ട്. കത്തോലിക്കാ സമുദായത്തിനുവേണ്ടി ചാടിപ്പെട്ടിട്ടുണ്ട്. കത്തോലിക്കാ വിരോധികൾക്കുവേണ്ടി വാദിച്ചിട്ടുണ്ട്. സാമൂഹ്യനീതിക്കുവേണ്ടി പട

പൊരുതിയിട്ടുണ്ട്. സ്വന്തം തൊഴിലാളികൾക്ക് കൂലികൊടുക്കാതെ അവരെ നട്ടംതിരിച്ചിട്ടുണ്ട്. പാവങ്ങളുടെ ചില്ലിക്കാശുകളും പണക്കാരന്റെ പതിനായിരത്തോടൊപ്പംതന്നെ പിരിച്ചെടുത്തു് സ്വന്തം പെരുമക്കുവേണ്ടി ധൂർത്തടിച്ചിട്ടുണ്ട്.

ഇന്നു് മിച്ചഭൂമി പിടിച്ചെടുക്കാൻ—ജന്മികളുടെ മാത്രമല്ല, മതസ്ഥാപനങ്ങളുടെയും ജീവകാരുണ്യ പ്രവർത്തനകേന്ദ്രങ്ങളുടെ പോലും—ദിഗന്തങ്ങളും പൊട്ടുമാറു് അലറിവിളിക്കുന്ന വടക്കൻ, അഭിവന്ദ്യനായ തൃശ്ശൂർ ബിഷപ്പു് സ്കൂളുകളെല്ലാം കോർപ്പറേറ്റു് മേനേജ്മെൻറിൽ കൊണ്ടുവന്നു് അദ്ധ്യാപകനിയമനത്തിനു കോഴവാങ്ങുന്ന ഏർപ്പാടു് വല്ലേടത്തുമുണ്ടെങ്കിൽ അതു് നിശ്ശേഷം നിർത്തിക്കളയാനുള്ള തീരുമാനമെടുത്തപ്പോൾ, ക്രൈസ്തവ സ്ഥാപനങ്ങളുടെ—സ്കൂളുകളുടെ—മിച്ചഭൂമിയെല്ലാം നഷ്ടപ്പെട്ടുമെന്നും അതുകൊണ്ടു് ബിഷപ്പിനെ എതിർക്കണമെന്നും ശ്രുതയിലെ എല്ലാ പള്ളികളിലേയ്ക്കും ''രഹസ്യം'' എന്നു് അടയാളപ്പെടുത്തിയ ഒരു കത്തയച്ച ''പുരോഗമനവാദി'' യാണു്. (150 സ്കൂളുകളുണ്ടെങ്കിൽ, അവ ഓരോന്നും വെവ്വേറെ നിൽക്കുകയാണെങ്കിൽ, ഓരോന്നിനേറയും പേർക്കു് പന്ത്രണ്ടോ പതിനഞ്ചോ ഏക്കർ ഭൂമിവീതം കൈവശം വെയ്ക്കാമെന്നും എല്ലാറ്റിനുംകൂടി ഒരൊറ്റ കോർപ്പറേറ്റു് മാനേജ്മെൻറ് വന്നാൽ ശ്രുതയിൽ ആകെ സ്കൂളുകളുടെപേരിൽ പന്ത്രണ്ടോ പതിനഞ്ചോ ഏക്കർ മാത്രമെ കൈവശംവെയ്ക്കാൻ കഴിയൂ എന്നും, അങ്ങനെ ബിഷപ്പു് കത്തോലിക്കാ സമുദായത്തിന്റെ സ്വത്തെല്ലാം സക്കാറിനു് കൊടുത്തു് നഷ്ടപ്പെടുത്താർ പോകയാണെന്നുമാണു് വടക്കന്റെ രഹസ്യസർക്കുലറിലെ ഒരു പ്രധാന വാദമുഖം.)

വടക്കന്റെ അനേ്യാന്യം പൊരുത്തപ്പെടാത്ത ഈ നീക്കങ്ങളുടെയെല്ലാം പിന്നിലുണ്ടായിരുന്നതും ഇന്നുള്ളതുമായ ഉദ്വേഗവും പ്രചോദനവും ഒന്നുതന്നെയാണു്—വടക്കനെന്ന അതികായന്റെ

കീർത്തിയും വൈരാഗ്യവും. കാൽ മാർക്സും യേശുക്രിസ്തുവും മഹാത്മാഗാന്ധിയും വടക്കുനാഥനും മിച്ചഭൂമിയും സ്ത്രീധനവുമെല്ലാം വടക്കന്റെ മഹത്വത്തിനും പ്രതികാരത്തിനുമുള്ള ഉപാധികൾ മാത്രമാണു്.

സ്വന്തസൗന്ദര്യത്തോടുള്ള പ്രേമസാഗരത്തിൽ മുങ്ങിത്തുടിച്ചു നശിച്ചുകൊണ്ടിരിക്കുന്ന നാർസിസ്സസ്സു്! ദൈവത്തെ കടത്തിവെട്ടാൻ കയ്യോങ്ങിയ സാത്താൻ!

VI

വടക്കനിന്നൊരു വെല്ലുവിളിയാണെങ്കിൽ, അതുപോലെതന്നെ ഒരു ശാപവുമാണു്. കേരളത്തിലെ കത്തോലിക്കർ ഉയർത്തിക്കൊണ്ടുവന്ന ഒരു വെല്ലുവിളി: കേരളത്തിലെ കത്തോലിക്കർ ഭാഗികമായിട്ടെങ്കിലും അർഹിക്കുന്ന ഒരു ശാപം.

ഒരു കാലത്തു് ഈ കത്തോലിക്കർ വടക്കനെ കയറഴിച്ചുവിട്ടു. എന്തെ അങ്ങിനെ വിടാൻ?

സാമൂഹ്യനീതിക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ വ്യഗ്രതയെച്ചൊല്ലിയാണു് ഇവിടത്തെ ജന്മിമുതലാളികൾ വടക്കനെ പൂമാലകളും പണക്കിഴികളും കൊണ്ടഭിഷേകംചെയ്തതു് ഒരു കാലത്തു്, എന്നു ഞാൻ വിശ്വസിക്കുന്നില്ല. കമ്യൂണിസത്തിന്റെ തറക്കല്ലായ നിരീശ്വരത്വത്തെ എതിർക്കാനുള്ള ആവേശംകൊണ്ടാണെന്നും ഞാൻ കരുതുന്നില്ല. അവരുടെ പ്രേരണ മറ്റൊന്നായിരുന്നു. കമ്യൂണിസത്തിന്റെ ഇരമ്പിക്കയറ്റത്തിൽ സ്ഥാപിതതാല്പര്യക്കാരും വടക്കനച്ചന്റെ കൂഴലൂത്തുകാരുമായിരുന്ന കത്തോലിക്കർ പരിഭ്രാന്തരായതു് ദൈവം ഒലിച്ചുപോയെങ്കിലോ എന്നു ഭയന്നിട്ടല്ല, പ്രത്യുത തങ്ങളുടെ സ്വത്തു് ഒലിച്ചുപോയെങ്കിലോ എന്നു ഭയന്നിട്ടാണു്. ഈ ഭയമാണു് പട്ടം വളയും കൊടുത്തു് വടക്കനച്ചനെ സ്വർഗ്ഗാസിൽനിന്നകറ്റിക്കൊണ്ടുപോയി പൂരപ്പറമ്പു്

പ്രസംഗകനാക്കാൻ ഈ സ്ഥാപിത താല്പര്യക്കാരെ തള്ളിവിട്ടതു്. ഈ ഭയത്തെ വടക്കൻ ശരിക്കു ചൂഷണംചെയ്തു — സാധിച്ചേടത്തോളം കാലം.

ഒരു വടക്കനച്ചൻ വിചാരിച്ചാൽ തടയാവുന്നതല്ല കമ്മ്യൂണിസമെന്നു്, കമ്മ്യൂണിസത്തിനുകാരണം ക്രിസ്തു വിസ്മരിക്കപ്പെട്ടതാണെന്നു്, ഗിരിപ്രഭാഷണം ചവറുകൊട്ടയിൽ എറിയപ്പെട്ടതാണെന്നു്, മനുഷ്യൻ മനുഷ്യനോടു് ചെന്നായയെപ്പോലെ പെരുമാറി വരുന്നതാണെന്നു് (Homo lupus homini), മനസ്സിലാക്കുന്നതിൽനിന്നു് കണ്ണിൽ ചോരയില്ലാത്ത അതുത്തിയും വിവരക്കേടും ഒന്നിച്ചുചേർന്നു് ഈ സ്ഥാപിത താല്പര്യക്കാരെ തടഞ്ഞുനിത്തിയിരിക്കയാണു് — ഇന്നും.

ഇന്നും കമ്മ്യൂണിസത്തെക്കുറിച്ചു് സ്ഥാപിത താല്പര്യക്കാക്കുള്ള എതിർപ്പു് ദൈവത്തെച്ചൊല്ലിയുള്ളതല്ല, സ്വത്തിനെച്ചൊല്ലിയുള്ളതാണു്, പ്രധാനമായും. അതുകൊണ്ടാണു് ഇടതു കമ്മ്യൂണിസ്റ്റുകാരേയും അവരുമായുള്ള സഹകരണത്തേയും വീറോടെ എതിർക്കുന്ന പ്രമാണികളെ — അവരിൽ പള്ളിപ്രമാണികളും ഉൾപ്പെടും — വലതു കമ്മ്യൂണിസ്റ്റുകാരുടെ പാശ്ചവത്തികളായി നാം കാണുന്നതു്. ആത്മീയതലത്തിൽ എടതും വലതും തമ്മിലെന്തു വ്യത്യാസം? രണ്ടും നിരീശ്വരത്വത്തിൽ ശ്രുദ്ധമൂലമല്ലെ? പക്ഷെ സാമ്പത്തിക രംഗത്തു് ഇടതിനെപ്പോലെ ധനികക്കൊരാപത്തല്ല വലതുകാർ. അക്കാരണംകൊണ്ടുതന്നെയാണു് വലതർ ഇന്നു് സ്ഥാപിത താല്പര്യക്കാർക്കു് ഏറെക്കുറെ സ്വീകാര്യരായിരിക്കുന്നതു്.

ഇന്നു് വടക്കനുള്ള ഒരു വലിയ പിൻബലവും ഇതുതന്നെയാണു്. അദ്ദേഹം ഈ. എം. എസ്സിന്റെ ചെണ്ടകൊട്ടുകാരനാണെന്നാക്രോശിച്ചു കലിതുള്ളുന്ന പലരും ഇപ്പുറത്തു് മേലാട്ടച്ചുത മേനോന്റെ വൈതാളികരും അതേ സമയത്തുതന്നെ കുത്തോലി

ക്കാ മതതലങ്ങളിൽപ്പോലും അംഗീകരിക്കപ്പെട്ട നേതാക്കളും വക്താക്കളുമാണ്. ധനികനാണെങ്കിൽ എന്തും ചെയ്യാമെന്ന നിലയാണ് ഇന്നും മതവലയങ്ങളിൽ കാണുന്നത്. ഒരുദാഹരണം. സാധാരണ കത്തോലിക്കൻ കുടുംബാസൂത്രണ പരിപാടികളുടെ ഏഴയൽപക്കംപോലും തീണ്ടിയാൽ പതിതനായി. എന്നാൽ ''അസാധാരണ'' കത്തോലിക്കർക്ക് ആ പരിപാടികളിൽ പങ്കെടുക്കാം, അവയ്ക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകി പൗര മുഖ്യന്മാരാകാം, മതമണ്ഡലത്തിലെ അംഗീകാരത്തിനു യാതൊരു കോട്ടവും എൽപ്പിക്കാതെ തന്നെ. കാര്യമുണ്ടെങ്കിൽ ഉടയതമ്പുരാനേയും വിലയ്ക്കെടുക്കാമെന്ന മട്ടിലാണവരുടെ ഭാവവും പെരുമാറ്റവും.

ഈ ആത്മീയ വൈരുദ്ധ്യത്തിനു് ഒരന്ത്യം കുറിക്കാത്ത കാലത്തോളം ''വടക്കനിസ''ത്തേയും അതുപോലുള്ള മറ്റു പലതിനേയും ഫലപ്രദമായി കത്തോലിക്കർക്ക് നേരിടാൻ പ്രയാസമുണ്ടെന്നു് ഉറച്ചു വിശ്വസിക്കുന്നവരിൽ ഒരാളാണ് ഞാൻ. രാഷ്ട്രീയമോ സാമ്പത്തികമോ ആയ അവസര സേവകത്വം എവിടെയെവിടെയെല്ലാം വിശ്വാസ മണ്ഡലങ്ങളിൽ വിട്ടുവീഴ്ച ചെയ്തിട്ടുണ്ടോ അവിടെയവിടെയെല്ലാം വിശ്വാസത്തിനു ചിതൽ കേട്ടുകണ്ടിട്ടുണ്ട്.

ഇതാണ് ചരിത്രം. ഈ ചരിത്രസത്യത്തെ മാനിയ്ക്കാൻ ഇനിയെങ്കിലും ഉത്തരവാദപ്പെട്ടവർ മുന്നോട്ടുവന്നെങ്കിൽ, എന്നു ഞാൻ ആശിച്ചുപോകുന്നു.

ഏതായാലും വടക്കനിച്ചുനെന്ന പ്രതിഭാസത്തെ തന്റേതായ വീക്ഷണകോണിലൂടെ ചിത്രീകരിക്കുന്ന റവ: ഫാദർ ചിറ്റിലപ്പിള്ളിയുടെ ഈ കൊച്ചുപുസ്തകം ആത്മീയവും ഭൗതികവുമായ

ജീവിതം എങ്ങനെ അന്യോന്യം ബന്ധപ്പെട്ട കിടക്കുന്നുവെന്നും അവയിലുാവശ്യമായിരിക്കുന്ന പരിവർത്തനങ്ങളുടെ രൂപവും ഗതിയും എങ്ങനെയിരിക്കണമെന്നുമുള്ള പ്രശ്നത്തിലേയ്ക്കു പൊതു ജനശ്രദ്ധയെ തിരിച്ചുവിടുമെന്നു് പ്രതീക്ഷിച്ചുകൊണ്ടു് ഞാനീ പുസ്തകം പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തൃശ്ശൂർ – 8
20–5–1972

ബി. സി. വർഗ്ഗീസ്

രണ്ടു വാക്കു്

"ഞാൻ കണ്ട ഫാദർ വടക്കനെ" നിങ്ങൾ കാണുന്നതിനു് മുമ്പു രണ്ടുവാക്കു്. ലോകപ്രസിദ്ധനായ കലാസാമ്രാട്ടാണു് മൈക്കൾ ആഞ്ചലോ. ക്രി. ഡി. 1475 മുതൽ 1564 വരെ അദ്ദേഹം ഇറ്റലിയിൽ ജീവിച്ചു. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച കലാസൃഷ്ടി – **master-piece** – യാണു "പിയെത". പരിശുദ്ധ കന്യകമറിയം കുരിശിൽനിന്നിറക്കിയ ക്രിസ്തുവിന്റെ മൃതദേഹം തന്റെ മടിയിൽ കിടത്തിയ ശോകനിർഭരമായ രംഗമാണു വെള്ളമാർബിളിൽ അമൂല്യ കലാശില്പമായി മൈക്കൾ ആഞ്ചലോ അനശ്വരമാക്കിത്തീർത്തതു്. 1499–ൽ ഈ പ്രതിമ റോമിലെ സെൻ് പീറ്റേഴ്സ് ബസ്സിലിയ്ക്കയിൽ സ്ഥാപിക്കപ്പെട്ടു. കഴിഞ്ഞ 21–ാനു– (21–5–1972) ഓസ്ട്രിയക്കാരനായ ഒരക്രമി സുന്ദരമോഹനമായ ആ പ്രതിമ ചുറികൊണ്ടടിച്ചുടച്ചു. വൃത്തിക്കേടാക്കി. തകർക്കപ്പെട്ട പ്രതിമ കേടുതീർക്കാൻ വർഷങ്ങൾതന്നെ വേണ്ടിവരുമെന്നു കലാവിദഗ്ധനായ വത്തിക്കാൻ മ്യൂസിയം ഡയറക്ടർ റെഡിഗ്ഡേ കാംപോസ് അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. ഫാദർ വടക്കൻ കേരളത്തിലെ രാഷ്ട്രീയ–സാമൂഹിക–സാംസ്കാരിക–ക്രിയാത്മകമണ്ഡലങ്ങളിൽ ജീവിച്ചിരുന്ന ഒരു കലാശില്പമായിരുന്നു. ഫാദർ വടക്കനെടക്കം നിരവധി "മൈക്കൾ ആഞ്ചലോമാർ"

അതു കൊത്തിയുണ്ടാക്കാൻ പണിപ്പെട്ടു. ആ കലാശില്പം ഫാദർ വടക്കൻതന്നെ ഇന്നു തകർത്തിരിയ്ക്കുയാണു്. ഫാദർ വടക്കൻ മനസ്സായാൽ അതു സുന്ദരമാക്കാൻ ഇനിയും സാധിയ്ക്കും, വർഷങ്ങൾ വേണ്ടിവന്നാലും.

തൃശ്ശൂർ തേക്കിൻകാടു മൈതാനത്തിലുള്ള 'വിദ്യാർത്ഥികോർണറിൽ' ഫാദർ വടക്കൻ വിവേകരഹിതനായി വി. കുഞ്ഞാന അപ്പിച്ചപ്പോൾ ഈയുള്ളവന്നു വല്ലാത്ത അസ്വസ്ഥത അനുഭവപ്പെട്ടു. അതിന്നു മുമ്പു അച്ഛനെ നേരിൽകണ്ടു അച്ഛൻ ചെയ്യാൻപോകുന്നതു തികച്ചും ധിക്കാരമാണെന്നു പറഞ്ഞെങ്കിലോ എന്നു വിചാരിച്ചു. പക്ഷെ, പ്രശസ്തരായ പലരും അദ്ദേഹത്തെ സമീപിച്ചിരുന്നു, ആ തിന്മയിൽനിന്നും അദ്ദേഹത്തെ തടയാൻ. അദ്ദേഹം വഴങ്ങിയില്ല. പിന്നെ എന്നെപ്പോലെയുള്ള നിസ്സാരന്മാർ പോയി പറഞ്ഞിട്ടെന്തു ഫലം! അങ്ങനെ അക്കാര്യം ഉപേക്ഷിച്ചു. പിന്നീടു "ഞാൻ അച്ഛനെ കണ്ടതു" അങ്ങനെതന്നെ ഒരു ലഘുലേഖനത്തിൽ ഒതുക്കിക്കൊള്ളിയ്ക്കാൻ എഴുതു തുടങ്ങി. എഴുതിത്തീർന്നപ്പോൾ വളരെ നീണ്ടതായി കാണപ്പെട്ടു. മൈക്കൽ ആഞ്ചലോയുടെ "പിയെത" കമനീയമാണെന്നും തകർക്കപ്പെട്ടപ്പോൾ വികൃതമായെന്നും പറയാൻ മൈക്കൽ ആഞ്ചലോയുടെ കലാവൈഭവമൊന്നും വേണ്ടല്ലൊ. അതുകൊണ്ടു ആ നീണ്ട ലേഖനം ഒരു കൊച്ചു പുസ്തകമാക്കാൻ സാഹസം കാണിച്ചു. അവിവേകമായിപ്പോയെന്നു് വിധിയ്ക്കുമോ?

പേടിയുണ്ട്. ഒരുപക്ഷെ, അച്ഛന്റെ മിത്രങ്ങളും ശത്രുക്കളും ഒരുപോലെ ഗ്രന്ഥകാരനെ പഴിച്ചേക്കാം: "അച്ഛന്റെ വീഴ്ചകളെ വലിച്ചിഴച്ചെഴുന്നെള്ളിച്ചതെന്തിനു്? മേന്മകളെ പുകഴ്ത്തിപ്പാടിയതെന്തിനു്?" അങ്ങനെ പോലീസ് സ്റ്റേഷൻ അറിയിയ്ക്കപ്പെടുന്ന പ്രതിയുടെ ഗതികേടാണു അനുഭവപ്പെടുക. സ്റ്റേഷനിലേയ്ക്കു വലത്തെ കാലുവെച്ചാൽ, "ങ്ഹാ! കല്യാണകതിർമണ്ഡപത്തിലേയ്ക്കു കടക്കുന്നപോലെയാണല്ലോടാ" എന്നുപറഞ്ഞു കരണത്തടി കിട്ടും; ഇടത്തെ കാലുവെച്ചാൽ, "ങ്ഹാ! ഇടത്തെ കാലുവെച്ചു കസ്ബായെ അപമാനിയ്ക്കാണോടാ," എന്നു ചോദിച്ചു കരണത്തടികിട്ടും. എന്തുമാകട്ടെ. ഫാദർ വടക്കനൊരു ആത്മപരിശോധനയ്ക്കു അവസരം കിട്ടാൻ; അതിനു നല്ല മനുഷ്യർ അദ്ദേഹത്തെ പ്രേരിപ്പിയ്ക്കാൻ ഇപ്പുസ്തകം അല്പമെങ്കിലും ഉപകരിച്ചാൽ ഈ വിനീതോദ്യമം പാഴായില്ല.

ഈ കൊച്ചുപുസ്തകത്തിനു അവതാരിക എഴുതിത്തരാൻ നല്ലമനസ്സു കാണിച്ച, കേരള രാഷ്ട്രീയ-സാമൂഹിക-വിജ്ഞാനക്കളരിയിൽ പയറ്റിത്തെളിഞ്ഞ പ്രസിദ്ധനായ പ്രൊഫസർ ബി. സി. വഗ്ഗീസിനും, ഇപ്പുസ്തകത്തെപ്പറ്റി ഒരഭിപ്രായം പ്രകടിപ്പിച്ച പ്രൊഫസർ കെ. പി. ഉമ്മീസിനും, ആകർഷണീയമായ കവർ ഡിസയിൻചെയ്ത എഞ്ചിനീയറിങ് പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥി ശ്രീ കെ. സി. ജോണിനും,

ഭംഗിയായി ഇതിന്റെ മുദ്രണം നടത്തിത്തന്ന തൃശ്ശൂർ വിശ്വനാഥ് പ്രസ്സുകാർക്കും, മറ്റു പലവിധത്തിലും ഇപ്പുസ്തകത്തെ ഇങ്ങനെയാക്കാൻ സഹായിച്ച എല്ലാ സുഹൃത്തുക്കൾക്കും സവിനയം നന്ദി പറയുന്നു. ഇനി "ഞാൻ കണ്ട ഫാദർ വടക്കനെ" നിങ്ങൾക്കു കാണാം.

വിജയപുരം,
തൃശ്ശൂർ-9,
22-5-1972.

ഗ്രന്ഥകർത്താ.

ഞാൻ കണ്ട ഫാദർ വടക്കൻ

പ്രകാശവും അന്ധകാരവും

കേരളത്തിന്റെ കഴിഞ്ഞ 20 കൊല്ലത്തെ ചരിത്രത്തിൽ അവിസ്മരണീയനായ ഒരു വ്യക്തിയാണ് ഫാദർ വടക്കൻ. കേരളരാഷ്ട്രീയത്തിൽ മായാത്ത മുദ്ര അദ്ദേഹം പതിച്ചു. പ്രസംഗകൻ, സാമൂഹ്യപ്രവർത്തകൻ, അദ്ധ്യാനപ്രിയൻ, ചിന്തകൻ, എഴുത്തുകാരൻ, പത്രപ്രവർത്തകൻ, രാഷ്ട്രീയമീമാംസകൻ, ദീനദയാലു, വിപ്ലവകാരി, കരുത്തനായ നേതാവ്, കത്തോലിക്കാപുരോഹിതൻ എന്നിങ്ങനെ എണ്ണിയാൽ തീരാത്ത വ്യക്തിവിശേഷങ്ങൾ 53 കാരനായ ഫാദർ വടക്കനുണ്ട്. ഒരു കൊടുങ്കാറ്റുപോലെ അദ്ദേഹം കേരളത്തിലെ സാമൂഹിക-രാഷ്ട്രീയരംഗത്തു് ഇരച്ചുപൊന്തി. മേഘഗർജ്ജനം ചെയ്തു. മിന്നലുണ്ടായി; പേമാരി പെയ്തു. പാറപോലെ ഉറച്ചുനിന്ന സ്ഥാപിത താല്പര്യക്കാരുടെ ആകാശക്കോട്ടകൾ അദ്ദേഹം പിടിച്ചു കുലുക്കി. മാർക്സിസ്റ്റ് കമ്മ്യൂണിസത്തെ കടപുഴക്കാൻ മണ്ണുമാന്തി, കമ്മ്യൂണിസ്റ്റ് പരിഷ്കരണങ്ങളുടെ വിപ്ലവക്കുത്തക അദ്ദേഹം

പിടിച്ചെടുത്തു. ക്രിസ്തുവിന്റെ വിപ്ലവപ്പതാക മല നാടിന്റെ മണ്ണിൽ ഉയർത്തിക്കെട്ടാൻ അവിശ്രമം പരി ശ്രമിച്ചു. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനുവേണ്ടി പ്രസംഗിച്ചു; തൂലിക ചലിപ്പിച്ചു. അവശരുടേയും അഗതികളുടേയും ദീനരോദനം അദ്ദേഹത്തിന്റെ ഹൃദ യത്തെ തുടിപ്പിച്ചു. പാരമ്പര്യവും പശ്ചാത്തലവും ചരിത്രത്തിന്റെ ചുവരെഴുത്തുകളും അവയുടെ അവശ്യ പ്രതികരണങ്ങളും കണക്കിലെടുക്കാതെ സ്ഥാനത്തും അസ്ഥാനത്തും അദ്ദേഹം കുതിച്ചുചാടി. കണ്ടതൊക്കെ വിളിച്ചുപറഞ്ഞു. കേട്ടതൊക്കെ വിശ്വസിച്ചു. നീതി നടത്താൻ അനീതിയെ കൂട്ടുപിടിച്ചു. അധികാരികളെ അനുസരിച്ചില്ല; അവജ്ഞയോടെ ധിക്കരിച്ചു. വികാ രത്തിന്റെ വേലിയേറ്റത്തിൽ പാവങ്ങൾക്കുവേണ്ടി പണക്കാരനെ അടച്ചാക്ഷേപിച്ചു. പറയരുതാത്തതു പറഞ്ഞു. ചെയ്യരുതാത്തതു ചെയ്തു. പണക്കാരനു പക യായി; പണിക്കാരനു് ഇടച്ചുയായി; ഏതൊന്നിനു വേണ്ടി അദ്ദേഹം പ്രതിഷ്ഠിതനായൊ അതിനെ—പു രോഹിത്യത്തെ—അദ്ദേഹം അവഹേളിച്ചു. ഏതൊന്നി നെ മൂലച്ഛേദം വരുത്താൻ അരമുറുക്കി മുഷ്ടിചുരുട്ടി അനുനിമിഷം അടരാടിയോ അതിനെ—മാർക്സിസത്തെ—വളർത്താൻ കൈ കൊടുത്തു കരുത്തുപകർന്നു. "തന്ന ത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നത്താൻ താഴ്ത്തു ന്നവൻ ഉയർത്തപ്പെടും". ഇന്നദ്ദേഹം രാഷ്ട്രീയരംഗത്തു് ആവനാഴിയിലെ അസ്ത്രം തീർന്നൊരു പോരാളിയാണു്; സാമൂഹികരംഗത്തൊരു വിരോധാഭാസമാണു്; കേരള

കത്തോലിക്കാസഭയിലൊരു ചോദ്യചിഹ്നമാണ്; വൈദികലോകത്തിനൊരു വേദനയാണ്; സഭാധികാരികൾക്കൊരു പ്രശ്നമാണ്. "ചീത്തയായ ഒരാളുമില്ല; നന്മ ചെയ്യുവാനുള്ള കഴിവ് എല്ലാവർക്കുമുണ്ട്" (ബക്കൻ).

തൊയക്കാവിൽ ഒരദ്ധ്യാപകനും തൊഴിലാളി പ്രവർത്തകനുമായി കഴിഞ്ഞുകൂടിയിരുന്ന വടക്കൻ ഔസേപ്പുണ്ണി മാസ്റ്റർ 1946-ൽ തൃശ്ശൂരിലെ തോപ്പ് മൈനർ സെമിനാരിയിൽ വൈദികപഠനത്തിന്നായി ചേർന്നു. അന്നു 26 വയസ്സ് പ്രായമുണ്ട്. ഉയരത്തിലും, പ്രായത്തിലും, പ്രാപ്തിയിലും, വാഗ്മിതപത്തിലും അദ്ദേഹം സഹവിദ്യാർത്ഥികളെ അതിശയിച്ചിരുന്നു. ഫാദർ സഖറിയാസ് വാഴപ്പിള്ളി—ഇന്നത്തെ തൃശ്ശൂർ വികാരി ജനറാൾ—Rt. Rev. Msgr. Zacharias Vazhapilly—ആയിരുന്നു അന്നത്തെ മൈനർ സെമിനാരി റെക്ടർ. അന്നത്തെ തൃശ്ശൂർ മെത്രാൻ ഡോക്ടർ ജോർജ്ജ് ആലപ്പാട്ട തിരുമേനിയുടെ അനുമതിയോടും അനുഗ്രഹത്തോടും കൂടെ റവ: ഫാദർ ജോസഫ് കണ്ടുകുളം (ഇന്നത്തെ തൃശ്ശൂർ മെത്രാൻ) തുടങ്ങി പത്തു ബ: വൈദികരോടൊന്നിച്ച് 1946-ൽ ഫാദർ സഖറിയാസ് വാഴപ്പിള്ളി ആരംഭിച്ച മലബാർ മിഷ്യനറി യൂണിയന്റെ വൈദികവിദ്യാർത്ഥി വിഭാഗത്തിൽ ബ്രദർ ജോസഫ് വടക്കനും അംഗമായിരുന്നു. വൈദികവിദ്യാർത്ഥി ജീവിതത്തിന്നിടക്ക് ഒരു വർഷത്തെ റീജൻസി കോഴ്

സ് മലബാർ മിഷ്യനറി യൂണിയൻ നടപ്പാക്കി. ബ്രദർ ആൻറണി അക്കരക്കാരൻ, ബ്രദർ ജോസ് വടക്കേത്തല, ബ്രദർ ജോസഫ് വടക്കൻ എന്നിവരായിരുന്നു ആദ്യബാച്ചിൽ. വിപ്ലവകരമായൊരു പദ്ധതിയായി അതറിയപ്പെട്ടു.

മലബാർ മിഷനറി യൂണിയൻ സുപ്പീരിയറുകൂടിയായിരുന്ന ഫാദർ സഖറിയാസ് വാഴപ്പിള്ളിതന്നെയാണ് റീജൻസിക്കാക്കു പരിശീലനം നല്കിയതു്. പ്രാർത്ഥനയുടേയും, പ്രയത്നത്തിൻറേയും സഹോദരസ്നേഹത്തിൻറേയും സേവനത്തിൻറേയും ക്രൈസ്തവാരൂപി, ആ വൈദികാർത്ഥികളിൽ ശ്രുഢമൂലമാക്കാൻ അദ്ദേഹം രാപ്പകൽ അദ്ധ്വാനിച്ചു. അങ്ങനെ കേരളത്തിനും ഭാരതത്തിനും ക്രൈസ്തവസേവനം നല്കാൻ_ഭാരതത്തെ ക്രൈസ്തവീകരിക്കാൻ__ഫാദർ സഖറിയാസ് തൻറെ ശിഷ്യരോടൊന്നിച്ചു പ്രാർത്ഥിച്ചു. നന്മ ചെയ്യാൻ അദ്ദേഹം അവരെ പഠിപ്പിച്ചു. അവരോടൊപ്പം ഉറക്കെ ചിന്തിച്ചു. എല്ലാറ്റിലും അവരുടെ താങ്ങും തണലും ദൈവപരിപാലനയിൽ ഫാദർ സഖറിയാസ് ആയിരുന്നു. ഫാദർ വടക്കനെ ഫാദർ വടക്കനാക്കിയതു് ഫാദർ സഖറിയാസ് ആണ്. അന്ന് ബ്രദർ വടക്കനെപ്രതി, ഫാദർ സഖറിയാസ് നീചമായും നിശിതമായും വിമർശിക്കപ്പെട്ടു. ഇന്നും ഫാദർ വടക്കനെപ്രതി, ഫാദർ സഖറിയാസ് അപവാദശരങ്ങൾ ഏല്ക്കുന്നു; ക്രൂശിക്കപ്പെടുന്നു. ഫാദർ വടക്കൻ തന്നേയും ഇന്നദ്ദേഹത്തെ കൊല്ലാതെ കൊല്ലുകയാണ്.

കൃഷിക്കാരുടേയും തൊഴിലാളികളുടേയും നിർധനരുടേയും സാധാരണക്കാരുടേയും കാര്യം പറയാൻ തങ്ങൾക്കു മാത്രമേ അവകാശവും പാരമ്പര്യവുമുള്ള എന്ന ഔദ്ധത്യം കമ്മ്യൂണിസ്റ്റുകാർക്കുണ്ടായിരുന്ന കാലത്താണു് 1951-ൽ ഫാദർ സഖറിയാസു് വാഴപ്പിള്ളിയുടെ നായകത്വത്തിൽ ആളൂർ കശുവണ്ടി തൊഴിലാളികളുടെ മദ്ധ്യത്തിലേയ്ക്കു ബ്രദർ വടക്കനും കൂട്ടുകാരും സാമൂഹ്യസേവനത്തിനിറങ്ങിച്ചെന്നതു്; തൊഴിലാളി പ്രവർത്തനം ആരംഭിച്ചതു്. തീർച്ചയും അതൊരു വിജയമായിരുന്നു. ആളുകൾ അണിനിരന്നു; വടക്കൻ പുകഴ്ത്തപ്പെട്ടു. വടക്കനേറയും സഹപ്രവർത്തകരുടേയും സാമൂഹികസേവനം ജാതിമതഭേദംകൂടാതെ വിസ്തൃതമായി. കമ്മ്യൂണിസ്റ്റുകാർ പകച്ചുനിന്നു. സഹൃദയർ ആഹ്ലാദിച്ചു. പ്രവർത്തകർ വർദ്ധിച്ചു. കമ്മ്യൂണിസ്റ്റു് വിരുദ്ധമുന്നണി (Anti-Communist Front) രൂപംകൊണ്ടു. "തൊഴിലാളി" ആഴ്ചപ്പതിപ്പിറങ്ങി. വെട്ടിക്കാടനും രാമൻകുട്ടിയും കുട്ടിരാമനുമൊക്കെ കൂട്ടിനെത്തി. കമ്മ്യൂണിസ്റ്റു് വിരുദ്ധമുന്നണിയുടെ പ്രഥമ കൺവെൻഷൻ ചെങ്കൊടിയുടെ ഉരുക്കുകോട്ടയിൽ—കരുത്തനായ ടി. വി. തോമാസ്സിന്റേയും കട്ടത്ത കമ്മ്യൂണിസ്റ്റായ കെ. ആർ. ഗൗരിയുടേയും പ്രവർത്തനമേഖലയിൽ സാക്ഷാൽ മാർക്സിസ്റ്റു് കൂടാരത്തിൽ, ആലപ്പുഴയിൽ, അതിഗംഭീരമായി നടത്തപ്പെട്ടു. അതു ജനലക്ഷങ്ങളെ കിടിലം കൊള്ളിച്ചു. A. C. F. അധ്യക്ഷനും അജയ്യനുമായൊരു സംഘടനയായി തടിച്ചുകൊഴുത്തു. കേരള യുവജനത

യ്ക്കൊരു പ്രവർത്തനമണ്ഡലമായി. യുവസഹസ്രങ്ങൾ അതിൽ അണിനിരന്നു. യുവരക്തം തിളച്ചു. A.C.F. കേരളത്തിൽ അത്ഭുതങ്ങൾ വിരചിയ്ക്കുമെന്നു ആളുകൾ പറയാൻ തുടങ്ങി. അങ്ങനെ കമ്മ്യൂണിസ്റ്റല്ലാത്തവരും എവിടേയും കടന്നുചെല്ലാമെന്നും പ്രവർത്തിക്കാമെന്നും പ്രസംഗിക്കാമെന്നും ഫാദർ വടക്കൻ വരുത്തിവെച്ചു.

രാഷ്ട്രീയം

1951-ലെ തിരുക്കൊച്ചി തെരഞ്ഞെടുപ്പിലും 1954-ലെ തെരഞ്ഞെടുപ്പിലും ഫാദർ വടക്കൻ സജീവമായി പ്രവർത്തിച്ചു. 1951-ൽ കേരളത്തിൽ മത്സരിച്ച കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റുകളെ മാറിനിറുത്തി മറ്റു ജനാധിപത്യകക്ഷികളോട് സമനിലയിലുള്ള വീക്ഷണമാണ് അദ്ദേഹത്തിനുണ്ടായതു്. 1954-ലെ തെരഞ്ഞെടുപ്പിൽ പി. എസ്. പി. കമ്മ്യൂണിസ്റ്റുമായി കൂട്ടുകെട്ടുണ്ടാക്കി. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് ബാന്ധവമില്ലാതെ മത്സരിച്ച ഏക രാഷ്ട്രീയപാർട്ടി നാഷനൽ കോൺഗ്രസ്സായിരുന്നു. ആ ഒറ്റ കാരണത്താൽ ഫാദർ വടക്കൻ കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചു. അക്കാലത്തു കോൺഗ്രസ്സുകാരെയെ വടക്കന്റെ കാള എന്നു വിളിച്ചിരുന്നു. കമ്മ്യൂണിസ്റ്റുകാരുടെ മുദ്രാവാക്യംതന്നെ, "വടക്കന്റെ കാളക്കു വോട്ടില്ല" എന്നായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഏ. ജെ. ജോണും, കെ. പി. സി. സി. പ്രസിഡണ്ടായിരുന്ന കെ. പി. മാധവൻനായരും മറ്റു് കോൺഗ്രസ്സ് നേതാക്ക

നാരും വടക്കന്റെ സഹായം അഭ്യർത്ഥിച്ചു. അവരുടെ ഫോണും സമീപനങ്ങളും കാരണം രാപ്പകൽ ഉറങ്ങാതെ അനുദിനം പത്തും പതിനഞ്ചും പ്രസംഗങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. അക്കാലത്തെ കോൺഗ്രസ്സ് നേതാക്കളായ ധേബാർജിയും, ലാൽ ബഹാദൂർ ശാസ്ത്രിയും, പാന്തും, പട്ടീലുമൊക്കെ അദ്ദേഹത്തിന്റെ സേവനത്തെ മുക്തകണ്ഠം പുകഴ്ത്തി. പ്രസംഗത്തെ പ്രശംസിച്ചു. 7000-ത്തോളം പ്രസംഗവേദികളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. 1000-ക്കണക്കിന് പഠനക്ലെരികൾ നടത്തിയിട്ടുണ്ട്. ലഘുലേഖകളും, ലേഖനങ്ങളും, പുസ്തകങ്ങളും ശതക്കണക്കിന് അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗകലക്ക് അദ്ദേഹത്തിനേറെതായ ശൈലിയും വ്യക്തിത്വവും, മിഴിവും, സംഹൃതയും സ്പഷ്ടമാണ്. പശ്ചാത്തലവർണ്ണനയും താളക്കൊഴപ്പും സാഹിത്യഭംഗിയും യുക്തിയുക്തമായ നിശിതവിമർശനവും പ്രതിയോഗികളെ പ്രഹരമേല്പിക്കും, അടിച്ചിരുത്തും, ശ്രോതാക്കളെ ചിന്തിപ്പിക്കും, പുളകമണിയിക്കും, ആവേശഭരിതരാക്കും, കർമ്മക്രിയരാക്കും. ഒരുദാഹരണം: "കോൺഗ്രസ്സ് ഭടന്മാരെ എന്റെ നേക്ക് ആക്രമണത്തിന് അഴിച്ചുവിട്ടമെന്നാപരസ്യമായി ആഹ്വാനം ചെയ്ത കെ. പി. സി. സി. സെക്രട്ടറി സ്റ്റീഫനോട് മറുപടി പറയാൻ ഈ മലയാളക്കര തയ്യാറെടുക്കുമെന്നാ ഞാൻ അദ്ദേഹത്തെ ഉറച്ച ശൈലിയിൽ ഓർമ്മപ്പെടുത്തുന്നു. മന്നമല്ല, സ്റ്റീഫനല്ല, മാതൃഭൂമിയല്ല, മനോരമയല്ല ഏതു ഗജകേസരി പുറപ്പെ

ട്ടാലും പാവങ്ങളുടെ ശക്തി അതുല്യമാണെന്നും കഷ്ടകലക്ഷങ്ങളുടെ കരുത്തു് അപ്രതിരോധ്യവും അധൃഷ്യവുമാണെന്നും അവയ്ക്കെതിരായി വരുന്ന കറുത്ത കരങ്ങളെ വെട്ടിവീഴ്ത്താനുള്ള സംസ്കാരവും പ്രബുദ്ധതയും ചങ്കൂറ്റവും തന്റേടവും ഇവിടത്തെ പാവങ്ങൾക്കു കരഗതമായിട്ടുണ്ടെന്നു നിക്ഷിപ്ത താല്പര്യക്കാരെ ഞാൻ താക്കീതു ചെയ്യുന്നു"—(തൊഴിലാളി, 7_3_1962). 1957_ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്, പി. എസ്. പി., മുസ്ലീംലീഗ്, കമ്മ്യൂണിസ്റ്റ് എന്നിവ ഒറ്റക്കൊറ്റയ്ക്കു നിന്നു മത്സരിക്കുവാൻ തീരുമാനിച്ചു. രാഷ്ട്രീയത്തിൽ ദീഘ്ദവീക്ഷണവും പ്രായോഗികബുദ്ധിയുമുണ്ടായിരുന്ന ഫാദർ വടക്കൻ സുപ്രസിദ്ധമായ മട്ടാഞ്ചേരി തീസിസ് പ്രജാധിപത്യകക്ഷികളുടെ മുമ്പിൽ അവതരിപ്പിച്ചു. കോൺഗ്രസ്സും, പി. എസ്. പിയും, മുസ്ലീംലീഗും ഒരു ധാരണയുടെ അടിസ്ഥാനത്തിൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു ജനാധിപത്യ സ്ഥാനാർത്ഥി എന്നതായിരുന്നു ആ തീസിസ്. കേരളത്തിന്റെ ദുർഭാഗ്യം! അതു പുച്ഛിച്ചു തള്ളപ്പെട്ടു. പക്ഷേ 1960_ൽ ഈ ചിന്തതന്നെ ഉണ്ടായിവന്നു. മട്ടാഞ്ചേരി തീസിസ് പ്രയോഗത്തിൽ വരുത്തേണ്ടിവന്നു. കോൺഗ്രസ്സും, പി. എസ്. പി.യും, മുസ്ലീംലീഗും ഐക്യമുന്നണിയുണ്ടാക്കി. പിന്നീടതു് എന്നും തുടർന്നുപോന്നു. ഇന്നിപ്പോൾ ഏതു കക്ഷിയും തരവും തഞ്ചവും നോക്കി തത്പരീക്ഷയില്ലാത്ത കൂട്ടുകെട്ടിലേപ്പെടുന്ന വിലക്ഷണമായ അവസര

രാഷ്ട്രീയമാണ് കാണപ്പെടുന്നത്. ഫാദർ വടക്കനും അതിനൊരു അപവാദമല്ല.

വിമോചനസമരം

1000-കണക്കിനു് വിദ്യാലയങ്ങളെ പിടിച്ചടക്കി 20 ലക്ഷത്തോളം മലനാടിന്റെ മനുഷ്യക്കുഞ്ഞുങ്ങളെ മാർക്സിസ്റ്റ് ഉരുക്കുമൂശയിൽ വാർത്തെടുക്കാനുള്ള മുണ്ടശ്ശേരി മാസ്റ്ററുടെ (1959-ലെ ഇ. എം. എസിന്റെ വിദ്യാഭ്യാസമന്ത്രി, ഇന്നത്തെ അച്യുതമേനോന്റെ കൊച്ചി സർവ്വകലാശാലാ വൈസ് ചാൻസലർ) വിദ്യാഭ്യാസ ബില്ലിനെതിരായി വിമോചനസമരം സംഘടിപ്പിക്കാൻ തിരുവനന്തപുരത്തു കെ. പി. സി. സി. ഓഫീസിൽ ഫാദർ വടക്കൻ ഒരു ചർച്ചാസമ്മേളനം വിളിച്ചുകൂട്ടി. കോൺഗ്രസ്സുകാരും, പി. എസ്. പി. ക്കാരും, ലീഗുകാരും ഒക്കെ അതിലുണ്ടായിരുന്നു. കെ. പി. സി. സി. പ്രസിഡണ്ടായിരുന്ന ദാമോദരമേനോനും കേരളത്തിന്റെ പ്രൗഢസന്താനവും മുൻ മുഖ്യമന്ത്രിയും പിന്നീടു് കേന്ദ്രമന്ത്രിയുമായി അന്തരിച്ച പനമ്പിള്ളി ഗോവിന്ദമേനോനും ലീഗുകാരനായ പോക്കർ സാഹിബും മറ്റും അതിലുണ്ടായിരുന്നു. വിമോചനസമരത്തിന്റെ മഹത്തായ വിജയത്തിൽ മന്നത്തിനോടൊപ്പം ഫാദർ വടക്കനും പ്രശംസിക്കപ്പെട്ടേ തീരൂ.

ദീനദയാലു

കമിളിയ്ക്കുടുത്തു് അമരാവതിയിൽ പട്ടക്കുറവൻ മലകളുടെയും ഘോരവനങ്ങളുടെയും ഒത്തനടുക്കു് കുടിയിറക്കപ്പെട്ട 1700-ലധികം കുടുംബങ്ങളും, 10000 ത്തിലേറെ ഹതഭാഗ്യരായ മനുഷ്യജീവികളും, തുമ്പിക്കരംപോലെയുള്ള പെരുംമഴയത്തും വിഷലിപ്തമായ ശീതക്കാറ്റിലും നിഷ്ക്കരുണം ചവറുപോലെ പുറംതള്ളപ്പെട്ടപ്പോൾ ആ മനുഷ്യസ്നേഹി അവരുടെ സഹായത്തിനു് പറന്നെത്തി. അവക്കുടുക്കാൻ വസ്ത്രം, പുതയ്ക്കാൻ കമ്പിളി, വിശപ്പടക്കാൻ ഭക്ഷണം, കുടിലുകെട്ടാൻ സാമഗ്രികളും എന്നിവ അദ്ദേഹം അവക്കു കൊടുത്തു. 2000-ത്തോളം പുതിയ ബ്ലാങ്കറും രോഗം മാറാൻ ഔഷധവും ആ പാവപ്പെട്ടവക്കു കിട്ടി. കുരിയച്ചിറയിലെ പോപ്പ് ജോൺനഗറും ഭവനനിർമ്മാണപരിപാടിയും സോഷ്യൽ വെൽഫയർ സെൻററും, ഡിസ്പെൻസറിയും സമൂഹവിവാഹപ്രസ്ഥാനവും കോടി ഇൻറർനാഷനൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിച്ച തീസിസുമൊക്കെ ഫാദർ വടക്കൻറെ ദീനദയാലുതത്ത്വത്തിൻറെയും സാമൂഹിക സേവനത്തിൻറെയും സജീവപ്രതീകങ്ങളാണു്. സഗ്രാത്മകാശയങ്ങൾക്കു് ഭാവവും രൂപവും നല്കി നവീന പദ്ധതികളാവിഷ്കരിക്കാനുള്ള അദ്ദേഹത്തിനുള്ളിലെ മസ്തിഷ്കത്തിൻറെ കഴിവു സമ്മതിച്ചുകൊടുക്കുകതന്നെ വേണം. പാവപ്പെട്ടവർ പീഡിപ്പിക്കപ്പെടുമ്പോഴും അവകാശങ്ങൾ പിടിച്ചുപറ്റാൻ

കാലമായെന്നു ബോദ്ധ്യപ്പെട്ടപ്പോഴും അദ്ദേഹത്തിന്റെ ധീരത സട കുടഞ്ഞെഴുന്നേല്ക്കും. സാഹസം കാണിക്കും. അവിവേകം പ്രവർത്തിക്കും. പട്ടത്തിനു കരിംകൊടി കാട്ടിയപ്പോഴും കൊട്ടിയൂർ ഭൂമി മന്നത്തിനു മേൽച്ചാർത്തു കൊടുത്തപ്പോഴും അതാണു് സംഭവിച്ചതു്.

വടക്കൻ വടക്കനായതു്

ഇന്നത്തെ യുവനേതാക്കന്മാരിൽ ചിലരാണു് വയലാർ രവി, കടന്നപ്പള്ളി രാമചന്ദ്രൻ, ഉമ്മൻ ചാണ്ടി, സുധീരൻ തുടങ്ങിയവർ. 30-ലേറെ പ്രായമായിട്ടില്ല അവക്കൊന്നും. അവരിനു പലവിധത്തിൽ പ്രശസ്തരാണു്. അവക്കിനുള്ള പ്രായത്തിൽ ഫാദർ വടക്കൻ കേവലം അജ്ഞാതനായിരുന്നു. തൊയക്കാവിലും പരിസരങ്ങളിലും മാത്രം അല്പം അറിയപ്പെട്ടിരുന്ന ഒരു ഛോട്ടാ സാമൂഹ്യകപ്രവർത്തകനും ഒരു ഗ്രാമീണ അദ്ധ്യാപക സംഘാടകനുമെന്നതിൽ കവിഞ്ഞു് അദ്ദേഹം ഒന്നും ആയിരുന്നില്ല. കേരള രാഷ്ട്രീയത്തിൽ അന്നദ്ദേഹത്തിന്റെ പേരു് ആരും കേട്ടിട്ടില്ല. അന്തരിച്ച പനമ്പിള്ളി ഗോവിന്ദമേനോൻ ഇപ്രായത്തിൽ കൊച്ചിയിലെ പ്രസിദ്ധനായ പ്രധാന മന്ത്രിയായി. അടുത്ത കാലത്തു വധിയ്ക്കപ്പെട്ട വിശ്വവിശ്രുതനായ ജോൺ കെന്നടി അമേരിക്കൻ പ്രസിഡണ്ടായപ്പോഥം അദ്ദേഹത്തിനു് 39 വയസ്സു മാത്രമായിരുന്നു പ്രായം. കാലത്തിന്റെ തികവിൽ - ദൈവത്തിന്റെ പരിപാലനയിൽ

വടക്കൻ വൈദിക വിദ്യാർത്ഥിയായി. വൈദികവസ്ത്രം ധരിച്ചു. പൗരോഹിത്യം പടിപടിയായി സ്വീകരിച്ചു. മലബാർ മിഷനറി യൂണിയൻ അംഗമായി. ഫാദർ സഖറിയാസിന്റെ ശിക്ഷണവും നേതൃത്വവും കിട്ടി. തന്റെ പുരോഹിതന്മാർ നന്മ ചെയ്യുന്നതിൽ എന്നും സന്തോഷിച്ചിരുന്ന ബിഷപ്പു് ആലപ്പാട്ടു തിരുമേനിയുടെ അനുഗ്രഹാശിസുകളുണ്ടായി. കത്തോലിക്കാ പൗരോഹിത്യത്തോടും വൈദികവസ്ത്രത്തോടുമുള്ള മതിപ്പു സാമൂഹിക രാഷ്ട്രീയരംഗത്തിറങ്ങിയ ഫാദർ വടക്കനു ലഭിച്ചു. ക്രൈസ്തവ നീതിയും ഉപവിയും വീക്ഷണവുമുണ്ടായിരുന്ന തൃശ്ശൂരിലേയും കേരളത്തിലേയും 90 ശതമാനം മെത്രാന്മാരും വൈദികരും നല്ല മനുഷ്യരും അദ്ദേഹത്തോടു് അനുഭാവമുള്ളവരായിരുന്നു. സ്വന്തവ്യക്തിത്വവും പ്രാപ്തിയും മാത്രമല്ല ഫാദർ വടക്കനെ വടക്കനാക്കിയതു്. കത്തോലിക്കാ തിരുസഭയ്ക്കുള്ളിൽ വൈദികവസ്ത്രത്തിന്റെ തണലിൽ നിന്നുകൊണ്ടുള്ള മുന്നേറ്റമാണു് അദ്ദേഹത്തെ പ്രശസ്തനാക്കിയതു്. സ്വന്തവ്യക്തിത്വവും പ്രാപ്തിയുമായിരുന്നു തന്റെ ഉയർച്ചയ്ക്കു നിദാനമെങ്കിൽ ഫാദർ വടക്കൻ വൈദിക വിദ്യാർത്ഥിയാകുന്നതിനു മുമ്പുതന്നെ കേരളത്തിന്റെ ഉന്നതശീർഷനായ നേതാവാകുമായിരുന്നു. കേരള സാമൂഹിക മണ്ഡലത്തിൽ പ്രകാശിയ്ക്കുമായിരുന്നു. അതു ഉണ്ടായില്ലെന്നതാണു് സത്യം. വൈദികവിദ്യാർത്ഥിയായിരുന്ന ഫാദർ വടക്കൻ പൊതുരംഗത്തിറങ്ങിയപ്പോൾ നല്ല കായ്കളിൽ എല്ലാവരും അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു.

സഹചയ്ങ്ങൾ ഒന്നു ചേർന്നു. കൈവെച്ചതൊക്കെ വിജയിച്ചു. കേരളത്തിലെ രാഷ്ട്രീയ കമ്പോളത്തിലെന്നു പ്രജാധിപത്യകക്ഷികൾക്കു വിലയിടിവായിരുന്നു. മാർക്സിസത്തിന്നായിരുന്നു മാർക്കറ്റ്. ദൈവബോധമുള്ളവരും സാന്മാർഗ്ഗിക ചിന്തകരും പ്രബുദ്ധരായ പ്രജാധിപത്യകുതുകികളും എല്ലാ നല്ല മനുഷ്യരും കമ്മ്യൂണിസത്തെ കഴിച്ചുമൂടാൻ ആഗ്രഹിച്ചിരുന്നു; ആ ഭദ്രകാളിയെ അടിച്ചില്ലംകടത്താൻ അക്ഷമരായി വഴിമുട്ടി നില്ക്കുകയായിരുന്നു. കക്ഷിരാഷ്ട്രീയത്തിനതീതനായൊരു നേതാവായിരുന്നു അതിന്നാവശ്യം. പ്രകൃതത്തിൽ കഴിവും കരുത്തും വാക്കുവിലാസവും ആത്മധൈര്യവുള്ള വൈദികവസ്തുമിട്ടൊരു യുവപുരോഹിതൻ മുന്നിട്ടുവന്നപ്പോൾ നേതാക്കന്മാർ വഴിമാറിക്കൊടുത്തു. ആളുകൾ മാനിച്ചു. കേരളമെത്രാന്മാരിൽ പലരും അദ്ദേഹത്തിന്റെ സേവനം ആവശ്യപ്പെട്ടു, അനുഗ്രഹിച്ചു. മൻസിപ്പാലിറ്റികളിൽ സ്ഥീകരണം കിട്ടി. ജനസഹസ്രങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ കാത്തുകെട്ടിനിന്നു. പ്രാദേശിക-വൈദേശിക പത്രങ്ങളിൽ പ്രേരണകൊണ്ടും അല്ലാതെയും ബ്ലോക്കടക്കം അദ്ദേഹത്തെ പുകഴ്ത്തിക്കൊണ്ടുള്ള ലേഖനങ്ങളുണ്ടായി. അശോകമേത്തയും സുചേതാ കൃപലാനിയും ഡേബാർജിയുമൊക്കെ ഒന്നിച്ചു ഒരേ സ്റ്റേജിൽ പ്രസംഗിച്ചു. ഒരു മേശയ്ക്കു ചുറ്റുമിരുന്നു ഉറക്കെ ചിന്തിച്ചു. അമിട്ടു പൊട്ടി വിടർന്നപോലെ ഫാദർ വടക്കൻ പൊന്തി വിടർന്നു. വിമോചനസമരവും പൊതുതിരഞ്ഞെടുപ്പും

കൊട്ടിയൂരും അമരാവതിയും മലനാട്ട് കഷ്കയൂണിയനും കെ. ടി. പി.യുമൊക്കെ മിന്നിത്തിളങ്ങി. വണ്ണവൈചിത്ര്യം കണ്ട് ആളുകൾ അത്ഭുതപ്പെട്ടു. ഫാദർ വടക്കൻ അമ്പരന്നു. ബി. വില്ലിഗ്ടൺ മന്ത്രിയായി. ഫാദർ വടക്കൻ അഹംഭാവിച്ചു. അധികാരതിമിരം കയറി അന്ധനായി. വസ്തുനിഷ്ഠമായി പരിശോധിച്ചാൽ ഫാദർ വടക്കന്റെ ഔന്നത്യത്തിനുള്ള കാരണങ്ങൾ വ്യക്തമായി കാണാം. അവ എണ്ണി പറയാവുന്നതാണ്: 1) കത്തോലിക്കാ തിരുസഭയുടെ ശക്തി. 2) വൈദിക മേലധ്യക്ഷന്മാരുടെ പരോക്ഷമായ പ്രോത്സാഹനം. 3) കത്തോലിക്കാ പുരോഹിതനോടും പുരോഹിതവസ്ത്രത്തോടുമുള്ള പൊതുജനത്തിന്റെ മതിപ്പ്. 4) സഹവൈദികരുടെ സഹകരണം. 5) സാഹചര്യമൈച്ചം. 6) ഫാദർ വടക്കന്റെ വ്യക്തിത്വം.

പ്രസ്ഥാനങ്ങൾ

പല പ്രസ്ഥാനങ്ങളും ഫാദർ വടക്കൻ സമാരംഭിച്ചു. അദ്ദേഹത്തിന്റെ പ്രസംഗകലയ്ക്കു ജനസമുദ്രത്തിൽ തിരമാലകളുണ്ടാക്കി പ്രതിയോഗികളുടെ പ്രത്യയശാസ്ത്രഭിത്തികളെ അടിച്ചുതകർക്കാൻ ശക്തിയുണ്ട്; യുവരക്തത്തെ തിളപ്പിക്കാൻ വശ്യചൂടുണ്ട്. പക്ഷെ എല്ലാം നൈമിഷികമാണ്. പ്രസ്ഥാനങ്ങൾ ഹിമാലയംപോലെ ഉയർന്നുവരും, ഉത്തരക്ഷണത്തിൽ ഉരുകി ഒലിച്ചുപോകും. അദ്ദേഹം പടച്ചുണ്ടാക്കിയ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ കഥയെന്താണ്?

ഭൗതികമാത്രപ്രസക്തവും, നിരീശ്വരപരവും ഏകാധിപത്യപരവുമായ കമ്മ്യൂണിസത്തിൽനിന്ന് ഈ രാജ്യത്തെ രക്ഷിച്ചെടുക്കാനും നിക്ഷിപ്തതാല്പര്യക്കാരും പ്രതിലോമവാദികളും സ്ഥാപിതതാല്പര്യക്കാരുമായ മുതലാളികളിൽനിന്നും ജന്മികളിൽനിന്നും ഈ നാട്ടിലെ ദരിദ്രരേയും സാധാരണക്കാരേയും സമുദ്ധരിച്ചെടുക്കാനും A. C. F. (കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി) പ്രതിജ്ഞാബദ്ധമാണെന്ന് അഖില കേരളത്തിലും ഗർജ്ജിച്ചുറപ്പിച്ച A. C. F. സിംഹരാജൻ കാലങ്ങൾ നീങ്ങിയപ്പോൾ കോൺഗ്രസ് വിരുദ്ധപേപ്പട്ടി (Anti-Congress Front) യായി അധഃപതിച്ചു. ഇന്നിപ്പോൾ A. C. F. കത്തോലിക്കാ വിരുദ്ധ (Anti-Catholic Front) ഓരിക്കുക്കനായി ഓളിയിട്ട് ഓട്ടംവിട്ടോടുകയാണ്. ഫാദർ വടക്കന്റെ മറെറാരു സൃഷ്ടിയായിരുന്നു മലനാട് കഷ്കയൂണിയൻ. 20 ലക്ഷത്തിലേറെ വരുന്ന കേരളത്തിലെ പടിഞ്ഞാറൻ കായലോരകഷ്കരും പാട്ടക്കാരും വാരക്കാരും ഉയത്തെഴുന്നേററിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ മ. ക. യൂണിയൻ ഉഗ്രനായൊരു വടവൃക്ഷമാണെന്നും (തൊഴിലാളി 10_12_1961) "ആകാശത്തിന്റെ കീഴിലുള്ള ഒരു ശക്തിക്കും നിഷ്പ്രഭരാക്കുവാൻ കഴിയാത്തവിധം ശക്തരായ മലനാട് കഷ്കയൂണിയൻ ധർമ്മഭടന്മാരെയും അവരുടെ ആത്മാർത്ഥമായ മുന്നേറ്റത്തേയും നീതിപൂർവ്വകമായ നീക്കത്തേയും അവരുടെ ഹൃദയത്തിന്റെ ഹൃദയമായ മലനാട് കഷ്കയൂണിയനേയും നശിപ്പിക്കാൻ സാധിക്കയില്ലെന്നും ആ

യിരങ്ങളെ ഈ പോലീസുകാർ തല്ലിച്ചതച്ചാലും പതിനായിരങ്ങളെ ഈ ഉഷ്ണശക്തികൾ കഴമരത്തിൽ കയറിയാലും മലനാട്ടെ കർഷകയൂണിയൻ ജീവിക്കുമെന്നു ഞാൻ ഉറപ്പുകൊടുക്കുന്നു"- (തൊഴിലാളി 7-3-1962). എന്തുറപ്പാണെന്നോ? "കുറപ്പിന്റെ ഉറപ്പ്"— മ. ക. യൂണിയൻ അങ്ങിനെ അലസിപ്പോയി.

പത്തു വർഷത്തെ പരസ്യജീവിതത്തിന്റെ പിൻബലത്തിൽ ഫാദർ വടക്കൻ തട്ടിപ്പടച്ചുണ്ടാക്കിയ കെ. ടി. പി. ഈ. എം. എസ് തിരുമേനിയുടെ ഐമുക്കൊമ്പിൽ കെട്ടിത്തൂങ്ങി. രണ്ടായി പിളർന്നു. ഇനി പിളരാൻ പറ്റാത്തവിധത്തിൽ ചീഞ്ഞു. വകരണ്ടിൽ ബാക്കി ഒരു മുൻ മന്ത്രിയായ എം. എൽ. എ. ബി. വെല്ലിംഗ്ടൺ ബി. എ; അനുജൻ വക്കി വടക്കൻ എം. എൽ. എ; വേലുപ്പിള്ള കമ്മീഷൻ മുമ്പാകെയുള്ള എക്സ്: മന്ത്രിയുടെ അഴിമതി ആരോപണം - തെളിവെടുപ്പ്-വിധി ഇതുമാണു. "തൊഴിലാളി"യാണെങ്കിൽ പ്രഭാതത്തിൽ പുറപ്പെട്ട സായാഹ്നത്തിലെത്തിയിട്ടുണ്ടു. അന്തരിക്കാൻ അധികം വൈകുകയില്ലെന്നുവേണം കരുതാൻ. അങ്ങനെ ഫാ. വടക്കന്റെ പ്രസ്ഥാനങ്ങളെല്ലാം കൂമ്പടഞ്ഞു; വെള്ളത്തിലെ കുമിളപോലെ പൊട്ടിപ്പോയി.

സഹപ്രവർത്തകർ

ഫാ. വടക്കനും വടക്കന്റെ പ്രസ്ഥാനങ്ങൾക്കും ഓജസ്സും തേജസ്സും ഉണ്ടാക്കിക്കൊടുക്കാൻ കാലാകാല

ങ്ങളിൽ ഭാപ്പകൽ പണിയെടുത്ത കൂട്ടരും സഹപ്രവത്ത കരും നിരവധിയുണ്ട്. വെട്ടിക്കാടനും, രാമൻകുട്ടി യും, കുട്ടിരാമനും, "തിരുവിതാംകൂർ സർ. സി. പി. രാമ സ്വാമി അയ്യരുടെ കിരാതഭരണത്തിനെതിരായി നട ന്ന ഉത്തരവാദിതപ്രഭരണപ്രക്ഷോഭണകാലം മുതൽ കേരള രാഷ്ട്രീയരംഗത്തെ ഒരു തലയെടുപ്പുള്ള നേതാവും തൃശ്ശൂരിന്റെ കണ്ണിലുണ്ണിയുമായ ശ്രീ കെ. ആർ. ചുമ്മാ രും"—(ഫാദർ വടക്കൻ—തൊഴിലാളി 17-2-1962) 'തൊഴിലാളി' ആഴ്ചപ്പതിപ്പായി നടത്തിയ രണ്ടു കൊല്ല വും പ്രതിദിനപ്പതിപ്പായി ആരംഭിച്ചിട്ട് ആറുമാസവും അതിന്റെ നലംതികഞ്ഞ പത്രാധിപത്യത്തിൽ 'തൊ ഴിലാളി'യെ പ്രശസ്തിയുടെ അത്യുച്ചിയിലെത്തിച്ച ഫാ ദർ ജെയ്ക്കബ് ചെമ്മണ്ണൂരും പി. എ. സെയ്തുമുഹമ്മദും പ്രൊഫസർ ടി. കെ. മാത്യുവും Msgr സഖറിയാസ് വാ ഴപ്പിള്ളിയും അഗാധപണ്ഡിതനും വാഗ്മിയുമായ ശ്രീ. ബി. സി. വർഗ്ഗീസും ശ്രീ. പോൾ വളപ്പിലയും പൊ തുരംഗങ്ങളിൽ ഫാദർ വടക്കനോടൊപ്പം അദ്ധ്വാനിച്ച വരായിരുന്നു. കലവറകൂടാതെ അവരൊക്കെ പ്രവത്തി ച്ചു. വടക്കനേയും വടക്കന്റെ പ്രസ്ഥാനങ്ങളേയും സ്നേഹിച്ചു. സേവിച്ചു. ഏറക്കുറവുകളും കാണും. വ്യ ക്തിതപമുള്ള അവരെല്ലാംതന്നെ അദ്ദേഹവുമായി തെ റ്റിപ്പിരിഞ്ഞു. മലനാട് കഷ്ടക യൂണിയന്റെ അവ കാശത്തിനും നിലനില്പിനുംവേണ്ടി 1962 ഫെബ്രുവരി 2-ാംനു- ശനിയാഴ്ച നട്ടച്ച 12 മണി മുതൽ ഒരാഴ്ചക്കാല ത്തോളം നിരാഹാരസത്യാഗ്രഹം നടത്തിയ ശ്രീ. കെ.

ആർ. കുമ്മാർ ഇന്നു മലയാളമനോരമ തിരുവനന്തപുരം സിറ്റി എഡിറ്ററായി കേരളത്തെ വിജ്ഞാനധന്യയാക്കുകയാണു്. മറ്റു പലരും സജീവരാഷ്ട്രീയത്തിൽ നിന്നു പിന്മാറി. പ്രൊഫസർ ടി. ഒ. മാത്യുവിനെക്കുറിച്ചൊന്നും കേൾക്കാറില്ല. 'തൊഴിലാളി'യിൽ ഉണ്ടോ ആവോ? സാമാന്യം അന്തസ്സായ വേതനം പറ്റിയിരുന്ന മലബാർ ബാങ്കിലെ ക്ലാക്കായിരുന്ന ശ്രീ. പോൾ വളപ്പില. ഫാദർ വടക്കന്റെ പ്രസ്ഥാനങ്ങളിൽ മുഴുവട്ടം പ്രവത്തകനാകാൻ അദ്ദേഹം ഉദ്യോഗം രാജിവെച്ചു. എന്നിട്ടെന്തായി! ഇന്നിപ്പോൾ കുടുംബം പോറ്റാൻ വേറെ പണി നോക്കുകയാണു്. മലബാർ ബാങ്കിലെ ജോലി ഉപേക്ഷിച്ചില്ലായിരുന്നെങ്കിൽ 1000 രൂ. പ്രതിമാസം ശമ്പളം വാങ്ങുന്ന സൌത്തു് ഇന്ത്യൻ ബാങ്കിലെ ഒരു ഏജൻറാകുമായിരുന്നു! വിധി വൈപരീത്യം!!

ഫാദർ വടക്കന്റെ പ്രവത്തനസരണിയിൽ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന്റെ ശീതളഛായയിൽ, നേതൃത്വത്തിന്റെ അങ്കക്കളത്തിൽ വളർന്നുവന്ന വരാണു് ജോജ്ജു് നെല്ലായി, വർഗ്ഗീസു് മേച്ചേരി, ഡേവിഡു് ആവോക്കാരൻ, തോമാസു് പാറന്തൂർ തുടങ്ങി ജോസഫു് മൂഞ്ഞേലിവരെയുള്ള ചെറുപ്പക്കാർ. ജോജ്ജു് നെല്ലായി ആദ്യമെതന്നെ സലാം പറഞ്ഞു. അവശേഷിച്ച കൂട്ടിനേതാക്കൾ ശ്രീ. വെല്ലിങ്ടൺ മന്ത്രിയായപ്പോൾ തിളച്ചു മറിയുകയായിരുന്നു; തുള്ളിച്ചാട്ടകായ

യിരുന്നു; പ്രതികാരാട്ടഹാസം നടത്തുകയായിരുന്നു. ആരോഗ്യമന്ത്രിയിൽനിന്നു് ആവുന്നേടത്തോളം ആനുകൂല്യങ്ങളും അവർ അനുഭവിക്കുകയും ചെയ്തു. അവസാനം മന്ത്രിസഭ മറിഞ്ഞുവീണു. കൂട്ടിനേതാക്കളെല്ലാം തെറിപ്പിച്ചിരിഞ്ഞു. രാജിവെച്ചു. ശത്രുക്കളായി. അവരിന്നു ഫാദർ വടക്കനെ ആക്ഷേപിക്കയാണു്. അപഹസിയ്ക്കുകയാണു്. അവരെ അവരാക്കിയതു് ഫാദർ വടക്കനാണു്. അതിനുള്ള പ്രതിഫലമാണു് എതിപ്പും കുതഃല്ലതയും. "അളന്ന അളവുകൊണ്ടുതന്നെ അളക്കപ്പെടും." ഫാദർ വടക്കനെ ഫാദർ വടക്കനാക്കിയ തിരുസ്സഭാമാതാവിനോടും അഭിവന്ദ്യ പിതാക്കന്മാരോടും ഫാദർ സഖറിയാസിനോടും അദ്ദേഹം നന്ദികേടു കാണിച്ചു. അവരെയെല്ലാം പുച്ഛിച്ചു തള്ളി! "പാമ്പിനു പാലുകൊടുക്കരുതു്".

അധഃപതനം

എന്താണു് ഫാദർ വടക്കന്റെ തകർച്ചക്കുള്ള കാരണം? എന്തുകൊണ്ടു് അദ്ദേഹത്തിന്റെ പ്രസ്ഥാനങ്ങളെല്ലാം അകാലത്തവസാനിച്ചു? മിത്രങ്ങളെല്ലാം ശത്രുക്കളായി? അദ്ദേഹം സമ്മതിയ്ക്കുകയില്ലെങ്കിലും സുബോധമുള്ള എല്ലാ നല്ല മനുഷ്യരുടേയും മുമ്പിൽ അദ്ദേഹത്തിന്റെ ജീവിതം ദയനീയപരാജയമാണു്. കാരണം ഒറ്റവാക്കിൽ പറഞ്ഞാൽ **Intellectual pride**—വിജ്ഞാനദാംഭികതപ്രമാണു്. അഹന്തയുടേയും ദുരഭിമാന

ത്തിന്റെയും അവശ്യദ്ധർഗ്രണങ്ങളും അദ്ദേഹത്തെ അടിമയാക്കി. അപ്രതീക്ഷിതമായി ലഭിച്ച ഉയച്ച് അദ്ദേഹത്തെ ഹരംകൊള്ളിച്ചു. താൻ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും തനിക്കു തോന്നുന്നതും മാത്രമാണ് ശരി; മറ്റാരുടെയും ചിന്തിക്കാനോ അഭിപ്രായപ്രകടനം നടത്താനോ അവകാശമോ അധികാരമോ സ്വാതന്ത്ര്യമോ ഇല്ല. എല്ലാവരും വിഡ്ഢികളാണ്. തന്റെ അഭിപ്രായത്തിനെതിരായി ചൂണ്ടനക്കുന്നവരെ അദ്ദേഹം ശത്രുക്കളായി മുദ്രകുത്തി. അവരെല്ലാവരും സങ്കുചിതബുദ്ധികളും നിക്ഷിപ്തതാല്പര്യക്കാരും ഭീരുക്കളുമാണെന്നാണ് അദ്ദേഹം പറയുക. അധികാരികളുടേയോ സഹപ്രവർത്തകരുടേയോ സ്നേഹിതരുടേയോ യുക്തിയുക്തമായ അഭിപ്രായങ്ങളേയും ആശയങ്ങളേയും അംഗീകരിക്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. പിടിവാശിയും കടുംപിടിത്തവും മുട്ടാപ്പോക്കുനയവും ആളുകളെ അകറ്റിക്കളഞ്ഞു. കൊട്ടിയൂർ പ്രശ്നത്തിലും പി. ടി. ചാക്കോയുമായുള്ള മത്സരത്തിലും നിയമസഭാതിരഞ്ഞെടുപ്പുകളിലുമൊക്കെ സമനില തെറ്റിയ ഫാദർ വടക്കനെയാണ് കാണുക. പ്രതികാരത്തിന്റെ ചന്ദ്രഹാസം അദ്ദേഹം ചുഴറ്റി. ചങ്ങമ്പുഴ പാടിയതുപോലെ "ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരെ, നിങ്ങൾ തൻ പിന്മുറക്കാർ" എന്നു ഞാൻ പാടുന്നു". (തൊഴിലാളി 10_12_1961) എന്നാണ് ഫാദർ വടക്കൻ പൈശാചികാവേശത്തോടെ പാടാറ്. കരുണാനിധിയായ ക്രിസ്തുവിന്റെ പ്രതിനിധിയും

സ്നേഹത്തിന്റെ പ്രതീകവുമായ ഒരു കത്തോലിക്കാ പുരോഹിതനിൽനിന്നു് ഈ ഈരടികൾ ഉയരാൻ പാടില്ലാത്തതായിരുന്നു. കൂടാതെ ഞാനാണു് എല്ലാം എന്ന ഒഴിയാബാധ അദ്ദേഹത്തെ അള്ളിപ്പിടിച്ചു. നോക്കൂ, അദ്ദേഹത്തിന്റെ ഭാഷ: "എന്റെ ശരീരം അകലെയായാലും എന്റെ ശബ്ദം ആശ്രവ്യമായാലും എന്റെ ധീരോദാത്തതയും ആത്മാർത്ഥതയും മലനാട്ടു് കഷ്കരുടെ നാഡീപടലത്തിൽ ഇതിനകം അലിഞ്ഞു ചേർന്നിട്ടുണ്ടു്." (തൊഴിലാളി, 10_3_1962).

"അകത്തു കത്തിയും പുറത്തു പത്തിയും"

സ്വതന്ത്രഭാരതപ്പിറവിതൊട്ടിന്നുവരെ മഹാനായ ജവഹരിലാൽ നെഹ്രുവിന്റെ നാഷനൽ കോൺഗ്രസ്സാണു് ഇന്ത്യയിലെ സുസംഘടിതവും സുശക്തവും പ്രജാധിപത്യപരവുമായ ഏക പാർട്ടി. കോൺഗ്രസ്സിന്റെ പ്രത്യയശാസ്ത്രത്തോടും സമീപനങ്ങളോടും നൂറു ശതമാനം യോജിക്കാൻ പറ്റുകയില്ലെങ്കിലും ആഭ്യന്തരഭാരതത്തിന്റെ സുരക്ഷിതത്വം നാളിതുവരെയുള്ള ചുറുപാടിൽ നാഷനൽ കോൺഗ്രസ്സിനെയാണു് ആശ്രയിച്ചിരിക്കുന്നതു്. അങ്ങനെയുള്ള കോൺഗ്രസ്സിനെ തിരഞ്ഞെടുപ്പിൽ വിജയിപ്പിക്കേണ്ടതാവശ്യമാണെന്നു ബോദ്ധ്യപ്പെട്ട കേരള കത്തോലിക്കാ മേലദ്ധ്യക്ഷന്മാരുടെ സംയുക്ത ഇടയലേഖനമുണ്ടായിരുന്നിട്ടും വ്യക്തി വൈരാഗ്യത്തിന്റെയും നിക്ഷിപ്തതാല്പര്യത്തിന്റെയും ഉഗ്രാ

ഥത്തിന്റെയും പേരിൽ 1962-ലെ പൊതുതെരഞ്ഞെടുപ്പുകാലത്തു കത്തോലിക്കാ പുരോഹിതനായ ഫാദർ വടക്കൻ തന്റെ സമസ്ത ശക്തികളും കോൺഗ്രസ്സിനെതിരായി അണിനിരത്തി. അതിന്റെ പരാജയം അദ്ദേഹം പരസ്യമായിതന്നെ ആഗ്രഹിച്ചു — (തൊഴിലാളി 23-7-1965). "കേരളമെ ഉണരു! ഈ തിരഞ്ഞെടുപ്പിൽ വേണം ഈ ദുഃശ്ശക്തിയെ പഠിപ്പിക്കാൻ. കമ്മ്യൂണിസ്റ്റുകാരെ തോല്പിക്കുന്ന അതേ വീറോടുകൂടിത്തന്നെ ഈ ധിക്കാരികളേയും നിങ്ങൾ തോല്പിക്കണം"-(തൊഴിലാളി). അഹങ്കാരതിമിരം ബാധിച്ച മനുഷ്യനു പ്രതികാരവും സ്വാർത്ഥലാഭവും ആശിച്ച ലക്ഷ്യവും നേടാൻ ആത്മാർത്ഥതയെ അറുകൊല ചെയ്യേണ്ടിവരും. 1962 ഫെബ്രുവരി 23-ാംനു- വെള്ളിയാഴ്ചയിലെ തൊഴിലാളിയിൽ ഫാദർ വടക്കന്റെ ഒരു "പശ്ചാത്താപപ്രഖ്യാപനവും" ഒരു "ലേഖനവും" കാണാം. കേട്കുള്ളു! ആട്ടിൻതോൽ ധരിച്ച ചെന്നായുടെ സ്വരം: "ഫാദർ വടക്കൻ എഴുതുന്നു: തൃശ്ശൂർ ഫെ. 22. കേരളത്തിലെ അഭിവന്ദ്യ പിതാക്കന്മാർ 21-1-1962-ൽ പാർലിമെൻററി തെരഞ്ഞെടുപ്പു സംബന്ധിച്ചു പുറപ്പെടുവിച്ച സംയുക്ത ഇടയലേഖനത്തെക്കുറിച്ചു 17-2-1962-ൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനം, പിന്നീടു പുറത്തുവന്ന വരാപ്പുഴ, എറണാകുളം, തൃശ്ശൂർ തിരുമേനിമാരുടെ വിശദീകരണങ്ങളുടെ വെളിച്ചത്തിൽ ചിന്തിച്ചു നോക്കിയപ്പോൾ അബദ്ധമായിപ്പോയെന്നു എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഞാൻ ഇതിനെ

പ്പറഞ്ഞ് ആത്മാർത്ഥമായി പശ്ചാത്തപിക്കുകയും അഭിവന്ദ്യ പിതാക്കന്മാരോടു ക്ഷമയാചിക്കുകയും ചെയ്യുന്നു. ആ ലേഖനം ഇതാണ്. ഞാൻ പിൻവലിക്കുകയും ചെയ്യുന്നു. ഈ പ്രസ്താവന തയ്യാറാക്കുന്നതിനു മുമ്പാണ് ഞാൻ നാളത്തെ 'തൊഴിലാളി'യിൽ (ഫെ. 23-ാംതീ-) വരുന്ന എന്റെ ലേഖനം പ്രസിദ്ധീകരിക്കാൻ കൊടുത്തിരിക്കുന്നതു"". പശ്ചാത്താപത്തേയും പശ്ചാത്താപത്തിന്റെ അന്തഃസത്തയേയും ലക്ഷ്യത്തേയും പിച്ചിച്ചീന്തി കാറ്റിൽ പറത്തുന്ന ലേഖനം! അഭിവന്ദ്യ പിതാക്കന്മാർ പൊള്ളത്തലയന്മാരാണെന്നു കരുതിയിട്ടോ അവരെ പാവകളിപ്പിക്കാമെന്നു വ്യാമോഹിച്ചിട്ടോ ഇങ്ങനെ പ്രസ്താവനയും ലേഖനവും ഒരേ ദിവസത്തെ ""തൊഴിലാളി""യിൽ പ്രസിദ്ധീകരിച്ചതു? ഫാദർ വടക്കനാണ് പത്രാധിപർ. ഫാദർ വടക്കനേറെതാണ് പ്രസ്താവന. ഫാദർ വടക്കനേറെതാണ് ലേഖനം. സത്യമെന്താണെന്നോ? ആരെയും വകവെയ്ക്കയില്ലെന്നു; ആരെയും പേടിയില്ലെന്നു; ആരെയും ധിക്കരിക്കുമെന്നു; അരക്കാശിന്റെ ആത്മാർത്ഥതയില്ലെന്നു. ""അകത്തു കത്തിയും പുറത്തു പത്തിയും"". പൊതുപ്രസംഗവേദിയിൽ പ്രത്യക്ഷപ്പെടാൻ ഫാദർ വടക്കനെ നല്കപ്പെട്ടിരുന്ന പ്രത്യേകാനുവാദം 1961-ൽ ബിഷപ്പു് ആലപ്പാട്ടു പിൻവലിച്ചു. 1965-ൽ കരിയച്ചിറ പള്ളി വികാരിയായി ഫാദർ വടക്കനെ നിയമിച്ചുകൊണ്ടു ബിഷപ്പു നല്കിയ ഉത്തരവിൽ തന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ പ്രസ്താവനകളോ

ലേഖനങ്ങളോ പ്രസിദ്ധീകരണത്തിനു നല്ലതുതെന്നും ഇടവക ജോലിയുമായി ബന്ധപ്പെടാത്ത ഏതെങ്കിലും ചടങ്ങിൽ പ്രസംഗിക്കരുതെന്നും ഫാദർ വടക്കനെ വിലക്കിയിട്ടുണ്ടായിരുന്നു. ''ഫാദർ വടക്കൻ തന്റെ പത്രത്തിൽക്കൂടി എഴുത്തു തുടരുകയും പലപ്പോഴും രാഷ്ട്രീയ ചായയിൽതന്നെ—കമ്മ്യൂണിസ്റ്റ് പത്രങ്ങൾ അവയ്ക്കു പുനഃപ്രസിദ്ധീകരണം നല്കുകയും ചെയ്തുകൊണ്ടിരുന്നു. ക്രമേണ ബിഷപ്പിന്റെ മുടക്ക് ഉപയോഗശൂന്യമായിതീർന്നു''-(എക്സാമിനർ 17-7-1965). കഴിഞ്ഞ 1972 ജനുവരി 11-ാംനു-ലെ 'മാതൃഭൂമി'യിൽ ഒരു മട്ടാഞ്ചേരി വാർത്തയുണ്ട്, ഫാദർ വടക്കനെപ്പറ്റി. അതിതാണ്:— 'വൈദികകമ്മങ്ങൾ ചെയ്യുന്നതിൽനിന്നു സസ്പെൻഡു ചെയ്യപ്പെട്ട ഫാദർ വടക്കൻ ഇന്നലെ പള്ളിരുത്തി വെളിയിൽ വമ്പിച്ച ഒരു സ്വീകരണയോഗത്തിൽ സംസാരിച്ചു. തൃശ്ശൂർ ബിഷപ്പു ഡോക്ടർ ജോസഫ് കുണ്ടുകുളം തന്റെ പേരിലുള്ള ധനദുർവിനിയോഗത്തെപ്പറ്റിയുള്ള ചാർജ്ജിൽനിന്നും തന്നെ ഒഴിവാക്കിയിട്ടുണ്ടെന്നും അച്ചടക്കനടപടികളെ തുടർന്നാണ് തന്നെ കുമ്പാന ചൊല്ലാനുള്ള അധികാരത്തിൽനിന്നും ഒഴിവാക്കിയതെന്നും'.....അദ്ദേഹം പ്രസ്തുത ചാർജ്ജിൽനിന്നു തന്നെ ഒഴിവാക്കിയെന്നും മറുമാണ്. പക്ഷെ ഫാദർ വടക്കന്റെ പള്ളിരുത്തി പ്രസംഗിപ്പോർട്ട കൊടുത്ത അതേ 'മാതൃഭൂമി' പിറേറദിവസം 1972 ജനുവരി 12-ാംനു- ഫാദർ വടക്കനെപ്പറ്റി, പരസ്പരവിരുദ്ധമായൊരു വാർത്തകൊടുത്തു. ധനദുർവിനിയോഗം സംബ

ന്ധിച്ച ചാജ്ജിൽനിന്നും തൃശ്ശൂർ ബിഷപ്പു ജോസഫ് കണ്ടുകളം തന്നെ ഒഴിവാക്കിയിട്ടുണ്ടെന്ന ഫാദർ ജോസഫ് വടക്കന്റെ പള്ളുരുത്തി പ്രസംഗത്തിലെ പരാമർശം ബിഷപ്പുപാലസ്സിലെ ഒരു വക്താവു് ഇന്നു ശക്തിയായി നിഷേധിച്ചിരിക്കുന്നു.....കണക്കുകൾ ഓഡിറ്റർമാരിൽ ഇരിക്കുന്നതുകൊണ്ടു് അതിനെപ്പറ്റി ഒന്നും പറയാൻ കഴിയുകയില്ലെന്നാണു് ബിഷപ്പു ഫാദർ വടക്കനോടു പറഞ്ഞിരുന്നതു്. ഫാദർ വടക്കന്റെ മേൽ അച്ചടക്കനടപടി സ്വീകരിക്കാൻ കാരണം ബിഷപ്പിനോടുള്ള അദ്ദേഹത്തിന്റെ അനാദരണക്കേടാണു്..... സംഭാഷണവിഷയങ്ങൾ രഹസ്യമായി വെയ്ക്കാമെന്ന ധാരണയിലാണത്രെ അന്നു പിരിഞ്ഞതു്". ഫാദർ വടക്കൻ ചിന്തിക്കുന്നതൊന്നു്; പറയുന്നതു വേറൊന്നു്; പ്രവർത്തിക്കുന്നതു മറ്റൊന്നു്. തൃശ്ശൂർ ബിഷപ്പും ഫാദർ വടക്കനുമായി ജനുവരി ആദ്യ ആഴ്ചയിൽ നടന്ന സംഭാഷണവിഷയങ്ങൾ ഉഭയസമ്മതപ്രകാരം അതിനിഗൂഢമായി സൂക്ഷിയ്ക്കണമെന്നു ശഠിച്ചിരുന്ന ഫാദർ വടക്കൻ ജനുവരി 9-ാംനു- പള്ളുരുത്തി പ്രസംഗത്തിൽ രഹസ്യങ്ങളെല്ലാം മായംചേർത്തു പരസ്യമാക്കി. ബിഷപ്പു പറയാത്തതും സമ്മതിക്കാത്തതും പൊടിപ്പും തൊങ്ങലും വെച്ചു പരത്തിപ്പറഞ്ഞു, സ്വയം വിശുദ്ധീകരിച്ചു. ആത്മാർത്ഥതയും സത്യസന്ധതയുമല്ല വഞ്ചനയും വക്രതയുമാണു് ഫാദർ വടക്കന്റെ ആത്മാവിഷ്കരണത്തിൽ അനുസ്യൂതം അനാച്ഛാദനം ചെയ്യപ്പെടുന്നതെന്നുള്ള

തിനു് ഏറ്റവും അവസാന തെളിവാണു് പള്ളുരുത്തി പ്രസംഗം.

കെ. ടി. പി.

കേരള രാഷ്ട്രീയത്തിലെ അരക്ഷിതത്വാന്തരീക്ഷത്തേയും പ്രതിസന്ധിയേയും ചൂഷണം ചെയ്യാമെന്ന വ്യാമോഹത്തോടെ അഹങ്കാരത്തിന്റെയും അധികാരക്കൊതിയുടേയും പ്രതികാരപ്രമത്തതയുടേയും പ്രത്യക്ഷപ്രതിരൂപമായിട്ടാണു് കെ. ടി. പി. രൂപം കൊണ്ടതു്. നൂറുനൂറായിരം യുക്തികളും കെ. ടി. പി. സൃഷ്ടിക്കപ്പെട്ടതിനെ നീതികരിക്കാൻ ഫാദർ വടക്കനുണ്ടാകും. അവയ്ക്കെല്ലാം ഉപോൽബലകമായി ഉത്തരം കിട്ടാത്ത ഒട്ടനവധി വിശദീകരണങ്ങളും കാണും. നീക്കോലിപ്പാട്ടികളുടെ അനൗചിത്യത്തെക്കുറിച്ചും അല്പായുസ്സിനെക്കുറിച്ചും ഫാദർ വടക്കനെപ്പോലെ മറ്റാർക്കും കേരളക്കരയിലറിവുണ്ടാവുകയില്ല. കെ. ടി. പി. യിലെ അവിഹിതവേഴ്ചയുടെ ഈറ്റില്ലത്തിൽ പെറുവീണതാണു് എം. എം. തോമസ്സിന്റെ കെ. കെ. പി. എന്ന ഞാഞ്ഞൂൾ പാട്ടി. 1951 മുതൽ 1961 വരെ മാർക്സിസ്റ്റു് സിദ്ധാന്തത്തെയും കമ്മ്യൂണിസ്റ്റുപാർട്ടിയേയും മലനാടിന്റെ മണ്ണിൽ കുഴിച്ചുമൂടാൻ ഉഗ്രശപഥംചെയ്തു് അനുനിമിഷം അടരാടിയ കമ്മ്യൂണിസ്റ്റു് വിരുദ്ധമുന്നണി പട്ടാളത്തലവൻ ആനുകാലിക രാഷ്ട്രീയ നയത്തിന്റെ സുന്ദരനാമത്തിൽ നാളതുവരെ കണ്ണിന്റെ കൃഷ്ണ

മണിപോലെ പാലിച്ചുപോന്ന സനാതന തത്വങ്ങളേയും മൂല്യങ്ങളേയും സമുന്നതാദർശങ്ങളേയും കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ പ്രത്യയശാസ്ത്രത്തെയും വിശ്വാസത്തെയും ചട്ടുകമ്പലാക്കിക്കൊണ്ട് കെ. ടി. പി.യെ കേരളത്തിലെയെന്നല്ല ഭാരതത്തിലെതന്നെ ബുദ്ധിരാക്ഷസനായ സാക്ഷാൽ ഇ. എം. എസിന്റെ സപ്തമുന്നണിയിൽ നിർലജ്ജം കടത്തിനിറുത്തി. ഫാദർ വടക്കൻ ചെയ്ത ഹിമാലയവങ്കുത്തരമായിരുന്നു അതു്. ഇരിക്കുന്ന കൊമ്പു് അദ്ദേഹം വെട്ടിയിട്ടു. തലമറന്നു് എണ്ണതേച്ചു. കത്തോലിക്കാ വിശ്വാസികളിലും ഈശ്വരബോധമുള്ളവരിലും പ്രജാധിപത്യ പ്രേഷിതരിലും അതു ചിന്താക്കുഴപ്പം സൃഷ്ടിച്ചു. 1967-ലെ തെരഞ്ഞെടുപ്പു കഴിഞ്ഞു. തിരുമേനിയുടെ തന്ത്രം ജയിച്ചു. ഇ. എം. എസ്. മന്ത്രിസഭ രൂപീകരിച്ചു. ബി. വെല്ലിങ്ടൺ കെ. ടി. പി. മന്ത്രിയായി. ഭരണം ഫാദർ വടക്കനും. മുന്നണി മുന്നേറിപോകാൻ ഫാദർ വടക്കൻ ഒരു നിണ്ണായക ഘടകമായിതീർന്നു. തഞ്ചംപോലെ തക്കംനോക്കി കായ്ക്കും നേടാൻ സമർത്ഥനായ ഇ. എം. എസ്. നമ്പൂതിരി ഔപചാരികമായും ഔദ്യോഗികമായും സൗഹൃദമായും കൂരിയച്ചിറവന്നു ഫാദർ വടക്കനെ നേരിൽ കണ്ടു കുശലാന്വേഷണം നടത്തിപ്പോന്നു. അങ്ങനെ ഏ. കെ. ഗോപാലൻ വന്നു; അഴിക്കോടൻ വന്നു; ഇമ്പിച്ചിബാവ വന്നു; കോയ വന്നു; തങ്കമ്മ വന്നു ഡോക്ടേഴ്സ് വന്നു; ഹോസ്പിറ്റൽ ജീവനക്കാർ വന്നു; സ്റ്റോറ് കാവുകാരും വന്നു; എല്ലാവരും വന്നു.

കുരിയച്ചിറ പള്ളിമേട പലപ്പോഴും സെക്രട്ടേറിയറേറായി മാറി. ഫാദർ വടക്കൻ മുടിചൂടാമന്നനായി. പണവും പ്രതാപവും ഒഴുകിവന്നു. പ്രശസ്ഥാധിഥികളും അധിഥി സല്ക്കാരങ്ങളും ചർച്ചാസമ്മേളനങ്ങളും പൊടിപൂരമായി നടന്നുകൊണ്ടിരുന്നു. മാർക്സിസ്റ്റാചാര്യനായ അന്നത്തെ മുഖ്യമന്ത്രി ഇ. എം. എസ്. തിരുമേനി കത്തോലിക്കാ പുരോഹിതനായ ഫാദർ വടക്കന്റെ കത്തോലിക്കാ മന്ത്രി ബി. വെല്ലിങ്ടനെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ ആഷ്ടഭാരതത്തിലെ കത്തോലിക്കർ, അറച്ചുകല്യന്ന കുടുംബാസൂത്രണവകുപ്പിന്റെ മേധാവിയാക്കി. കേരളത്തെ കൂട്ടിച്ചോറാക്കാനുള്ള മാർക്സിസ്റ്റ് പാട്ടിയുടെ വിചിത്രമായ "ഭരണസമര"നയത്തിനു ഫാദർ വടക്കനും അദ്ദേഹത്തിന്റെ മന്ത്രിയും കൂട്ടുനിന്നു. ശിങ്കിടിക്കൊട്ടി, താളംപിടിച്ചു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാട്ടിയുടെ ആഗോള വിപ്ലവത്തിന്റെ ചോരപുരണ്ട വഞ്ചനാത്മകമായ വശ്യസൗന്ദര്യം പൈശാചികവും നാരകീയവുമാണെന്നു കഴിഞ്ഞ വ്യാഴവട്ടക്കാലത്തിനിടയ്ക്കു സയുക്തം പ്രബുദ്ധ കേരളത്തെ പ്രബോധിപ്പിച്ച കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി മുഖ്യ സേനാധിപൻ വിശ്വമോഹിനിയായ മാർക്സിസ്റ്റ് യക്ഷിയെ കെട്ടിപ്പുണർന്നമ്മവെച്ചു. നമ്മസല്ലാപം ചെയ്തു. സുഖസുക്ഷുപ്തി പകർന്നു. പക്ഷെ ആ രാക്ഷസി അദ്ദേഹത്തിന്റെ മാംസം കടിച്ചുകീറി കാൻതിനു. രക്തം കുടിച്ചു. അസ്ഥികോലമാക്കി ചപ്പിയെറിഞ്ഞു. കാളപ്പല്ലുകൊണ്ടു വട്ടക്കണ്ണുരുട്ടിമറിച്ചു ചിറികോട്ടി കൊ

ഞനംകാട്ടി നില്ക്കുകയാണിന്നാഭയങ്കരി. അദ്ദേഹത്തിന്റെ വിശ്വാസം ക്ഷയിച്ചു. ദൈവഭയം തളർന്നു. വിവേകം നശിച്ചു. പകപ്പ കൂടിച്ചു. സമനില തെറ്റി. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഫാദർ വടക്കനിൽ മാർക്സിസ്റ്റ് രാസക്രിയ നടത്തി. എടുക്കേണ്ടതു് എടുത്തു. നേടേണ്ടതു നേടി. കത്തോലിക്കാ പുരോഹിതരെ അച്ചടക്കരഹിതരാക്കുക, മാർക്സിസ്റ്റിതരപാർട്ടികളെ തേജോവധം ചെയ്യുക, ഈശ്വരബോധമുള്ളവരിൽ ആശയക്കുഴപ്പമുണ്ടാക്കുക, ഇതൊക്കെയാണ് മാർക്സിസ്റ്റ് പാർട്ടിയുടെ ആവശ്യം, രാസക്രിയയുടെ ലക്ഷ്യം. ഫാദർ വടക്കനെ സംബന്ധിച്ചിടത്തോളവും കെ. ടി. പി. യെ സംബന്ധിച്ചിടത്തോളവും അജ്ഞരായ ആളുകളെ സംബന്ധിച്ചിടത്തോളവും അതു സാധിച്ചു. ഇ. എം. എസിന്റെ പാർട്ടിക്കിന്നു ഫാദർ വടക്കൻ കറിയിലെ വേപ്പിലയാണ്. ഇ. എം. എസ്സിന്റെ "പ്രഥമദൃഷ്ടി"യിൽ കളങ്കരഹിതനായിരുന്ന ഫാദർ വടക്കന്റെ മന്ത്രി വെല്ലിങ്ടൻ അടക്കമുള്ള കെ. ടി. പി.യെ കഴിഞ്ഞ 1971-ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ്പാർട്ടി ഐക്യമുന്നണിയിൽനിന്നും ആട്ടിയോടിച്ചു. മാർക്സിസ്റ്റ് പാർട്ടി ഒറ്റയ്ക്കുതന്നെ മത്സരിച്ചു. ഒരു നിയോജകമണ്ഡലത്തിലെങ്കിലും സീറ്റുകിട്ടാൻ, ഊട്ടുപുരയിലെ എച്ചിൽ നക്കാൻ പാത്തുപതുങ്ങി പാറിക്കൂടുന്ന ചില്ലുപ്പട്ടിയെപ്പോലെ മാർക്സിസ്റ്റ് ലോകസഭാ സ്ഥാനാർത്ഥിനിർണ്ണയ ഓഫീസ് വാതുക്കൽ കെ. ടി. പി. വാലാട്ടിനിന്നു.

ചെങ്കൂപ്പായ എമാനന്മാരുടെ കാലുനക്കി. നുണഞ്ഞിറക്കി, മോങ്ങിക്കരഞ്ഞു, നാക്കുനീട്ടി, കൊതികൊണ്ടൂറിയ വെള്ളം ഇറിറിറവീണു. ഇ. എം. എസ്. ആക്രോശിച്ചു, ഏ. കെ. ജി. തൊഴിച്ചു, ചില്ലുപ്പട്ടി തെറിച്ചുവീണു, വീണിടത്തു നിന്നേഴന്നേറ്റ പ്രാണനും കൊണ്ടോടി. അകലേയ്ക്കു മാറിനിന്നു. ദയനീയമായി മുരണ്ടു. ചില്ലുപ്പട്ടി കുരച്ചാലുണ്ടോ മാവോപ്പട്ടയ്ക്കു പേടി? നമ്പൂതിരിക്കു ക്ഷീണം? എന്തൊക്കെ ധിക്കാരം കാണിച്ചാലും ഫാദർ വടക്കനും കെ. ടി. പി.യും മാർക്സിസ്റ്റുപാട്ടിയെ വിട്ടുപോകില്ലെന്നു തന്ത്രശാലിയായ ഇ. എം. എസിനു് അറിയാം. തിരുമേനിയേയും കുട്ടരേയും വിട്ടുനിന്നാൽ ഫാദർ വടക്കനു് അധ്രുസ്സില്ല. ചീപ്പു് പോപ്പുലാരിറിറിക്കുവേണ്ടി ഏതു കോമാളിവേഷം കെട്ടാനും ഫാദർ വടക്കൻ സന്നദ്ധനായിരിക്കും. രാസക്രിയയുടെ പ്രഥമ പ്രോഡക്ടാണതു്. 1972 മേയ് 25-ാംനു- മാർക്സിസ്റ്റുപാട്ടി വിഭാവനം ചെയ്ത മിച്ചഭൂമി പിടിച്ചെടുക്കാനുള്ള സമരസമിതിയുടെ പ്രസിഡണ്ടായി ഫാദർ വടക്കൻ ഉയത്തപ്പെട്ടിരിക്കയാണു് (എക്സ്പ്രസ്സു് 8-5-1972). നഷ്ടപ്പെട്ട ഇമേജു് അങ്ങനെ ചളുവിൽ തട്ടിയെടുക്കാമെന്നായിരിക്കും ഫാദർ വടക്കന്റെ കണക്കുകൂട്ടൽ. പോരെങ്കിൽ എറണാകുളം ആച്ചു് ബിഷപ്പു കട്ടിനാഥം പാറേക്കാട്ടിലിന്റെ കൈവശമുള്ള മിച്ചഭൂമി കയ്യേറ്റുന്നതിനു താൻതന്നെ സമരഭടന്മാരെ നയിക്കുമെന്നു ഫാദർ വടക്കന്റെ പ്രഖ്യാപനവുമുണ്ടു് (എക്സ്പ്രസ്സു് 9-5-1972).

സമരപ്രചരണത്തിനു വളണ്ടിയർമാരെ സംഘടിപ്പിക്കാൻ താൻ ഫാദർ വടക്കനുമായി വിവിധ ജില്ലകളിൽ പ്രചരണം നടത്തുമെന്നു സഖാവു് ഏ. കെ. ഗോപാലൻ പറയുന്നു—(എക്സ്പ്രസ്സ് 20-5-1972). ഇത്തരുണത്തിൽ കുരങ്ങനെ ഞാണിന്മേൽ കളിപ്പിച്ചു മനുഷ്യരെ മയക്കി മരുന്നു വിറ്റു കാശു് കീശയിലാക്കുന്ന തട്ടിപ്പുകാരായ ലാടവൈദ്യന്മാരെയാണു് ഓർത്തുപോകുന്നതു്. ഏ. കെ. ജി. ഫാദർ വടക്കനെ പൊക്കിപ്പിടിച്ചു പ്രചരണം നടത്തും. കുരങ്ങുകളിപ്പിയ്ക്കും. കായ്ം നേടിയാൽ മാർക്സിസ്റ്റുപാട്ടി ജയിച്ചു. സമരം തോറ്റാൽ ഫാദർ വടക്കൻ വഷളായി. അല്ലെങ്കിൽ ഇ. എം. എസിനൊ, ഇമ്പിച്ചിബാവയ്ക്കൊ, അഴിക്കോടനൊ സാക്ഷാൽ ഗൗരി അമ്മക്കുതന്നെയൊ സമരസമിതി പ്രസിഡണ്ടാകാമായിരുന്നില്ലേ? അതാണു് ഇ. എം. എസിന്റെ ബുദ്ധി! ഇതൊക്കെ കഴിയുമ്പോഠം അടുത്തൊന്നും തിരുമേനി ഫാദർ വടക്കനെ സമീപിക്കയില്ല; വരും. ഇനിയത്തെ തെരഞ്ഞെടുപ്പു കാലത്തു് ആവശ്യമുണ്ടെങ്കിൽ ഐ. മു. കൊമ്പുണ്ടാക്കാൻ. അന്നു ഫാദർ വടക്കനു മത്സരിക്കാം. മത്തായി മാഞ്ഞൂരാനെപ്പോലെ മന്ത്രിയുമാകാം.

ഇടവക വികാരി

1956-ൽ 37-ാമത്തെ വയസ്സിൽ പുരോഹിതനായെങ്കിലും ഒരു ദശാബ്ദത്തിനുശേഷം മാത്രമെ ഫാദർ

വടക്കൻ ഇടവക വികാരിയായുള്ള. 1966-ൽ അദ്ദേഹം കുരിയച്ചിറ പള്ളി വികാരിയായി ചാജ്ജെടുത്തു. ക്രൈസ്തവ സംസ്കാരവും ജനക്ഷേമവും ഉന്നംവെച്ചു പല നവീനാശയങ്ങളും അദ്ദേഹം പ്രയോഗത്തിൽ വരുത്തി. പല നൂതന പദ്ധതികളും ആരംഭിച്ചു. കുരിയച്ചിറ ഇടവകയ്ക്കാകെ ഒരു നവജീവൻ വന്നു. ആടുകളും ഇടയനും ഒത്തൊരുമിച്ചു മേയുന്ന ഒരു മാതൃകാ ഇടവകയുടെ (ideal parish) പ്രതീതി സംജാതമായി. 1967-ലെ തിരഞ്ഞെടുപ്പു ഫാദർ വടക്കന്റെ സങ്കീർണ്ണമായൊരു വഴിത്തിരിവായിരുന്നു. ഒരു കത്തോലിക്കാപുരോഹിതൻ മറെറാരു ക്രിസ്തുവും ലോകത്തിന്റെ നേതാവും, വികാരിയാണെങ്കിൽ ആ ഇടവകയുടെ പിതാവുമാണ്. പട്ടിണിക്കാരന്റെയും പണക്കാരന്റെയും ചട്ടമ്പിയുടെയും പാട്ടിക്കാരന്റെയും പിതാവാണ്. കോൺഗ്രസ്സുകാക്കും പി. എസ്. പി. ക്കാക്കും, എസ്. എസ്. പി. ക്കാക്കും, കെ. ടി. പി. ക്കാക്കും ഒരുപോലെ ആ പുരോഹിതനിൽ ഒരു പിതാവിനെ കാണാൻ സാധിക്കണം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാട്ടിക്കാക്കു് അവശ്യം അനുസരിച്ചനുകരിക്കേണ്ട ഒരു വിശ്വാസസംഹിതയും പ്രത്യയശാസ്ത്രവുമുള്ളതുകൊണ്ടു് അവക്കു ക്രിസ്തുവിനെയോ ക്രിസ്തുവിന്റെ പുരോഹിതനെയോ പിതാവായി അംഗീകരിക്കാൻ സാദ്ധ്യമല്ല. സ്വപ്ന മണ്ഡലങ്ങളിലും ഇടവകക്കാരെ മക്കളായി കാണേണ്ട ഫാദർ വടക്കൻ കേവലം ഒരു രാഷ്ട്രീയ നേതാവായി, കെ. ടി. പി. പ്രചാരകനായി കാണപ്പെട്ടു. ക്രമേണ പ്രത്യക്ഷമായും

പരോക്ഷമായുള്ള അദ്ദേഹത്തിന്റെ പാട്ടിപ്രവ
ത്തനം ഇടവക വികാരിയുടെ അന്തസ്സിനേയും അധി
കാരത്തെയും വഷളാക്കി. പിതാവു് കേവലം കെ.
ടി. പി. നേതാവായി തരം താഴ്ന്നു. പാണ്ഡവ
കൗരവക്കൂടാരമായി കുരിയച്ചിറ ഇടവക. പൊട്ടാ
റായ അഗ്നിപർവ്വതംപോലെ അതു തുടിച്ചു വിങ്ങി.
ചേരിതിരിഞ്ഞുള്ള പ്രതികാരാട്ടഹാസംകൊണ്ടതു
തിളച്ചുപതച്ചു പൊങ്ങി. ലാവ പൊട്ടിയൊലിച്ചു.
വിഷലിപ്തമായ കട്ടപിടിച്ച കറുത്ത പുക അന്ത
രീക്ഷത്തെ ആവരണംചെയ്തു. അടിയും കുടിയും
മുറയ്ക്കു നടന്നു. ലോകസഭാസ്ഥാനാർത്ഥി മുവാമ്പി
മുതൽ ഫാദർ വടക്കൻ വൈദികവിദ്യാർത്ഥിയായിരുന്ന
കാലത്തെ തന്റെ വികാരിയായിരുന്ന ഫാദർ കല്ലുക്കാ
രൻവരെയുള്ളവക്കു ഫാദർ വടക്കന്റെ അടി കിട്ടി.
ചിലർ തിരിച്ചുമടിച്ചു. അങ്ങനെ ഒരു ചട്ടമ്പിപ്പടയുടെ
അഴിഞ്ഞാട്ടപ്രതീതി സംജാതമായി. ഇടവക ജനത്തി
ന്റെ കൗടാശികജീവിതം നിർജ്ജീവമായി. കത്തോലി
ക്കാവിശ്വാസം തകർന്നു. ഫാദർ വടക്കന്റെ അധീന
തയിലുള്ള വസ്തുവകകളുടെയും പ്രസ്ഥാനങ്ങളുടെയും
ക്രയവിക്രയത്തെക്കുറിച്ചും ലക്ഷ്യപ്രാപ്തിയെക്കുറിച്ചും
സുബോധമുള്ളവക്കെല്ലാം ആശങ്കയുണ്ടായി. പ്രശ്നങ്ങൾ
പ്രമാണങ്ങളായി. ഇടവക ഭരണം സങ്കീർണ്ണമായി. കുരി
യച്ചിറ ഇടവക പ്രതിസന്ധിയിലെത്തി. ഇതിനിടക്കു
ഫാദർ വടക്കനു വാതരോഗം മൂർച്ചിച്ചു. അവുധിയെടു
ത്തു. ചികിത്സ തുടങ്ങി. കൃപാദ്ധ്യക്ഷൻ തിരുമേനി

ഫാദർ വടക്കന്റെ വസതിയിലെത്തി അദ്ദേഹത്തെ സന്ദർശിച്ചു. ചികിത്സാവിധികളെക്കുറിച്ചു പിതൃനിർവ്വിശേഷം അന്വേഷിച്ചു. പണസംബന്ധമായ എല്ലാ സഹായവും വാഗ്ദാനം ചെയ്തു തിരിച്ചുപോന്നു. ചികിത്സ നീട്ടികൊണ്ടുപോകാൻ വീണ്ടും ലീവ് ഫാദർ വടക്കൻ ആവശ്യപ്പെട്ടു. ഇത്തരുണത്തിലാണ് ഫാദർ വടക്കന്റെ ഭരണഭാരത്തെ ലഘൂപ്പെടുത്താനും കുരിയച്ചിറ ഇടവകയുടെ പൊതുഗുണത്തെ കണക്കിലെടുക്കാനും തൃശ്ശൂർ മെത്രാൻ നിർബ്ബന്ധിതനായത്. ഫാദർ വടക്കനെ കുരിയച്ചിറ ഇടവക വികാരി സ്ഥാനത്തു നിന്നു വിടുതൽ ചെയ്തു. പോപ്പു ജോൺ ഭവനനിർമ്മാണപദ്ധതിയുടേയും മറ്റു പ്രസ്ഥാനങ്ങളുടെയും പ്രസിഡണ്ടായി തുടരാൻ ബിഷപ്പു കല്പനകൊടുത്തു. പ്രസ്ഥാനങ്ങളുടെ കണക്കും കാര്യങ്ങളും വസ്തുനിഷ്ഠമായി പരിശോധിക്കേണ്ട അടിയന്തിരാവസ്ഥ ഉൽഭൂതമായിട്ടുണ്ടെന്നു കൃപതാദ്ധ്യക്ഷനു ബോദ്ധ്യപ്പെട്ടപ്പോൾ റിക്കാഡുകളും കണക്കുകളും മെത്രാസനകച്ചേരിയിൽ ഹാജരാക്കാൻ ഉത്തരവുണ്ടായി. ഫാദർ വടക്കന്റെ ഉപശാലവൃത്തങ്ങളിൽ തിരക്കിട്ടാലോചനകൾ നടന്നു. പ്രതികരണങ്ങളുണ്ടായി. ഒപ്പുശേഖരണം നടന്നു. പ്രതിഷേധജാഥ സംഘടിപ്പിച്ചു. വിപ്ലവമുദ്രാവാക്യങ്ങൾ മുഴങ്ങി. അരമനയിൽ ആവലാതികൾ എത്തി. അനുകൂലപ്രതികൂലശക്തികൾ അണിനിരന്നു. ആകപ്പാടെ അസ്വസ്ഥത. സമരകാഹളം. കാര്യങ്ങളുടെ നിജസ്ഥിതി നേരിൽ മനസ്സിലാക്കാനും പിതൃപുത്രബന്ധ

ത്തിൽ ഒച്ചപ്പാടുണ്ടാക്കാതെ പ്രശ്നങ്ങളൊതുക്കിത്തീർക്കാനും അരമനക്കച്ചേരിയിലേക്കു ഫാദർ വടക്കൻ വിളിക്കപ്പെട്ടപ്പോൾ അനാരോഗ്യം അനുവദിക്കുന്നില്ലെന്നു മറുപടി കൊടുത്ത അദ്ദേഹം സ്ഥാനചലനകല്പനയെ എതിർത്തുകൊണ്ടു പ്രതിഷേധ പ്രകടനജാഥ നയിക്കാൻ തൊട്ടടുത്തദിവസംതന്നെ അരമനപ്പടിവരെ വന്നു. ശ്ലൈഹികാധികാരത്തോടുള്ള ജുഗുപ്സാവഹമായൊരു വെല്ലുവിളിയായിരുന്നു അതു്. ധിക്കാരത്തിന്റെയും ഔദ്ധത്യത്തിന്റെയും ഒരു പരസ്യപ്രകടനം. രാഷ്ട്രീയ ചൂതാട്ടത്തിലെ കരുപ്രയോഗം തിരുസ്സഭാഭരണക്രമത്തിൽ പരീക്ഷിച്ചുനോക്കാനുള്ള കടുത്ത കാട്ടാളത്തമായിരുന്നു അതു്. തിരുസ്സഭയുടെ തൃശ്ശൂർ ശ്രുതാചരിത്രത്തിൽ ഏറ്റവും ലജ്ജാകരമായ കറുത്ത കറപുരണ്ട അദ്ധ്യായം അങ്ങനെ എഴുതിച്ചേർക്കപ്പെട്ടു. നിയന്ത്രണാതീതമായ നീക്കങ്ങളുടെ സൂചനകൾ കാണപ്പെട്ടപ്പോൾ—ചികിത്സാലയത്തിൽനിന്നു പുറത്തുപൊതുരംഗത്തു പ്രതികാരപ്രചരണങ്ങൾക്കു പ്രത്യക്ഷപ്പെട്ടപ്പോൾ—സ്വന്തം മുറിയിൽ ദിവ്യബലി അർപ്പിക്കാനുള്ള പ്രത്യേകാനുകൂല്യം രോഗിയെന്ന നിലയിൽ ഫാദർ വടക്കനു് അനുവദിക്കപ്പെട്ടിരുന്നതു് നിർഭാഗ്യരംഗങ്ങളുടെ പശ്ചാത്തലത്തിൽ തൃശ്ശൂർ ശ്രുതാദ്ധ്യക്ഷൻ പിൻവലിച്ചു. പ്രസ്ഥാനങ്ങളുടെ അദ്ധ്യക്ഷപദവികളിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കി. സ്വകാര്യമുറിയിൽ കുമ്പാനമുടക്കിയപ്പോൾ പ്രതിഷേധം പ്രകടിപ്പിക്കാൻ ബലിയർപ്പണമേ വേണ്ടെന്നുവെച്ചു. കാര്യങ്ങൾ വഷളായി. രംഗം

ചൂടുപിടിച്ചു. നാടാകെ ഓടിനടന്നു പ്രസംഗമായി. പ്രചരണമായി. അവസാനം ഫാദർ വടക്കന്റെ രണ്ടാം പുത്തൻകുബ്ബാന കുരിയച്ചിറ പള്ളിയിൽ ആഘോഷിക്കപ്പെട്ടു. പാട്ടും കൊട്ടും വെടിയും പടക്കവും താളവും മേളവും സദ്യയും സദസ്സുമൊക്കെ ബഹു കേമമായിരുന്നു. ആകപ്പാടെ ഒരു ഉത്സവാന്തരീക്ഷം. പ്രതികാരോഷ്മളത. സംഘർഷാവസ്ഥ. ഫാദർ വടക്കന്റെ തുടർന്നുള്ള അനുദിന പുത്തൻ കുബ്ബാനാഘോഷാവിഷ്കരണപരിപാടി വിചിത്രമായി പുരോഗമിച്ചാൽ കുരിയച്ചിറപ്പള്ളിയിലേയും പരിസരത്തിലേയും അസ്വസ്ഥത അനിഷ്ടസംഭവങ്ങൾക്കിടയാക്കിയേയ്ക്കുമെന്നു ശ്രുതാഭ്യുക്ഷൻ ന്യായമായി അനുമാനിച്ചു. അക്കാരണത്താൽ കുരിയച്ചിറപ്പള്ളിയിലും ഇടവകാതിർത്തിക്കുള്ളിലും ദിവ്യബലി അർപ്പിക്കാൻ നിരോധിച്ചുകൊണ്ട് ബിഷപ്പിന്റെ ഉത്തരവുണ്ടായി.

പൂരപ്പറമ്പിലെ പൂജാപ്പണം

തൃശ്ശൂർ ശ്രുതയുടെ സവ്യാധികാരിയായ ബിഷപ്പിന്റെ കല്പനയുടെ പ്രത്യാഘാതമായിരുന്നു കഴിഞ്ഞ നവമ്പർ 14-ാംനു- തൃശ്ശൂർ പൂരപറമ്പിലെ വടക്കുന്നാഥക്ഷേത്രനടയിലർപ്പിക്കപ്പെട്ട ഫാ. വടക്കന്റെ മൂന്നാം പുത്തൻകുബ്ബാന. എന്തൊരു വിരോധാഭാസം! ലോകത്തിന്റെ പാപങ്ങൾ വഹിക്കുന്ന ദൈവത്തിന്റെ ചെമ്മരിയാട്ടിൻകുട്ടിയെ ബലിയർപ്പിക്കാൻ ഫാ. വടക്കൻ

ധിക്കാരപൂവ്വം തെരഞ്ഞെടുത്തതു് അമ്പലപ്പുറമ്പായിരുന്നു. കുരിയച്ചിറ ഇടവക ഒഴിച്ചു തൃശ്ശൂർ രൂപതയിൽ 500 ലേറെ അംഗത്താരകളും ഗാഗുൽത്തായിലെ ബലിയർപ്പിക്കാൻ തുറന്നു കിടക്കുമ്പോഴാണു് അന്ധമായ ഈ തോന്ന്യാസം ഫാദർ വടക്കൻ കാണിച്ചതു്. രൂപതാദ്ധ്യക്ഷന്റെ പ്രത്യേകാനുമതിപോലുമില്ലാതെ യാതൊരു പുരോഹിതനും നിർദ്ദിഷ്ട സ്ഥലത്തിനപ്പുറത്തു ദിവ്യബലിസമർപ്പിക്കാൻ പാടില്ലെന്നറിവുള്ള ഫാ. വടക്കന്റെ കയ്യക്തി ആത്മഹത്യാപരമായിരുന്നു. "കുമ്പസാരം ചൊല്ലാൻ തടസ്സമില്ലാത്ത വൈദികർക്കു വിമാനത്താവളത്തിലും റെയിൽവേ സ്റ്റേഷനിലും മരച്ചുവട്ടിലും മൈതാനത്തിലുമെല്ലാം അതു അർപ്പിക്കാമെന്നാണു് ആധുനിക ദൈവശാസ്ത്രജ്ഞന്മാർ ഏകകണ്ഠമായി സമ്മതിച്ചിട്ടുള്ളതു്". (ഫാദർ വടക്കൻ—ദീപിക 24_11_1971). ഇതു് ഏതാണ്ടു്, ബൈബിളിൽ ദൈവമില്ലെന്നു ആധുനിക ദൈവശാസ്ത്രജ്ഞന്മാർ പ്രസ്താവിച്ചിട്ടുണ്ടെന്നു ഫാദർ വടക്കൻ സമർത്ഥിക്കുന്നതുപോലെയായിരിക്കും. ബൈബിളിലെ ഒരു വാക്യത്തിന്റെ പ്രഥമ ഭാഗം മാത്രമാണതു്. എഴുതപ്പെട്ടതു മുഴുവനും വായിക്കുമ്പോൾ തെറ്റിപ്പു വ്യക്തമാകും. "മൂകളിലൊരു ദൈവമില്ലെന്നു മൂഢന്മാർ അവരുടെ ഉള്ളിൽ പറഞ്ഞു; അവർ തിന്മ ചെയ്തു പാപികളായി"—(സങ്കീ. 53/1) എന്നാണു്. പൊതുജനത്തിന്റെ ആവശ്യത്തിനുവേണ്ടിയോ ഒരു സ്ഥലത്തും ബലിയർപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വി. കുമ്പസാരം ഉപേക്ഷിക്കേണ്ടിവരുമെന്ന

പ്രത്യേകാവസരത്തിലോ ആണ്. ആധുനിക വൈശാ
സ്ത്രജ്ഞന്മാരുടെ അഭിപ്രായം ശ്രുപാദ്ധ്യക്ഷന്മാരുടെ
സമ്മതത്തോടെ പ്രയോഗത്തിലാക്കേണ്ടതു്. ചേൽപൂര
യില്ലാത്തവനു് തീപ്പേടിയില്ലാത്തതുപോലെയായിരു
ന്നു ഫാദർ വടക്കന്റെ പൂരപറമ്പിലെ പൂജാപ്പണം.
സുബുദ്ധിയുള്ളവർക്കു് ഒരു ചട്ടമ്പിയുടെ തെമ്മാടിത്ത
മായിട്ടേ അതു മനസ്സിലാക്കാനൊക്കൂ. കള്ളുഷാപ്പിലും
കൂളിക്കടവിലും വ്യഭിചാരശാലയിലും ഫാദർ വടക്കൻ
ദിവ്യബലിയർപ്പിക്കാൻ തുടങ്ങിയാൽ അതിലാരും അത്ഭു
തപ്പെടുകയില്ല. പരിഭ്രമിക്കയില്ല. ക്രിസ്തുവിന്റെ
പ്രഥമ ബലിതന്നെ പരമദുഷ്ടനായ യൂദാസിന്റെ
ചുംബനത്താലാണല്ലൊ ആരംഭിച്ചതു്. യുഗങ്ങളോതോ
റും യൂദാസിന്റെ പിൻഗാമികളുണ്ടാകും. പ്രവാചക
ന്മാരാൽ എഴുതപ്പെട്ടിട്ടുള്ളതു പൂർത്തിയായേ തീരൂ:
"മനുഷ്യപുത്രൻ തന്നെ കുറിച്ചു് എഴുതപ്പെട്ടിരിക്കുന്ന
തുപോലെ പോകുന്നു. മനുഷ്യപുത്രൻ ആരാൽ ഒറ്റി
കൊടുക്കപ്പെടുന്നുവോ ആ മനുഷ്യനു ഹാ! കഷ്ടം! ആ
മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ അവനു നന്നായി
രുന്നു". (St. Mt. 26/24). മാലാഖയുടെ നൈർമ്മ
ല്യത്തോടും മാടപ്രാവിന്റെ നിഷ്കളങ്കതയോടും പരി
ശുദ്ധാത്മാവിന്റെ പരിശുദ്ധ സ്നേഹത്തോടുംകൂടെ ലോ
കത്തിന്റെ പാപപരിഹാരത്തിനായി അർപ്പിക്കപ്പെ
ടേണ്ട മഹോത്തരമായ സ്വർഗ്ഗീയബലി—കറയില്ലാത്ത
കുഞ്ഞാടിനെ ഒരു കശാപ്പുകാരന്റെ ക്രൂരതയോടും
കൌടില്യത്തോടുംകൂടെ സ്വന്ത മെത്രാനോടുള്ള വാശി

യും പകയും പരസ്യമായും നഗ്നമായും വിളംബരം ചെയ്യാൻ ഫാദർ വടക്കൻ കരുതി കഴിച്ചു. ഏറ്റവും ഭീകരമായും ഭീഭത്സമായും ചൂഷണം ചെയ്യ. പേടിയോടും വിറയലോടുംകൂടെ പരികമ്മം ചെയ്യപ്പെടേണ്ട ആ ദഹനബലി ദാംഭികത്തള്ളിലോട്ടും പ്രതികാരദാഹാസത്തോടുംകൂടെ വടക്കുനാഥക്ഷേത്രപടിക്കൽ ഏറ്റവും പൈശാചികമായ കോപതീച്ചൂളയിൽ ഫാദർ വടക്കൻ ചുട്ടകരിച്ചു. മാലാഖമാർ പേടിച്ചുവിറക്കുന്ന ബലിപീഠത്തിനരികെ പോക്കറടിക്കാരും മുച്ചീട്ടുകളിക്കാരും വാരിക്കുന്തക്കാരും കത്തികുത്തുക്കാരും സ്റ്റേഷൻ കേടികളും അണിനിരന്നു, ആ ബലിയപ്പുണ്ണാഭാസത്തിൽ അഹംത്താരശുശ്രൂഷികളായി അകമ്പടി സേവിച്ചു. രാക്ഷസീയമായൊരു നരകീയ അഴിഞ്ഞാട്ടം ഫാദർ വടക്കൻ അങ്ങിനെ നടത്തി, കൃതാർത്ഥനായി. ഹൈന്ദവർ ലജ്ജിച്ചു. അകത്തോലിക്കർ അമ്പരന്നു. വിശ്വാസികളം വിഷണ്ണരായി. വൈദികർ വ്രണപ്പെട്ടു. അധികാരികളം ആകുലരായി; തിരുസഭാ മാതാവു ശോകമൂകയായി—വഷളായി. നരകം സന്തോഷിച്ചു; വാരോദനാൻ ജയിച്ചു. ഫാദർ വടക്കൻ സമർത്ഥനായി. അജയ്യമായ ആത്മശക്തി! അസാധാരണമായ ധീരത! അമേരിക്കയുടെ ആരാധ്യപുരുഷനായ—നിസ്സലപ്രഭാവനായ എബ്രാഹം ലിങ്കനെ വെടിവെച്ചുകൊന്ന ജോൺ വിൽക്കിസ് ബൂത്തു ധീരനായിരുന്നെങ്കിൽ; മനുഷ്യലോകത്തിനു വളരെയേറെ പ്രതീക്ഷ നല്കിയിരുന്ന മനുഷ്യസ്നേഹിയായ U. S. A. പ്രസിഡൻറ്

ജോൺ കെന്നഡിയെ വധിച്ച നീചനായ ഓസ്വാൾഡ് ധീരനായിരുന്നെങ്കിൽ; ഐക്യനാട്ടുകളിലെ നീഗ്രോവർഗ്ഗക്കാരുടെ അവകാശസംരക്ഷകനായിരുന്ന ഡാക്ടർ മാർട്ടിൻ ലൂഥർകിങ്ങിനെ കൊലപ്പെടുത്തിയ ഏറിക സ്റ്റാർവോഗാൾട്ട ധീരനായിരുന്നെങ്കിൽ; ആഷ്ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയെ നിഷ്ഠുരണം നിഗ്രഹിച്ച ദുഷ്ടനായ നാഥുറാം ഗോഡ്സെ ധീരനായിരുന്നെങ്കിൽ; ആത്മഗുരുവിനെ കുരിശിൽ തൂക്കാൻ റോമൻ പടയാളികൾക്കു് ഒറ്റികൊടുത്ത ദൈവദ്രോഹിയായ യൂദാസ് ധീരനായിരുന്നെങ്കിൽ; അനാവശ്യമായി അമ്പലപറമ്പിൽ ധിക്കാരത്തോടും ഹുങ്കാരത്തോടുംകൂടെ വടക്കുന്നാഥനെ സാക്ഷി നിറുത്തി ദിവ്യബലിയർപ്പിച്ച ക്രിസ്തുവിനെ അവഹേളിച്ച ഫാദർ വടക്കൻ ധീരനാണ്!

ഫാദർ വടക്കന്റെ പി. കുഞ്ഞാനയിലുള്ള വിശ്വാസവും ഭക്തിയും കേവലം നാടകീയമാണെന്നു് 1967 ഒക്ടോബർ 17-ാംതീയ്യതി ബ്രാഹ്മണരും പള്ളിയാക്രമണത്തോടനുബന്ധിച്ചു വൈദീകർക്കും വിശ്വാസികൾക്കും ഏറെക്കുറെ മനസ്സിലായിട്ടുണ്ടു്. ദിവ്യകാരുണ്യനാഥന്റെ സക്രാരി കുത്തിപൊളിച്ചു. കുസ്തോദിയവന്നെടുത്തു. തിരുവോസ്തികൾ ദൈവാലയപ്പരിസരത്തുള്ള പൊട്ടക്കുളത്തിൽ വലിച്ചെറിഞ്ഞു. ചണ്ടിപോലെ പൊന്തിക്കിടന്നു. ആകാശത്തിൽ നിന്നിറങ്ങിയ മാലാഖമാരുടെ അപ്പം—നിത്യപുരോഹിതനായ

ക്രിസ്തു—സാക്ഷാൽ ദൈവപുത്രൻ ഫാദർ വടക്കന്റെ ആരോഗ്യമന്ത്രിയുള്ള കാലത്തു കേരളക്കരയിൽ അങ്ങിനെ അവഹേളിക്കപ്പെട്ടു. ഫാദർ വടക്കനും ആരോഗ്യമന്ത്രിയും മുഖ്യമന്ത്രി ഈ. എം. എസ്സുമൊക്കെ വന്നു. രംഗം വീക്ഷിച്ചു. മുഖ്യമന്ത്രി പതിവുപോലെ സഹതാപം രേഖപ്പെടുത്തി. കുറവാളികളെ വേട്ടയാടി പിടിച്ചു മാതൃകാപരമായി ശിക്ഷിയ്ക്കുമെന്നു ദൈവത്തിലൊ മതത്തിലൊ വിശ്വാസമില്ലാത്ത ഇ. എം. എസ്. തിരുമേനി ഉഗ്രശപഥം ചെയ്തു. വീരവാദം മുഴക്കി. ആരോഗ്യമന്ത്രി ഒപ്പം മുഴക്കി.

ഫാദർ വടക്കൻ തൃപ്തനായി. അവസാനം സ്റ്റേഷൻ കെ. ഡി. ആയിരുന്ന കുഞ്ഞുണ്ണിനായരെക്കൊണ്ടു ഇ. എം. എസിന്റെ പോലീസ് കുറ്റം സമ്മതിപ്പിച്ചു. അന്വേഷണപ്രഹസനം പൂർത്തിയാക്കി. 'തൊഴിലാളി' വിജയാരവം കൂകിവിളിച്ചു. സപ്തകക്ഷി സക്കാരിനെ പാടിസ്തുതിച്ചു: "ബ്രഹ്മകുളം പള്ളിയാക്രമണത്തിലെ പ്രതിയെ പോലീസ് അറസ്റ്റുചെയ്തു. കുപ്രചരണക്കാക്കു് അത്ഭുതം—ഭരണകക്ഷിയുടെ നേട്ടം—പോലീസിന്റെ ഭഗീരഥപ്രയത്നം—തൃശ്ശൂർ ഡി. വൈ. എസ്പിയും ചാലിശ്ശേരി പോലീസും സ്ഥലത്തെത്തി. തിരുവോസ്തിയും മറ്റും പ്രതി നിക്ഷേപിച്ചിരുന്ന കുളം പ്രതിയുടെ സാന്നിദ്ധ്യത്തിൽ, കുളത്തിലെ ജലം വളരെ ഭക്ത്യാദരപൂർവ്വം ആ പ്രദേശത്തുള്ളവർ കരുതിയിരുന്നതുകൊണ്ടു് കുളത്തിൽനിന്നു പുറത്തേയ്ക്കുടിച്ചു വെള്ളം

കളയാതെ കണ്ട കിണറുകളിലേക്കു് അടിച്ചുകയററി കളും വററിക്കുകയാണു് ചെയ്തതു്"—(തൊഴിലാളി 15_1_1968). അഹൊ! എന്തൊരു ദിവ്യകാരുണ്യഭക്തി! മഹത്തായ വിശ്വാസപ്രകടനം! ഇ. എം. എസ്. നമ്പൂതിരിപ്പാടും ബി. വെല്ലിങ്ടനും ഫാദർ വടക്കനും കൂടി ഒരു പൊട്ടൻകളി കളിച്ചതാണു് ഈ അനേഷണ കോപ്രാട്ടി. ഒരുതരം സ്റ്റണ്ടുമാത്രമായിരുന്നു അതു്. പൊതുജനം കഴുതയാണല്ലോ! കത്തോലിക്കാ വിശ്വാസം ഉണ്ടാപ്പിണ്ടിയും!! ഫാദർ വടക്കൻ ക്രിസ്തുവിന്റെ നിത്യപുരോഹിതത്തിൽ പങ്കുപററിയിട്ടുണ്ടെന്നു വിശ്വസിച്ചിരുന്നെങ്കിൽ, ആ പുരോഹിതത്തിന്റെ പരമശക്തികൊണ്ടു് 5000 ലേറെ പ്രാവശ്യം ഗാഗുൽത്താമലയിലെ മഹത്തായ ബലി ഫാദർ വടക്കൻതന്നെ തന്റെ സ്വന്തകരങ്ങളിൽ ആവത്തിച്ചതു് സത്യമായി അദ്ദേഹം വിശ്വസിച്ചിരുന്നെങ്കിൽ; ലോകത്തിനു ജീവൻ നല്കുന്ന സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പമാണു് (St. John 6/34, 51) ആ പൊട്ടക്കൊളത്തിൽ പൊന്തിക്കിടന്നതെന്നു ഫാദർ വടക്കൻ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നെങ്കിൽ, സ്റ്റേഷൻ കേഡി കുഞ്ഞുണ്ണി നായരെ പിടിച്ചു കുററം സമ്മതിപ്പിച്ചതുകൊണ്ടു ഫാദർ വടക്കൻ അടങ്ങുമായിരുന്നില്ല. യഥാർത്ഥ കുററവാളിയെ കണ്ടുപിടിക്കാൻ മുതിരാത്ത മന്ത്രിസഭയിൽനിന്നും അദ്ദേഹത്തിന്റെ ആരോഗ്യമന്ത്രിയെക്കൊണ്ടു് രാജിവെപ്പിക്കേണ്ടതായിരുന്നു. അതുണ്ടായില്ല. ക്രിസ്തു ക്രൂശിയ്ക്കപ്പെട്ടാലും അപമാനിക്കപ്പെട്ടാലും അധികാര

ത്തിൽ കടിച്ചുതൂങ്ങിക്കിടക്കാനാണ് ഫാദർ വടക്കൻ തീരുമാനിച്ചതു്. കേവലം 30 വെള്ളിക്കാശിനുവേണ്ടി യല്ലേ യൂദാസും അതുതന്നെ ചെയ്തതു്?

തിരുസഭാമാതാവിനെ അപലപിക്കുന്നു

കഴിഞ്ഞ നവമ്പർമാസം തൊട്ടിനുവരെ പത്രസമ്മേളനങ്ങളിലൂടേയും മൈതാനപ്രസംഗങ്ങളിലൂടേയും ഫാദർ വടക്കൻ തിരുസ്സഭാമാതാവിനേയും പൗലോസ് ആറാമൻ മാപ്പാപ്പയേയും മെത്രാന്മാരേയും കത്തോലിക്കാ വൈദികരേയും കന്യാസ്ത്രീകളേയും അതിരുക്ഷമായി വിമർശിച്ചുകൊണ്ടു് കുപ്രചരണങ്ങൾ നടത്തിവരികയാണു്. അദ്ദേഹത്തിന്റെ പ്രസ്താവനകളും ഉദ്ധരണികളും അതിനു സജ്ജീവസാക്ഷികളാണു്: "എന്റെ നാവും ചുണ്ടുകളും വരിഞ്ഞുകെട്ടി; കൈകാലുകൾ ബന്ധിച്ചു; പേനയൊടിച്ചു.....അതുകൊണ്ടു ഞാൻ മൗനം ലംഘിച്ചു. വിശ്വാസികളേയും നാട്ടുകാരേയും വിവരമറിയിക്കാൻ ഞാൻ നിർബ്ബന്ധിതനായി". എന്നു് കൊച്ചിയിലെ റെസ്റ്റഹൗസിൽ പത്രസമ്മേളനം നടത്തുമ്പോൾ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി നേതാവായിരുന്ന ഖദർ ളോഹ ധരിച്ച ഫാദർ വടക്കൻ വികാരാവേശത്തോടെ പറയുകയുണ്ടായി". അദ്ദേഹം തുടർന്നു: "തന്നെസംബന്ധിച്ച നടപടികൾക്കു കാരണം വ്യക്തിപരമല്ല; സാമൂഹികവും, സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളാണു് അതിന്റെ പിന്നിൽ.

മുന്നോട്ടേയ്ക്കാഞ്ഞു, കൈകൾ വീശി ശബ്ദമുയർത്തിക്കൊണ്ട് അദ്ദേഹം തുടർന്നു: "രംഗം ചൂടായിട്ടില്ല; ചൂടാകാൻ പോകുന്നതേയുള്ളൂ". അദ്ദേഹത്തിന്റെ മുഖം ചുമക്കുകയും നെറ്റിയിൽനിന്നു വിയർപ്പ് ഒഴുകുകയും ചെയ്തു. "കത്തോലിക്കാ പുരോഹിതന്മാരുടെ പ്രാകൃതരായ തലവന്മാർ" തുടങ്ങിയ പദപ്രയോഗങ്ങൾ അദ്ദേഹം നടത്തി. "പല മാപ്പിളപ്പാട്ടുകളേക്കാളും ഭേദമാണ് ഇരുപത്തിമൂന്നാം (ആറാം പയസ് എന്നായിരിക്കയുള്ളൂ) പോൾ മാപ്പിളപ്പാട്ടെങ്കിലും പോപ്പ് ജോണിനെ അപേക്ഷിച്ച്". അദ്ദേഹം പിന്തിരിപ്പനാണ്". ഫാദർ വടക്കൻ പറഞ്ഞു. "എന്നെ മഹറോൻ ചൊല്ലിക്കോട്ടെയെന്നും ഫാദർ വടക്കൻ മെല്ലെ പിറുപിറുത്തു".....കത്തോലിക്കാപുരോഹിതന്മാർക്കു വിവാഹസ്വാതന്ത്ര്യം അനുവദിക്കണമെന്നാണ് എന്റെ അഭിപ്രായമെന്നു 53 കാരനായ ഫാദർ പറഞ്ഞു. സൂനഹദോസിൽ 87 പേർ ഈ അഭിപ്രായത്തോടു് അനുകൂലമായും 113 പേർ എതിരായുമാണ് വോട്ടു ചെയ്തതു്. ഇവിടെനിന്നു വത്തിക്കാനിലെ സൂനഹദോസിൽ പങ്കെടുത്തവരാരും ഈ 87 പേരിൽ ഉണ്ടായിരുന്നില്ലെങ്കിൽ അവർ ഈ രാജ്യത്തെ പ്രതിനിധീകരിക്കാൻ അർഹരല്ല. അവർ ഡോളറിനുവേണ്ടിയാണു് പോകുന്നതു്"—(മാതൃഭൂമി 8-11-1971). "അധികാരാതിമിരം ബാധിച്ച സഭാധികാരികളുടെ വിവരക്കേടിനെ ചെറുക്കുകതന്നെ ചെയ്യും.....100 കണക്കിനു പുരോഹിതന്മാരെ അരമനയുള്ളിൽ ഇവർ കെട്ടിവരി

ഞ്ഞു നിൽക്കിയിരിക്കുന്നു. 1000 കണക്കിനു കന്യാസ്ത്രീകളെ ഒന്നു ടെലഫോൺ ചെയ്യാൻ അവകാശമില്ലാതെ ഇരുമ്പഴിക്കിടങ്ങുകളിൽ അവർ തളച്ചിട്ടിരിക്കുന്നു. അധികാരം കിട്ടിയാൽ എന്തുമായി എന്നാണിവരുടെ വിചാരം. തലയിൽ കിരീടവും അരയിൽ വളക്കെട്ടും കൈയിൽ ചെങ്കോലും ഇരിക്കാൻ സിംഹാസനവും റോമിൽനിന്നൊരു പ്രശംസാപത്രവും കിട്ടിയാൽ ആരോടെന്തും കല്പിച്ചുകളയാം എന്ന മൗഢ്യമാണിവക്കുള്ളതു്. പ്രബുദ്ധതയുള്ളവരെ—കഴിവും ധീരതയുമുള്ളവരെ അവർ ഉയർത്തുകയില്ല. പല്ലിളിച്ചു കമ്പിട്ട കാലുനക്കുന്ന വിഡ്ഢികളെ അവർ പിടിച്ചുയർത്താൻ ശ്രമിയ്ക്കും. ചെറ്റക്കുടിലുകളിൽനിന്നുയരുന്ന രോദനങ്ങൾ അവരുടെ കണ്ണുപൂടങ്ങളിൽ പതിയുകയില്ല. അംബരചുംബികളായ കൊട്ടാരങ്ങളിൽനിന്നു വരുന്ന ആജ്ഞകളെ അവർ ചെവിക്കൊള്ളും.....മെത്രാന്മാരുടെ കൈവശമിരിക്കുന്ന 1000 കണക്കിനു ഭൂമി പിടിച്ചു ഭൂരഹിതർക്കു നല്കുന്ന കാലം വരുവാൻ ഇനിയും അധികനാൾ കാത്തിരിക്കേണ്ടതില്ല" -(തൊഴിലാളി 12_11_1971). ആഫ്രോ ഏഷ്യൻ രാജ്യങ്ങളിലെ വൈദികാദ്ധ്യക്ഷന്മാരിൽ 95%വും പിൻതിരിപ്പൻ ആശയക്കാരാണു്. ഈ ആഫ്രോ ഏഷ്യൻ ബിഷപ്പുമാർ പുരോഗമന ആശയക്കാരായി മാറിയാൽ റോമയിലെ പിന്തിരിപ്പൻ ആശയക്കാരുടെ ആധിപത്യം അവസാനിക്കും. (ഫാദർ വടക്കൻ_ദേശാഭിമാനി_25_11_1971).

ഇതുവരെ കത്തോലിക്കാ ബിഷപ്പുമാരെ പരക്കെ പഴിപറയുകയായിരുന്ന ഫാദർ വടക്കൻ. ഇനി തൃശ്ശൂർ മെത്രാൻ ജോസഫ് കുണ്ടുകുളത്തെ തെരഞ്ഞുപിടിച്ച് ആക്രമിക്കുന്നതാണ് നാം കാണുക. അന്തസില്ലാത്ത അദ്ദേഹത്തിന്റെ വാചകകസർത്ത് കേവലം ബാലിശമായിപ്പോയി. "പരിചയത്തിലും പരിജ്ഞാനത്തിലും പക്വതയിലും ശിശുപ്രായംവിടാത്ത ഒരാൾ തൃശ്ശൂർ ബിഷപ്പായപ്പോൾ സ്ഥാപിതതാല്പര്യക്കാർ ഒന്നടങ്കം അദ്ദേഹത്തിൽ നിഷ്ഫലം സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമാണ് ഇന്നു കാണുന്ന സംഭവവികാസങ്ങളെന്നു ഫാദർ വടക്കൻ പറയുകയുണ്ടായി"—(ദേശാഭിമാനി 25_11_1971). തുടർന്നു കത്തോലിക്കാ പുരോഹിതന്മാരുടെ മനസ്സാക്ഷിയുടെ മഠബഹയിലേക്കും രഹസ്യജീവിതത്തിന്റെ ഉള്ളറകളിലേക്കും ഫാദർ വടക്കൻ വിരൽചൂണ്ടി. അവരുടെ അപ്പീത കന്യാത്വജീവിതത്തെ അദ്ദേഹം കരിതേച്ചു. ഫാദർ വടക്കൻ പറഞ്ഞു: "ബ്രഹ്മചര്യം സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം വൈദികർക്ക് അനുവദിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പുരോഹിതന്മാരുടെ മേൽ നിർബ്ബന്ധിതമായി ബ്രഹ്മചര്യം അടിച്ചേല്പിക്കപ്പെടുന്നുണ്ടെങ്കിലും ഒരു ചെറിയ ശതമാനം മാത്രമാണ് സത്യസന്ധതയോടെ അതു പാലിക്കുന്നതെന്നു ഫാദർ വടക്കൻ ചൂണ്ടിക്കാട്ടി"—(ദേശാഭിമാനി 25_11_1971.)

പോപ്പ് പോൾ ആറാമൻ

53 കൊല്ലങ്ങൾക്കുമുമ്പു് പൗരോഹിത്യം സ്വീകരിച്ച പോൾ ആറാമൻ മാപ്പാപ്പ ഒരു തികഞ്ഞ വിപ്ലവകാരിയാണെന്നു വസ്തുനിഷ്ഠമായി പറയാൻ സാധിക്കും. ഭാഗ്യസ്മരണാർഹനായ 23-ാം യോഹന്നാൻ മാപ്പാപ്പപോലും പ്രയോഗത്തിൽ വരുത്താൻ ധൈര്യപ്പെടാത്ത വിപ്ലവാദർശങ്ങൾ പോൾ ആറാമൻ മാപ്പാപ്പ നടപ്പിലാക്കി. സഭാഭരണം പരിഷ്കരിച്ചു. അഖിലലോക പ്രശസ്തമായ 2-ാം വത്തിക്കാൻ സൂനഹദോസ് അതുന്നംവെച്ച ലക്ഷ്യത്തിലെത്തിക്കാൻ അദ്ദേഹത്തിനു് സാധിച്ചു. മാപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ പിറ്റെദിവസംതന്നെ, സാമൂഹ്യവും അന്തർദ്ദേശീയവുമായ വ്യാപാരങ്ങളിൽ നീതി പ്രോത്സാഹിപ്പിക്കുമെന്നും ക്രിസ്തീയ സഭകളുടെ ഐക്യത്തിനും സർവ്വമതസാഹോദര്യത്തിനും മാനവലോക സമാധാനത്തിനുംവേണ്ടി അക്ഷീണം പ്രയത്നിക്കുമെന്നും അദ്ദേഹം മാനവരാശിയോടു ശപഥംചെയ്തു. സിംഹാസനാരോഹണത്തിനുശേഷം ആഗോളപര്യടനം നടത്തി പുറജാതികളുടെ അപ്പസ്തോലനായ മാർ പൗലോസ് ശ്ലീഹായുടെ പിൻഗാമിയായി വ്യത്യസ്ഥഭരണ വ്യവസ്ഥിതിയും പ്രത്യയശാസ്ത്രവും ആശ്ലേഷിച്ചിരുന്ന വിവിധ മതാനുയായികളെ അദ്ദേഹം ഒരു മാലയിലെ പൂക്കൾപോലെ കോർത്തിണക്കി. ദൈവത്തിന്റെ പിതൃതത്വത്തിനും മനുഷ്യരുടെ ഭ്രാതൃതത്വത്തിനും അദ്ദേഹം

അപ്രതിരോധ്യനായ പ്രവാചകനായി. ലോകചരിത്രത്തിൽ ആദ്യമായി ന്യൂയോർക്കിൽ ചെന്ന് ഐക്യരാഷ്ട്ര സംഘടനയിൽ പോപ്പ് മാപ്പപ്പ പ്രസംഗിച്ചത് ഉല്ലംഘനമായ പുരോഗമനത്തിന്റെ ഒരുറച്ച കാൽവെപ്പായിരുന്നു. ആണ്ടിതോറും ജനുവരി ഒന്ന് ലോകസമാധാനദിനമായി ലോകരാഷ്ട്രങ്ങൾ ആചരിക്കണമെന്ന അദ്ദേഹത്തിന്റെ ആഹ്വാനം ലോകമാസകലം സ്വീകരിച്ചംഗീകരിച്ചു. വിയറ്റ്നാം യുദ്ധം അവസാനിപ്പിക്കാൻ ആ സമാധാനപ്രിയൻ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കണ്ട് സംസാരിച്ചു. ഒരു ദശാബ്ദമായി കത്തോലിക്കാ ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള ഐത്തം അവസാനിപ്പിക്കാൻ ഓർത്തഡോക്സ് സഭാധ്യക്ഷനായ അത്തനാഗോറസ് പാത്രിയാർക്കീസിനെ അദ്ദേഹം കെട്ടിപ്പിടിച്ചാലിംഗനം ചെയ്തു. ആംഗ്ലിക്കൻ സഭാധിപതി ഡോക്ടർ മൈക്കിൾ റാംസേയെ വത്തിക്കാനിൽ സ്വീകരിച്ച് ആംഗ്ലിക്കൻസഭ ക്രിസ്തുവിന്റെ മൗതികശരീരത്തിൽപ്പെട്ടതാണെന്ന സത്യം അദ്ദേഹം ലോകത്തെ ബോദ്ധ്യപ്പെടുത്തി. ജനീവായിലെ ലോകസഭാ കൗൺസിലിൽ ക്രൈസ്തവസഭൈക്യത്തിനുവേണ്ടി തീക്ഷ്ണമായി അദ്ദേഹം പ്രാർത്ഥിച്ചു. ഉജ്ജ്വലമായി പ്രസംഗിച്ചു. ഹൈന്ദവരേയും ബൗദ്ധരേയും താവോയിസ്റ്റുകളേയും മുഹമ്മദീയരേയും അദ്ദേഹം വത്തിക്കാനിൽ ക്ഷണിച്ചുവരുത്തി സല്ക്കരിച്ചു. സ്വമത സാഹോദര്യത്തെ ഊട്ടിവളർത്തി. കമ്മ്യൂണിസത്തെ വെറുത്തു കമ്മ്യൂണിസ്റ്റുകളെ സ്നേഹിക്കണമെന്ന

ദ്ദേഹം ലോകത്തെ പഠിപ്പിച്ചു. നൂറ്റാണ്ടുകളായി കത്തോലിക്കാതിരുസഭയിലും കേന്ദ്രഭരണസമിതി—റോമൻകൂരിയയിലുമുണ്ടായിരുന്ന ഇറ്റലിക്കാരായ കട്ടിനാളന്മാരുടെ മേധാവിത്വത്തെ അദ്ദേഹം അവസാനിപ്പിച്ചു. സഭയിലെ അതിപുരാതനമായ അനാവശ്യാഡംബരങ്ങളെ സുധീരം വെട്ടിമാറ്റി. സാവ്വ്രതിക സഭാഭരണത്തിനു് പ്രജാധിപത്യസ്വഭാവമുള്ള ലോകമാസകലമുള്ള പ്രാദേശിക മെത്രാന്മാരുടെ ഒരു സ്ഥിരം സിനഡ് അദ്ദേഹം സ്ഥാപിച്ചു. ലോകരാഷ്ട്രങ്ങളിൽ ഒരു വലിയ ശതമാനവും ഐക്യരാഷ്ട്രസംഘടനയും മുക്തകണ്ഠം പ്രശംസിച്ച വിപ്ലവാത്മകമായ "പോപ്പുളോരും പ്രോഗ്രസിയോരും" എന്ന ചാക്രിക ലേഖനം വിരചിച്ചെടുക്കാനുള്ള തെളിഞ്ഞ ബുദ്ധിയും ധാർമ്മിക ചങ്കൂറ്റവും അദ്ദേഹത്തിനുണ്ടായി. കൊടുംങ്കാറ്റടിച്ചാലും തിരമാലകളോളം തല്ലിയാലും പൊട്ടിത്തകരാത്തതും മുങ്ങിപോകാത്തതുമാണു് പത്രോസിന്റെ പടവെന്നു അദ്ദേഹം "വലിയ മുക്കുവൻ" ലോകത്തെ ധരിപ്പിച്ചു. മികച്ച പ്രതിഭയും തളരാത്ത കർമ്മശേഷിയുമുള്ള—പ്രതിലോമശക്തികൾക്കെതിരെ കുരിശ്ശുയുദ്ധം ചെയ്യുന്ന—സമരസഭയിലെ സവ്വസൈന്യാധിപനാണു് താനെന്നു് "ഹമാനെ വീത്തെ" എന്ന ചാക്രികലേഖനം അവതരിപ്പിച്ചുകൊണ്ടു് അദ്ദേഹം മൂകമായ ഭാഷയിൽ പ്രൌഢപ്രഘോഷണം ചെയ്തു് സമരക്കാഹളം മുഴക്കി. രണ്ടായിരം കൊല്ലങ്ങളായി 263 മാപ്പാപ്പമാർ ചിന്തിക്കപോലും ചെയ്യാത്തതായിരുന്ന സ്ത്രീ

വിശുദ്ധരെ വേദപാരംഗതസ്ഥാനത്തേക്കു് ഉയർത്തുക യെന്നുള്ളതു്. ഇന്നത്തെ മാപ്പാപ്പാ ആവിലായിലെ അമ്മത്രേസ്യയേയും സിയെന്നായിലെ കത്രീനയേയും സഭമേല്പാൻ (Doctor of the Church) പട്ടം നല്കി ബഹുമാനിച്ചു. അങ്ങനെ കത്തോലിക്കാതിരുസ്സഭ യിൽ സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പമുള്ള അപ്രധാ നമല്ലാത്ത സ്ഥാനത്തെ പ്രത്യേക വിധത്തിൽ ആദരി ച്ചംഗീകരിച്ചു. പോൾ ആറാമൻ മാപ്പാപ്പയുടെ പുരോ ഗമന മുന്നേറ്റത്തിന്റെ പ്രക്ഷുബ്ധ വിപ്ലവരംഗങ്ങ ളിൽ ചിലതുമാത്രമേ ഇവിടെ പ്രദർശിപ്പിക്കപ്പെട്ടി ട്ടുള്ളൂ. എന്നിട്ടും 75 കാരനായ, 61½ കോടി കത്തോ ലിക്കരുടെ അനിഷേധ്യനായ ആദ്ധ്യാത്മിക നേതാവു്– മാടപ്രാവിന്റെ നിഷ്കളങ്കതയോടും സർപ്പത്തിന്റെ വിവേകത്തോടും വ്യാഘ്രത്തിന്റെ ധീരതയോടുംകൂടെ പരിശുദ്ധാത്മാവിയുടെ പരിപാലനയിൽ മനുഷ്യലോക ത്തെ അചഞ്ചലമായി നയിക്കുന്ന ആ ധാർമ്മിക ചക്ര വർത്തി ഫാദർ വടക്കന്റെ വിദഗ്ധവീക്ഷണത്തിന്റെ "പ്രഥമദൃഷ്ടിയിൽ" കേവലം പിന്തിരിപ്പനായി കാണ പ്പെട്ടു. അപമാനിക്കപ്പെട്ടു. പൊട്ടക്കുളത്തിലെ തവള യുടെ ജല്പനമായിരുന്നു അതു്. പഠിക്കാതേയും അറി യാതേയും ആ ലോകൈക മഹാനെക്കുറിച്ചു് അപഹാ സ്യമായ അഭിപ്രായങ്ങൾ ഫാദർ വടക്കൻ രൂപീകരി ച്ചതു് ഒട്ടും പന്തിയായില്ല. അല്പത്വത്തിന്റേയും ബു ദ്ധിശൂന്യതയുടേയും വിവരക്കേടിന്റേയും നിദർശനമാ യീട്ടേ ബുദ്ധിയുള്ളവർക്കതു് മനസ്സിലാക്കാനൊക്കൂ.

മെത്രാന്മാർ

ഫാദർ വടക്കൻ കത്തോലിക്കാതിരുസ്സഭയിലെ പിതാക്കന്മാരായ മെത്രാന്മാരെ പൊതുവേയും കേരള മെത്രാന്മാരെ പ്രത്യേകമായും കണ്ണടച്ചാക്ഷേപിച്ചിരിക്കയാണല്ലൊ. വെറും ലൌകായതികമായ കാഴ്ചപ്പാടാണ് അദ്ദേഹത്തിന്റേതു്. എന്താണ് തിരുസ്സഭയിൽ മെത്രാന്മാരുടെ സ്ഥാനമെന്നു് ചിന്തിക്കുന്നതു് പ്രകൃതത്തിൽ സമുചിതമായിരിക്കും. "ദൈവികനിശ്ചയത്താൽ തന്നെ സഭയുടെ ഇടയന്മാരെന്ന നിലയിൽ അപ്പോസ്തലന്മാരുടെ പിൻഗാമികളാണ് മെത്രാന്മാർ. (വത്തിക്കാൻ 2; തിരുസ്സഭ 20) "അവരെ കേൾക്കുന്നവർ ക്രിസ്തുവിനെ കേൾക്കുന്നു; അവരെ നിരസിക്കുന്നവർ ക്രിസ്തുവിനേയും, ക്രിസ്തുവിനെ അയച്ചവനേയും നിരസിക്കുന്നു". (വി. ലൂക്ക 10/16) "ദൈവത്തിന്റെ സഭയെ മേയ്ക്കുവാൻ പരിശുദ്ധാത്മാവുതന്നെ അവരെ നിശ്ചയിച്ചു." (നടപടി 20/18) "ദൈവിക സത്യങ്ങളുടെ പ്രബോധകനും ദൈവാരാധനയിലെ പുരോഹിതനും ഭരണാധികാരിയുമെന്ന നിലയിൽ അജഗണത്തിന്റെ ഇടയനായ മെത്രാൻ ദൈവത്തിന്റെ സ്ഥാനപതിയും അജഗണത്തിന്റെ അദ്ധ്യക്ഷനുമാണ്. അത്യന്താചായ്മനായ ക്രിസ്തുനാഥൻ മെത്രാൻവഴിയാണ് വിശ്വാസികളുടെ മദ്ധ്യേ സന്നിഹിതനായിരിക്കുന്നതു്. മെത്രാന്മാരുടെ സഹായികളാണ് വൈദികർ" (വത്തിക്കാൻ 2; തിരുസ്സഭ 20_21) കൂടാതെ, "The basic relation-

ship of priests with their Bishop rests on a sacramental unity, ("sharing in the episcopal ministry") which the reception of Orders establishes. It is a service to Christ and his people that binds them in unity, not merely "a canonical mission." Considered in that light, the bishop's authority and the priest's obedience take on a unique character, utterly foreign to the ideas of authority exercised by "the princes and Lords of this world." (Decree on the Bishop's pastoral office, and in the decree on priests.) എന്നും കാണാം. ഇതുയും പ്രസ്താവിച്ചതിൽനിന്നു് മെത്രാന്മാരുടെ അധികാരവുംഅവകാശവും സ്ഥാനവിശേഷവും അത്ഥശങ്കയ്ക്കിടയില്ലാതെ സുവിദിതമാണു്. ക്രിസ്തുവിന്റെ നിയോഗവും തിരുസ്സഭാസ്ഥാപനസ്വഭാവവുമനുസരിച്ചു് മെത്രാൻ അപരിഹാര്യനാണു്. മെത്രാനില്ലാതെ തിരുസ്സഭയില്ല. മെത്രാനെവിടെയൊ അവിടെയാണു് സഭ. ഇതുകൊണ്ടു് മെത്രാന്മാക്കു് തെറ്റാവരമുണ്ടെന്നു് അത്ഥമാക്കുന്നില്ല. ബാവതമ്പുരാന്റെ ബോധജ്ഞാനവും പുത്രൻതമ്പുരാന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ വിവേകവും മെത്രാന്മാരിൽനിന്നു് പ്രതീക്ഷിക്കുന്നതു് ആശാസ്യമല്ല. അവർ ദൈവസമക്ഷത്തിൽനിന്നു ഇറങ്ങി വന്ന മാലാഖമാരല്ല. നമ്മെപോലെ ബലഹീനരായ മനുഷ്യരാണു്. പലപ്പോഴും പാകപ്പിഴകളും മെത്രാന്മാരിൽ കണ്ടുവെന്നു് വരാം. പ്രഥമ മെത്രാന്മാരായിരുന്ന അപ്പസ്തോലന്മാക്കു—സെൻറു് പീറ്റർ വിനും

സെൻറ് തോമസ്സിനുമൊക്കെ അഭിമതങ്ങൾ പററിയിട്ടുണ്ട്.

രണ്ടായിരം കൊല്ലത്തെ ശ്ലൈഹിക പാരമ്പര്യവും ചരിത്രവുമുള്ള കത്തോലിക്കാതിരുസ്സഭയിൽ മെത്രാന്മാരായി ഉയർത്തപ്പെടുന്നവർ, സാമാന്യേന വിശുദ്ധിയിലും വിവേകത്തിലും അനുസരണത്തിലും ഭരണനിപുണതയിലും വൈദികവിദ്യാർത്ഥി ജീവിതകാലത്തും വൈദികനായി ഭരണരംഗത്തും വീരോചിത വ്യക്തിമുദ്ര നേടിയവരും പൊതുജനസമ്മതിയാർജ്ജിച്ചവരുമായ നമ്മുടെ സഹോദരവൈദികരാണ്. മെത്രാൻപട്ടാഭിഷേകം സ്വീകരിച്ചു ശ്രുതാഢ്യുക്ഷന്മാരായ അവരെല്ലാംതന്നെ തങ്ങളുടെ വൈദിക പ്രവർത്തനമണ്ഡലങ്ങളിൽ സ്തുത്യർഹമായി പ്രശോഭിച്ചിരുന്നുവെന്നു് അവരുടെ ആത്മചരിത്രം നിഷ്പക്ഷമായി അന്വേഷിക്കുന്നവർക്കു കാണാൻ കഴിയും. ഒരു വൈദികൻ മെത്രാനായി തിരഞ്ഞെടുക്കപ്പെടുന്നതിനു മുമ്പു പരിശുദ്ധസിംഹാസനം ആ വൈദികന്റെ വ്യക്തിത്വത്തെക്കുറിച്ചു് അവഗാഢം പഠിക്കാൻ കിട്ടാവുന്ന സകല തെളിവുകളും രേഖകളും തേടിപിടിച്ചുപഗ്രഥിച്ചു പരിശോധിക്കാറുണ്ടു്. പരോക്ഷമായിട്ടെങ്കിലും പ്രാദേശിക മെത്രാന്മാരിൽനിന്നും ഇതര വൈദികരിൽനിന്നും ദൈവജനത്തിൽനിന്നും വിവിധ രീതിയിൽ ശേഖരിക്കപ്പെട്ട അഭിപ്രായങ്ങൾ കണക്കിലെടുത്തിട്ടേ ആത്യന്തികമായി നിയുക്ത മെത്രാനെപ്പററിയുള്ള തീരുമാനമുണ്ടാകയുള്ളൂ. അവഗാ

ഢമായ പഠനത്തിനും സുദീഘ്രമായ പരിചിന്തനത്തിനും തീക്ഷ്ണമായ പ്രാർത്ഥനക്കും ശേഷമാണു് ഓരോ പുതിയ മെത്രാനും തിരഞ്ഞെടുക്കപ്പെടുക. പരിശുദ്ധാത്മാവിന്റെ ഇച്ഛാനുസരണമാണു് ഓരോ മെത്രാനും നിയുക്തനാകപ്പെടുന്നതെന്നാണു് കത്തോലിക്കാതിരുസ്സഭയുടെ പഠനവും വിശ്വാസവും. ഫാദർ വടക്കനേറ അളവുകോലനുസരിച്ചു് "പ്രബുദ്ധതയുള്ളവരേയും കഴിവും ധീരതയുമുള്ളവരേയുമല്ല" പരിശുദ്ധാത്മാവു മെത്രാന്മാരായി തെരഞ്ഞെടുക്കുന്നതു്. സഭാസ്ഥാപകനായ ദൈവപുത്രന്റെ വചനങ്ങളാണു് അതിനാധാരം: "നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തതു്; ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു് ചെയ്തതു്." (St. John 15/16) ഈശോ സർവ്വദൈയുടെ പുത്രന്മാരോടു പറഞ്ഞു: "എന്റെ പാനപാത്രം നിങ്ങൾ കുടിക്കും; ഞാൻ മുങ്ങുന്ന മാമ്മോദീസ നിങ്ങൾ മുങ്ങുകയും ചെയ്യും. എന്നാലും, എന്റെ വലത്തുവശത്തും ഇടത്തുവശത്തും ഇരിക്കുന്നതിനുള്ള വരം എന്റെ പിതാവിനാൽ അതു് ആർക്കായി ഒരുക്കപ്പെട്ടിരിക്കുന്നുവോ അവർക്കല്ലാതെ നല്കുന്നതു് എന്റെ കാര്യമല്ല. (St. Mt. 20/23) "സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും കർത്താവായ എന്റെ പിതാവെ, നീ ഇവ ജ്ഞാനികളിലും വിവേകികളിലുംനിന്നു മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതിൽ നിന്നെ ഞാൻ പുകഴ്ത്തുന്നു. അതെ, എന്റെ പിതാവെ, എന്തെന്നാൽ നിന്റെ സന്നിധിയിൽ ഇപ്രകാരമായിരുന്നു തിരുവുള്ളം. സകലതും എന്റെ

പിതാവിനാൽ എനിക്കു് ഏല്പിക്കപ്പെട്ടിരിക്കുന്നു. പിതാവല്ലാതെ ഒരുവനും പുത്രനെ അറിയുന്നില്ല. പുത്രൻ ആർക്കു വെളിപ്പെടുത്താൻ ഇച്ഛിക്കുന്നുവോ, അവനും അല്ലാതെ ഒരുവനും പിതാവിനെ അറിയുന്നില്ല." (St. Mt. 12/25—27) സെൻറ് പോൾ ഈ സത്യം കൂടെക്കൂടെ തെളിച്ചു കാണിക്കാൻ വെളിച്ചം വീശുന്നുണ്ടു്: "ജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകത്തിലെ ഭോഷന്മാരെ ദൈവം തിരഞ്ഞെടുത്തു. ശക്തന്മാരെ ലജ്ജിപ്പിക്കാൻ ലോകത്തിലെ ബലഹീനരേയും തെരഞ്ഞെടുത്തു. ഉള്ളവരെ ലജ്ജിപ്പിക്കാൻ ലോകത്തിലെ താഴ്ന്ന കുടുംബക്കാരേയും നിന്ദിക്കപ്പെട്ടവരേയും ഇല്ലാതിരിക്കുന്നവരേയും ദൈവം തെരഞ്ഞെടുത്തു. ദൈവത്തിൻെറ സന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കട്ടെ"—1 കോറ 1/27_29).

സമ്പൂർണ്ണ ദൈവനിശ്ചയപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരാണു് യൂദയാതടാകങ്ങളിൽ മീൻപിടിച്ചു നടന്നിരുന്ന ക്ഷിപ്രകോപിയായ പത്രോസും സ്വർഗ്ഗൈപുത്രന്മാരായ യാക്കോബും യോഹന്നാനും ചുങ്കക്കാരനായ മത്തായിയും അവിശ്വാസിയായ തോമസുമൊക്കെ. ആ അപ്പസ്തോലന്മാരുടെ പിൻഗാമികളാണു് കത്തോലിക്കാമെത്രാന്മാരെല്ലാവരും തന്നെ. ക്രിസ്തുവിൻെറ തെരഞ്ഞെടുപ്പാണു് അവർക്കുള്ളതു്. അവ്വിധം ചീനകാലത്തേയും ആധുനികകാലത്തേയും മെത്രാന്മാർ തങ്ങളുടെ കാലത്തുള്ള ഏതൊരു വൈദികനേക്കാളും

മെത്രാൻ സ്ഥാനത്തിനു താരതമ്യേന തികച്ചും അഹ്രാണു്. യോഗ്യരാണു്. കാരണം, ദൈവം അങ്ങനെ തീരുമാനിച്ചു. "ദൈവത്തിന്റെ തെരഞ്ഞെടുപ്പു പ്രവൃത്തികളിലല്ല, വിളിച്ചവന്റെ കൈകളിലാകുന്നു ഇരിക്കുന്നതു്. ഞാൻ യാക്കോബിനെ സ്നേഹിച്ചു. ഏസോവിനെ ദ്വേഷിച്ചു.....ദൈവത്തിന്റെ പക്കൽ അനീതി ഉണ്ടായിരിക്കുമൊ? ഒരിക്കലുമില്ല. എനിക്കു കനിവുതോന്നുന്നവനോടു ഞാൻ കനിവു കാണിക്കും. എനിക്കു കരുണതോന്നുന്നവനോടു ഞാൻ കരുണ ചെയ്യും. ആകയാൽ ഇച്ഛിക്കുന്നവന്റെ കൈകളിലുമല്ല, ഓടുന്നവന്റെ കൈകളിലുമല്ല, കരുണ ചെയ്യുന്നവനായ ദൈവത്തിന്റെ കരങ്ങളിലത്രെ തെരഞ്ഞെടുപ്പു സ്ഥിതി ചെയ്യുന്നതു്. മനയപ്പെട്ട വസ്തു തന്നെ മനഞ്ഞവനോടു് നീ എന്തുകൊണ്ടു് എന്നെ ഇങ്ങനെ മനഞ്ഞു എന്നു ചോദിക്കുമോ?—(റോമ 9/13-20) ഒരിക്കലുമില്ല. അബ്രാഹത്തേയും യാക്കോബിനേയും മൂശയേയും ദാവീദിനേയും സോളമനേയും തെരഞ്ഞെടുത്തതു് ഈശ്വരേച്ഛയായിരുന്നു. നിലവിലിരിക്കുന്ന തിരുസ്സഭാസംവിധാനപ്രകാരം നിയമാനുസരണം അഭിഷിക്തരാകുന്ന മെത്രാന്മാർ ക്രിസ്തുവിന്റെ അധികാരം ലഭിച്ച പൗരോഹിത്യപൂർണ്ണതയുള്ള അജപാലന്മാരാണു്. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയും അദ്ദേഹത്തോടു വിധേയത്വമുള്ള അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരും ഒന്നു ചേർന്നാണു് തിരുസ്സഭയെ ഭരിക്കുന്നതു്. ഓരോ മെത്രാനും ഒറ്റക്കും കൂട്ടമാ

യും തിരുസ്സഭയിൽ ശ്ലൈഹികാധികാരമുണ്ട്. എന്നാൽ വൈദികനാകട്ടെ ഒറ്റക്കോ കൂട്ടമായോ മെത്രാന്മാരുടെ നിയമനകല്പന കൂടാതെ ദൈവജനത്തിന്റെ മേൽ അധികാരമില്ല. ക്രിസ്തുവിന്റെ പൗരോഹിത്യ സ്ഥാപനസ്വഭാവമനുസരിച്ചു മാർപ്പാപ്പക്കോ, മെത്രാൻ സംഘത്തിനോ യാതൊരു മെത്രാന്റേയും വൈദികന്റേയും പൗരോഹിത്യം ഇല്ലായ്മ ചെയ്യാൻ സാദ്ധ്യമല്ല; യാതൊരു പുരോഹിതനും മെത്രാനും തങ്ങളുടെ പൗരോഹിത്യം ഉപേക്ഷിക്കാനും സാദ്ധ്യമല്ല. അടിയന്തിരാവസ്ഥയുള്ള സാഹചര്യങ്ങളിൽ പരിശുദ്ധ സിംഹാസനത്തിനു പുരോഹിത കടമകങ്ങളിൽനിന്നു മെത്രാന്മാരേയും വൈദികരേയും ഒഴിവാക്കാൻ അധികാരവും അവകാശവും ഉണ്ട്. ഇതെല്ലാം പ്രസ്താവിച്ചതിൽനിന്ന് ദൈവാരാധനയിലും അജപാലനത്തിലും പരമാധികാരം മാപ്പാപ്പയ്ക്കും മെത്രാന്മാക്കുമാണെന്നു സുവിദിതമാണല്ലോ? തിരുസഭയുടെ സ്ഥാവരജംഗമവസ്തുക്കൾ രൂപതാദ്ധ്യക്ഷന്മാരുടെ ഉടമസ്ഥതയിലും അധികാരത്തിലുമാണു സംരക്ഷിക്കപ്പെടേണ്ടതെന്നു കാനൻ നിയമം അനുശാസിക്കുന്നു. സഭാധികാരികൾ കോടീശ്വരന്മാരൊ വമ്പിച്ച ഭൂവുടമകളൊ ഡോളർപ്രഭുക്കന്മാരൊ എസ്റ്റേറ്റ് രാജാക്കന്മാരൊ അല്ല. ചുരുക്കം ചില മെത്രാന്മാരുടെ അധീനതയിൽ ഭൂസ്വത്തും പണവും കണ്ടേക്കാം. മെത്രാന്മാർ എല്ലാവരുംതന്നെ ആ സമ്പത്തെല്ലാം പൊതുഗുണത്തിനായും ആതുരശുശ്രൂഷയ്ക്കായും സാമൂഹികക്ഷേമത്തിനായും ആണ് ചെലവഴിയ്ക്കുന്ന

തു്. ഏതെങ്കിലും മെത്രാൻ സ്വന്തം കുടുംബത്തിന്റെ സാമ്പത്തികവളർച്ചയ്ക്കു പണം ചെലവിട്ടതായി കേട്ടിട്ടില്ല.

അപ്പീതജീവിതത്തിലെ സ്വാതന്ത്ര്യം

സാമാന്യം ഉയർന്ന വിദ്യാഭ്യാസയോഗ്യത സമ്പാദിച്ചിട്ടുള്ളവരെയാണു വൈദികരാകാൻ ശ്രേഷ്ഠാദ്ധ്യക്ഷന്മാർ തെരഞ്ഞെടുക്കുക. നീണ്ട 10 വർഷത്തെ പഠനത്തിനും പരിശീലനത്തിനും പരിചിന്തനത്തിനും ശേഷമാണു് ഓരോ യുവാവും സ്വതന്ത്രമായി പൌരോഹിത്യം സ്വീകരിക്കുന്നതു്. പിതാവായ ദൈവം തന്റെ പുത്രനായ ക്രിസ്തുവിനു നല്കിയിരുന്ന സ്വർഗ്ഗീയമായ സ്വാതന്ത്ര്യം ഓരോ വൈദികനും തിരുസഭ നല്കുന്നുണ്ടു്. കത്തോലിക്കാതിരുസഭയുടെ പവിത്രതയ്ക്കും പദവിയ്ക്കും അനുയോജ്യമായ നിയന്ത്രണങ്ങൾ ഓരോ വൈദികനും പാലിക്കണമെന്നുള്ളതു് സത്യമാണു്. ലോകത്തിലുള്ള ഏതൊരു സംഘടനയിലും സംഘാംഗങ്ങളുടെ സുരക്ഷിതത്വത്തിനും സംഘത്തിന്റെ നിലനില്പിനുംവേണ്ടി അതിനേറ്റതായ നിയമങ്ങളും വ്യവസ്ഥകളും ക്രോഡീകരിച്ചനുസരിക്കാൻ അനുശാസിക്കുന്നതുപോലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും അച്ചടക്ക നിയമസംഹിതകളുണ്ടു്. കർശനമായി അതു നടപ്പിലാക്കുന്നുണ്ടെന്നു സമ്മതിക്കതന്നെ വേണം. ദൈവത്തേയും മനുഷ്യരേയും സേവിക്കുവാൻ അവ അവശ്യം ആവശ്യമാ

മാണ്. പുരോഹിതരും സന്യാസിനീസന്യാസിമാരും ക്ലേശിതനായ ക്രിസ്തുവിനു സ്വയം സമർപ്പിച്ചവരാണ്. പാപത്തിനുനിമിഷം മരണംവരെ മരിയ്ക്കേണ്ടവരാണ്. "ഈശോ മ്ശിഹായിൽ മാമോദീസ സ്വീകരിച്ച അവർ അവന്റെ മരണത്തിലാകുന്നു മാമോദീസാ സ്വീകരിച്ചിരിക്കുന്നതു്. ഈശോ മരിച്ചവരിൽനിന്നു് തന്റെ പിതാവിന്റെ മഹത്വത്തോടെ ഉയർത്തെഴുന്നേറ്റതുപോലെ അവർ ഈശോയോടുകൂടെ മാമോദീസാമൂലം മരണത്തിനു സംസ്കരിക്കപ്പെട്ടിരിക്കുന്നു. പാപത്തിനു വീണ്ടും അടിമവേല ചെയ്യാതിരിക്കാൻ പാപത്തിന്റെ ശരീരം നശിച്ചു് പോകേണ്ടതിനു് അവരുടെ പഴയ മനുഷ്യനെ ഈശോയോടുകൂടെ കുരിശിൽ തറച്ചിരിയ്ക്കുകയാണു്. ക്രിസ്തുവിനോടൊപ്പം മരിച്ച അവർ ക്രിസ്തുവിനോടൊപ്പം മഹത്വത്തിന്റെ ജീവിതം നയിക്കുന്നു. അവർ തങ്ങളുടെ അവയവങ്ങൾ ദൈവനീതിയുടെ ആയുധങ്ങളാക്കിയിരിക്കുന്നു. നീതിയുടെ അനുസരണത്തിനു് അവർ അടിമകളായിരിക്കയാണു്. പാപത്തിൽനിന്നു സ്വതന്ത്രരാക്കപ്പെടാൻ നീതിയ്ക്കു് ദാസരായിരിക്കുന്നതു്" (റോമ 6/3-20) മനുഷ്യനെ മാലാഖയാക്കുന്ന സ്വാതന്ത്ര്യമാണു്. നന്മയുടെ അസ്വാതന്ത്ര്യമല്ല തിന്മയുടെ പാരതന്ത്ര്യമാണു അവർ അനുഭവിക്കുന്നതു്. ലക്ഷക്കണക്കിനു വൈദികരും സന്യാസിനീസന്യാസിമാരുമുള്ള കത്തോലിക്കാ തിരുസഭയിൽ മാനുഷിക സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന ഒരു ശിക്ഷണസ്വഭാവവും നടപ്പാക്കാൻ പരിശുദ്ധാ

ത്രുപി അനുവദിയ്ക്കുയില്ല. അഭ്യസ്തവിദ്യരും ചോരത്തി
ളപ്പുള്ളവരും കുശാഗ്രബുദ്ധികളും ശാസ്ത്രീയ സാഹിത്യ
സാമൂഹിക രാഷ്ട്രീയരംഗത്തു ഫാദർ വടക്കനെ അതി
ശയിക്കുന്നവരുമായ ദശസഹസ്രക്കണക്കിനു അപ്പീതാ
ത്മാക്കൾ തിരുസഭാരാമത്തിലുണ്ട്. വ്യത്ഥാഭിമാനവും
സ്വാത്ഥലാഭവും അധികാരവിദ്വേഷവും വഴിതെറ്റിച്ച
ദൗർഭാഗ്യരായ ചില വൈദിക സഹോദരങ്ങൾ മാത്രമേ
അപ്പീതജീവിതക്കാർക്കു് സ്വാതന്ത്ര്യമില്ലെന്നും വൈദിക
രെ അരമനയ്ക്കുള്ളിൽ വരിഞ്ഞുകെട്ടി നിത്തിയിരിക്ക
യാണെന്നും കന്യാസ്ത്രീകളെ ഒന്നു് ഫോൺ ചെയ്യാൻ
പോലും അനുവദിയ്ക്കാതെ ഇരുമ്പഴിത്തിക്കുള്ളിൽ തള
ച്ചിട്ടിരിയ്ക്കുയാണെന്നും തട്ടിവിടാറുള്ള. ഇതു് എഴുതുന്ന
ആൾ പുരോഹിതനായിട്ടു പന്ത്രണ്ടു വർഷം കഴിഞ്ഞു.
ഈയുള്ളവന്റെ പരിമിതമായ അറിവിൽപ്പെട്ടിടത്തോ
ളം ആരും അസ്വാതന്ത്ര്യം അനുഭവിക്കുന്നതായി അറി
വില്ല. ഫാദർ വടക്കന്റെ ജീവിതംതന്നെ പുരോഹി
തർക്കനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യമാണു വിളംബരം ചെ
യ്യുന്നതു്. സാമൂഹികവും രാഷ്ട്രീയവും ആയ മണ്ഡല
ങ്ങളിൽ ഫാദർ വടക്കൻ ഇത്രയും സ്വാതന്ത്ര്യം അനു
ഭവിച്ചതിൽനിന്നും തിരുസ്സഭാമാതാവു് ഓരോരുത്തരു
ടേയും വ്യക്തിസ്വാതന്ത്ര്യവാസനകളെ വകവെച്ചു് കൊ
ടുക്കുന്നുണ്ടെന്നു മാത്രമല്ല പ്രോത്സാഹിപ്പിക്കുകൂടി ചെയ്യു
ന്നുണ്ടെന്നു് സമ്മതിയ്ക്കാതെ തരമില്ല. അപ്പീതജീവി
തം ആരംഭിച്ചിട്ടു ഒരു കാൽനൂറ്റാണ്ടു കഴിഞ്ഞപ്പോ
ഴാണു ഫാദർ വടക്കനു അപ്പീതലോകത്തിലെ പാര

തന്ത്ര്യത്തിന്റെ ബോധോദയം ഉണ്ടായതു്. ഏറെക്കു റെ എല്ലാ മഠങ്ങളിലും ഇന്നു് ഫോണുണ്ടു്. ആക്കും ആക്കുവേണമെങ്കിലും ഫോൺ ചെയ്യാം. അനാ ശാസ്യമായ നിയന്ത്രണമൊന്നും ഇല്ല. സ്വന്തം ഫോണുള്ള ഫാദർ വടക്കനു അന്തസ്സില്ലാത്തതും അവി ഹിതവുമായ ബന്ധം പുലത്താൻ ധാമ്മികവും സാന്മാ ഗ്ഗികവുമായ വൈതരണിയുണ്ടെങ്കിൽ അത്തരത്തിലുള്ള പാരതന്ത്ര്യം മാത്രമെ 20_ാം നൂറാണ്ടിലെ സന്യാസി നിക്കഭിമുഖീകരിക്കേണ്ടതുള്ളു. ഇന്ത്യൻ പ്രസിഡണ്ടിൽ നിന്നും പത്മഭൂഷൺ അവാർഡു് കരസ്ഥമാക്കിയ ലോകപ്രശസ്തയായ മദർ തെരേസായുടെ സന്യാസിനി കാം ആഗോളവ്യാപകമായി മനുഷ്യനിൽ ക്രിസ്തുവിനു സ്വതന്ത്രസേവനം ചെയ്യുന്നു. എല്ലാ നിലയിലും ഉയർന്ന നിലവാരം പുലത്തുന്ന കേരളത്തിലെ കോളേജു കളും സ്കൂളുകളും ഹോസ്പിറലുകളും മറ്റിതര സ്ഥാപന ങ്ങളും കന്യാസ്ത്രീകാം നടത്തുന്നവയാണു്. മിക്കവാറും എല്ലാ പൊതുരംഗങ്ങളിലും കന്യാസ്ത്രീകാം പ്രത്യക്ഷമാ യി പ്രവത്തിക്കുന്നുണ്ടു്. അടച്ചിട്ട ആവൃതിക്കുള്ളിലല്ല തുറന്ന ലോകത്തിലാണവരുടെ സേവനം. ഗവമ്മേണ്ടി നേറയും സാംസ്കാരിക സംഘടനകളുടേയും സഹോദരീ സമുദായങ്ങളുടേയും പൊതുജനങ്ങളുടേയും കലവറയി ല്ലാത്ത പ്രശംസ സമാജ്ജിച്ചിട്ടുള്ള കന്യാസ്ത്രീകളെല്ലാം ഉരുക്കുഭിത്തിയ്ക്കുള്ളിൽ തളയ്ക്കപ്പെട്ടിരിയ്ക്കയാണെന്നു ഫാദർ വടക്കൻ കണ്ണടച്ചുട്ടഹസിച്ചു പറഞ്ഞാൽ വിശ്വ

സിക്കാൻ വിസ്തികളെപ്പോലും കിട്ടുമെന്നു് തോന്നുന്നില്ല.

ബിഷപ്പു് ജോസഫു് കുണ്ടുകുളം

ഫാദർ വടക്കൻ 26-ാമത്തെ വയസ്സിൽ വൈദികപഠനമാരംഭിച്ചെങ്കിൽ ബിഷപ്പു് ജോസഫു് കുണ്ടുകുളം 26-ാമത്തെ വയസ്സിൽ 1942 ഡിസംബർ 20-ാം തിയതി പൗരോഹിത്യം സ്വീകരിച്ചു. വൈദികനായി 28 വർഷം തികയാൻ 125 ദിവസമുള്ളപ്പോഴാണു് അദ്ദേഹം മെത്രാനായി അഭിഷിക്തനായതു്. ഇക്കാലമത്രയും അസ്സേന്തിയായും വികാരിയായും സെൻറു് ആൻസു് ഡയറക്ടറായും ക്രിസ്റ്റീൻ ഹോം സ്ഥാപകനായും അദ്ദേഹം തൃശ്ശൂർ രൂപതയെ സേവിച്ചു. എല്ലാക്കാലത്തും എല്ലാ പ്രവർത്തനമണ്ഡലങ്ങളിലും പാവപ്പെട്ടവർക്കും പണക്കാർക്കും അദ്ദേഹം കണ്ണിലുണ്ണിയായിരുന്നു. ദീനദയാലുവായ ജീവകാരുണ്യപ്രവർത്തകൻ, സമർത്ഥനായ സംഘാടകൻ, സർവ്വോപരി ക്രിസ്തുവിൻറെ അരുപിയിൽ ജീവിച്ച ഒരു പുരോഹിതൻ എന്നീ നിലകളിൽ അദ്ദേഹം തൃശ്ശൂർ രൂപതയ്ക്കകത്തും പുറത്തും പ്രശംസിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻറെ സേവനം ലഭിക്കാത്ത ഒരിടവകയോ വൈദികനോ സന്യാസഭവനമോ തൃശ്ശൂർ രൂപതയിൽക്കാണുകയില്ല. അദ്ദേഹം അഗാധപണ്ഡിതനല്ല. ഉന്നത ചിന്തകനല്ല. എണ്ണപ്പെട്ട എഴുത്തുകാരനല്ല. ദൈവശാസ്ത്രജ്ഞനല്ല. തത്വ

ശാസ്ത്രനിപുണനല്ല. പക്ഷെ, സാങ്കേതികജ്ഞാനം, പ്രായോഗികബുദ്ധി, പക്വത, പാകത, സർവ്വോപരി ക്രൈസ്തവഹൃദയം ഇതൊക്കെയുള്ള ഒരു വൈദികനായിരുന്നു അദ്ദേഹം. എല്ലാവക്കും എല്ലാമായിരുന്നു. സാധാരണക്കാരിൽ സാധാരണനും. പാപികളെ മാനസാന്തരപ്പെടുത്താനും അപ്പിതജീവിതക്കാരെ സുകൃതസമ്പന്നരാക്കാനും മന്ദപ്രകൃതിക്കാരെ കർമ്മനിരതരാക്കാനും കഴിവുള്ള ഒരു ധ്യാനപ്രസംഗകനെ ദൈവജനം അദ്ദേഹത്തിൽ കണ്ടു. മലയാളികൾക്കെല്ലാം ഇഷ്ടപ്പെട്ടൊരു ധ്യാനഗുരുവായിരുന്നു അദ്ദേഹം. രാപ്പകലില്ലാതെ വിശ്രമരഹിതനായി അദ്ദേഹം അദ്ധ്വാനിച്ചിരുന്നു. കായികമാനസികാദ്ധ്വാനങ്ങൾ അദ്ദേഹത്തിനു ഒരുപോലെ വശമാണ്. കിളയ്ക്കും, വിതയ്ക്കും, കൊയ്യും, കറവചുമക്കും, കതിരുപെറുക്കും, മെതിക്കും, ക്ലാസെടുക്കും, ധ്യാനിപ്പിക്കും. ജീവകാരുണ്യ പ്രവർത്തനപദ്ധതികൾ വിഭാവനം ചെയ്താവിഷ്കരിക്കും. എല്ലാം ചെയ്യും. മെത്രാനായി അഭിഷിക്തനാവുന്നതിനു മുമ്പ് സെൻറ് ആൻസിലും പുല്ലഴി (തൃശ്ശൂർ) ക്രിസ്റ്റിനായിലുമായി 800-ലേറെ അഗതികളെ അദ്ദേഹം തീററിപ്പോററി സംരക്ഷിച്ചിരുന്നു. അവർ രോഗികളാകുമ്പോൾ പരിചരിച്ചിരുന്നു. പിറപ്പിച്ച പിതാവിനെപോലെയും പെററ മാതാവിനെപോലെയും അദ്ദേഹം അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചിരുന്നു. അന്തേവാസികളിൽ 200-ലധികം പേർ അവിഹിതഗർഭിണികളൊ ജാരസന്തതീജനയിത്രികളൊ ആയിരുന്നു. കാമാസക്ത

രായ മനുഷ്യമൃഗങ്ങളുടെ അസാന്മാർഗ്ഗികവേഴ്ചയുടെ പാപഭാരം ആത്മഹത്യയിൽ അവസാനിപ്പിക്കാൻ അവസരം പാത്തിരുന്നവക്കും ഗർഭിതശിശുക്കളെ അരിഞ്ഞു നുറുക്കി ഭ്രൂണഹത്യചെയ്യ തടിതപ്പാൻ നിബ്ബന്ധിതരായ ദുർഗതരും സമുദായഭ്രഷ്ടരുമായ അബലകൾക്കും അദ്ദേഹം ജീവിതത്തിൽ ആശയ്ക്കിടംകൊടുത്തു. അവർ ജീവിച്ചു. പ്രത്യാശയുടെ ശീതളച്ഛായയിൽ അവർ ജീവിതത്തിന്നർത്ഥം കണ്ടു. അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾതന്നെ കൊല്ലപ്പെടുമായിരുന്ന നിരവധി നിർദ്ദോഷികളായ ചോരക്കുഞ്ഞുങ്ങൾ സുരക്ഷിതരായി ക്രിസ്റ്റീനാഹോമിൽ ജനിച്ചുവീണു. അവരെയെല്ലാം അന്തസ്സായി യഥാവിധി വളർത്തിയെടുക്കാൻ അദ്ദേഹം ക്രമീകരണങ്ങളെപ്പെടുത്തി. പൊറമാതാക്കളാൽ പരിത്യജിക്കപ്പെട്ട ബഹുശതം ശിശുക്കളാണിന്നു ക്രിസ്റ്റീനായിൽ സംരക്ഷിക്കപ്പെടുന്നതു്. നാലഞ്ചു ലക്ഷത്തിലധികം രൂപ മുടക്കിക്കൊണ്ടാണു് ഇവക്കൊക്കെ മനുഷ്യോചിതമായി ജീവിക്കാൻ താമസസൗകര്യങ്ങളും ആഹാരമാർഗ്ഗങ്ങളും അദ്ദേഹം സജ്ജമാക്കിയിട്ടുള്ളതു്. കടം വാങ്ങിയും സംഭാവന പിരിച്ചും അധികാരികളെ ആശ്രയിച്ചും ആ ആതുരാലയം അദ്ദേഹം സ്വയംപര്യാപ്തമാക്കി. അനേകായിരങ്ങൾക്കു് ആലംബമായതെന്നും നിലനില്ക്കും. ഫാദർ ജോസഫ് കണ്ടുകുളത്തിന്റെ ദീർഘവീക്ഷണത്തിന്റേയും കർമ്മശേഷിയുടേയും മനുഷ്യസ്നേഹത്തിന്റേയും നിസ്തുലനിദർശനമാണതെന്നു പറഞ്ഞാൽ ശരിയാണു്. ഇതുയും ഉജ്ജ്വലവും സർഗ്ഗാത്മ

കവും മഹനീയവും സമാകഷ്ണീയവുമായ ഒരു ജീവിതത്തിന്റെ പശ്ചാത്തലമുള്ള ബിഷപ്പ് ജോസഫ് കുണ്ടുകുളം പരിചയത്തിലും പരിജ്ഞാനത്തിലും പകപതയിലും ശിശുപ്രായംവിടാത്ത ഒരാളാണെന്നു ഫാദർ വടക്കനെക്കൊണ്ടു പറയിച്ച ചേതോവികാരം എന്താണെന്നു പറഞ്ഞറിയിക്കേണ്ട. സുബുദ്ധിയുള്ളവക്കുന്നു മാനിക്കാം. 1970 ജൂൺ 4-ാംനു- മാപ്പ്വാപ്പ ഫാദർ ജോസഫ് കുണ്ടുകുളത്തെ തൃശ്ശൂർ മെത്രാനായി പ്രഖ്യാപിച്ചപ്പോഠം, ഏറ്റവും അനുയോജ്യനായ ഒരു വൈദികനെ നമുക്കു പിതാവായി ലഭിച്ചിരിക്കുന്നു; ദൈവത്തിനു സ്തുതി; പരിശുദ്ധ സിംഹാസനത്തിനു നന്ദിയെന്നു ഫാദർ ജോസഫ് വടക്കൻ കുരിയച്ചിറ പള്ളിയിൽ കുബ്ബാനമദ്ധ്യേ, പ്രസംഗത്തിനിടയ്ക്കുപ്രസ്താവിച്ചതായി ആളുകഠം പറഞ്ഞു കേട്ടിട്ടുണ്ട്. എന്നിട്ടിന്നോ?

സഭാപരിഷ്കരണം

സഭാവൃത്തത്തിനുള്ളിൽ നടക്കുന്ന സമരത്തിന്റെ കേരളത്തിലെ നേതൃത്വം പണ്ടേതന്നെ താൻ കൊടുത്തു പോന്നിരുന്നുവെന്നു ഫാദർ വടക്കൻ അവകാശപ്പെടുന്നു, (ദേശാഭിമാനി 25-11-1971). കത്തോലിക്കാസഭയിൽനിന്നുകൊണ്ടുതന്നെ സഭാപരിഷ്കരണത്തിനു ശ്രമിയ്ക്കാനാണു താൻ ഉദ്ദശിക്കുന്നതെന്നു ഫാദർ വടക്കൻ പറയുകയുണ്ടായി. "നൈഷ്ഠികബ്രഹ്മചര്യത്തേക്കാഠം ഐച്ഛിക ബ്രഹ്മചര്യം മതി"യെന്നാണ് അദ്ദേ

ഹത്തിന്റെ അഭിപ്രായം. അദ്ദേഹത്തിന്നേതായാലും വിവാഹം കഴിക്കാൻ പരിപാടിയില്ലെന്നും പറഞ്ഞു, (ദീപിക 24—11—1971). ഫാദർ വടക്കൻ കെ. ടി. പി. യുടെ സ്ഥാപകനേതാവാണെന്നു് അറിയാം. സാമൂഹിക പ്രവർത്തകനാണെന്നറിയാം. പല പ്പോഴും അദ്ദേഹത്തിനു പാകപ്പിഴ പറ്റിയിട്ടുണ്ടെന്നറിയാം. പക്ഷേ, കേരളത്തിലെ സഭാനേതൃത്വം പണ്ടേ തന്നെ അദ്ദേഹം കൊടുത്തുപോന്നിരുന്നുവെന്നു് ആരും അറിഞ്ഞിട്ടില്ല. സഭാപരിഷ്കരണം അദ്ദേഹം സഭയിൽ നിന്നുതന്നെ നടത്തുമെന്നാണല്ലൊ പറയുന്നതു്. പരിഷ്കരണം നല്ലതുതന്നെ. വേണ്ടതുമാണു്. പരിഷ്കാരമില്ലെങ്കിൽ വളച്ചയില്ല. സഭ മുരടിച്ചുപോകും. തിരുസ്സഭ സ്ഥാപിക്കപ്പെട്ടിട്ടിപ്പോൾ ഇരുപതു നീണ്ട ശതവർഷങ്ങളായി. പലരും പരിഷ്കരിക്കാൻ പരിശ്രമിച്ചു. പൂർവ്വകാലപരിഷ്കർത്താക്കളായ ആരിയൂസ്, നെസ്റ്റോറിയൂസ്, എവുത്തിക്കൂസ്, ലൂഥർ, കാൽവിൻ, ഹെൻറി എട്ടാമൻ തുടങ്ങിയവരുടേയും വർത്തമാനകാലത്തെ ചാൾസ് ഡേവീസ്, ഫാദർ ഫെറർ പ്രഭൃതികളുടേയും ചുവടുപിടിച്ചുള്ള പരിഷ്കാരമാണെങ്കിൽ കേരളകത്തോലിക്കർക്കു ദഹിക്കില്ല. അവർക്കു വേണ്ട. അവരതു പൊറുക്കില്ല. ആ നവീകരണപ്രസ്ഥാനക്കാരെല്ലാം തിരുസ്സഭാമാതാവിനെ ഞെക്കിഞെരുക്കി വിഘടിച്ചുപോയവരാണു്. കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയെ നഷ്ടപ്പെടുത്തിയവരാണു്. സഭയ്ക്കുള്ളിൽ അന്തഃച്ഛിദ്രം വളർത്തിയവരാണു്.

കത്തോലിക്കാതിരുസ്സഭയെ അതീവമനോഹരിയാക്കിയ — സുകൃതസമ്പന്നയാക്കിയ വിപ്ലവപരിഷ്കർത്താക്കൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്. ആവിലായിയെ അമ്മ ത്രേസ്യാ, പട്ടാളക്കാരനായ ഇഗ്നേഷ്യസ് ലയോള, പ്രഭുകുമാരനായ ഫ്രാൻസിസ് അസ്സീസ്സി, ആട്ടിടയനായ ഡോൺ ബോസ്കോ, അഡ്വക്കറേറായ അൽഫോൻസ് ലിഗോരി, ഡോക്ടറായ ഫ്രാൻസീസ് സാലെസ് അടിമയായി വില്ക്കപ്പെട്ട വിൻസെൻറ് ഡി പോൾ തുടങ്ങിയവർ തിരുസ്സഭാചരിത്രത്തിൽ അത്ഭുതകരങ്ങളായ പരിവർത്തനങ്ങൾ വരുത്തി. പുതിയ ആകാശവും പുതിയ ഭൂമിയും അവർ വിരചിച്ചു. തിരുസ്സഭയുടെ മുഖച്ഛായതന്നെ മാറ്റി. പക്ഷെ, അവരെല്ലാം അച്ചടക്കമുള്ളവരായിരുന്നു. തിരുസ്സഭക്കുള്ളിൽ ഒതുങ്ങിനിന്നു. അധികാരികളെ ആക്രമിച്ചിട്ടില്ല. അപഹസിച്ചിട്ടില്ല! ധിക്കരിച്ചിട്ടില്ല അവർ പുരോഗമനം പ്രസംഗിച്ചതു്. വിപ്ലവം സൃഷ്ടിച്ചതു്; അവരെന്നും അധികാരികളെ അനുസരിച്ചിരുന്നു. ആദരിച്ചിരുന്നു. ശരിയായ പാരമ്പര്യത്തെ പിന്താങ്ങിയിരുന്നു. അവരെപ്പോലെ സഭാനവീകരണം നടത്താനാണ് ഫാദർ വടക്കനേറ പുറപ്പാടെങ്കിൽ രണ്ടുകയ്യും നീട്ടി ദൈവജനം അദ്ദേഹത്തെ സ്വാഗതം ചെയ്യും. സഭാദ്ധ്യക്ഷന്മാർ സംതൃപ്തരാകും. തിരുസ്സഭാമാതാവു് സന്തുഷ്ടയാകും. അന്ധമായ വിപ്ലവപ്രഘോഷണം ഒരിക്കലും പുരോഗമനമാകയില്ല. വിലകുറഞ്ഞ ബഹുജന

മതിപ്പിനുള്ള ഒരാക്രാന്തമായിട്ടേ അതു ലോകം വില യിരുത്തുകയുള്ളൂ.

പതിനഞ്ചു നൂറ്റാണ്ടുകാലത്തെ പഴക്കവും പാരമ്പര്യവുമുണ്ട് പൗരോഹിത്യ ബ്രഹ്മചര്യാനുഷ്ഠാനത്തിനു്. സഭയുടെ വളച്ചയ്ക്കും പ്രശസ്തിക്കും യുവത്വത്തിനും സൗന്ദര്യത്തിനും വിശ്വാസ്യതയ്ക്കും സുപ്രധാനമായ നിദാനങ്ങളിലൊന്നു് വൈദികബ്രഹ്മചര്യമാണെന്നു് സമ്മതിക്കാതെ പറ്റില്ല. സാവ്വത്രികസഭാചരിത്രം ആ സത്യമാണു് തെളിയിക്കുന്നതു്. ലോകം കണ്ടിട്ടുള്ളതിൽവെച്ചേറ്റം പ്രഗത്ഭരൈവശാസ്ത്രജ്ഞന്മാരായ ബുദ്ധിരാക്ഷസന്മാരാണു് തോമസ് അകപിനാസ്, ബെർണ്ണാർഡ് ബൊനവെഞ്ചർ, ഫ്രാൻസീസ് സാലസ്, ലിഗോരി തുടങ്ങിയ വിശുദ്ധ പിതാക്കന്മാർ. അവരെല്ലാം പൌരോഹിത്യബ്രഹ്മചര്യത്തെ പ്രോത്സാഹിപ്പിയ്ക്കുക മാത്രമല്ല അതനുഷ്ഠിക്കാൻ ശക്തിയുക്തം ആജ്ഞാപിയ്ക്കുകകൂടി ചെയ്തിട്ടുണ്ടെന്നു് തിരുസ്സഭാ മാതാവിനു് വിസ്മരിയ്ക്കാൻ പാടില്ല. ഈ നീണ്ട നൂറ്റാണ്ടുകളത്രയും കത്തോലിയ്ക്കാ പുരോഹിതലക്ഷങ്ങൾ അതു സസൂക്ഷ്മം അനുഷ്ഠിച്ചുപോന്നു. ഇന്നും ക്രിസ്തുവിനും തിരുസ്സഭയ്ക്കുംവേണ്ടി പൗരോഹിത്യബ്രഹ്മചര്യം കാത്തുപാലിയ്ക്കുന്നുണ്ടു്. അങ്ങനെയുള്ള നിരപരാധികളായ സഹോദരവൈദികരെ നിർദ്ദയം താറടിച്ചു അവമാനിയ്ക്കുകയാണു് നിരുത്തരവാദപരമായ പത്രപ്രസ്താവനകളിറക്കി ഫാദർ വടക്കൻ ചെയ്തുകൊണ്ടിരിയ്ക്കുന്ന

തു്. ഒരു ചെറിയ ശതമാനം മാത്രമാണു ബ്രഹ്മചര്യം സത്യസന്ധതയോടെ പാലിയ്ക്കുന്നതെന്നു കഴിഞ്ഞ നവംബർ 23_ാംനു- ചൊവ്വാഴ്ച അദ്ദേഹം തിരുവനന്തപുരത്തുവെച്ചു് പ്രസ്താവിച്ചു. സഹോദരവൈദികരെ അടച്ചാക്ഷേപിയ്ക്കേണ്ടതില്ലായിരുന്നു. അപൂർവ്വം ചില വൈദികരുടെ ആന്തരിക ജീവിതത്തെക്കുറിച്ചു് ഫാദർ വടക്കനു സ്വന്തമായ അറിവുണ്ടായിരിയ്ക്കാം. ആ തുച്ഛമായ അറിവുവെച്ചു് ഇത്തരം പ്രസ്താവനകളിറക്കുന്നതു് ഭൂഷണമല്ല. തനിക്കേതായാലും വിവാഹിതനാകാൻ പരിപാടിയില്ലെന്നു ഫാദർ വടക്കൻ പറയുന്നു (ദീപിക 24_11_'71). അപ്പോൾ അദ്ദേഹം കന്യാത്വം പാലിയ്ക്കുന്നുണ്ടെന്നാണല്ലൊ അനുമാനിയ്ക്കേണ്ടതു്. അങ്ങനെയെങ്കിൽ ഫാദർ വടക്കനെപ്പോലെ മറെറല്ലാവർക്കും ക്രിസ്തുവിന്റെറ അനുഗ്രഹത്താൽ തങ്ങളുടെ ദൈവവിളിയ്ക്കുടുത്ത ശ്രുതി പാലിയ്ക്കാൻ പറ്റുമെന്നു് പത്രപ്രസ്താവനയ്ക്കു് മുമ്പെങ്കിലും അദ്ദേഹം ചിന്തിയ്ക്കേണ്ടതായിരുന്നു. ഇനി, ഫാദർ വടക്കനു് സാധിയ്ക്കാത്തതാണെങ്കിൽത്തന്നെയും മറെറല്ലാവർക്കു് സാധിയ്ക്കുന്നതുകൊണ്ടു് വിരോധാഭാസമൊന്നുമില്ല. പൊതുജനമാക്കറു് കിട്ടാവുന്നതെന്തും കലിതുള്ളി തുകിവിടുമ്പോൾ ആരായാലും സൂക്ഷിയ്ക്കണം. ആളകലം അന്തംവിട്ടു പകച്ചുപോകുന്ന അത്യാധുനികങ്ങളായ ആശയങ്ങൾകൂടെ ഫാദർ വടക്കൻ പറയാതിരുന്നതു് നന്നായി: "സ്ത്രീകൾക്കു് പുരോഹിത്യം നല്ലതാണു്. സ്ത്രീ ബിഷപ്പുമാർ വേണം. പോൾ ആറാമൻ മാപ്പാപ്പയ്ക്കശേഷം

പരിശുദ്ധപിതാവ് വേണ്ട, പരിശുദ്ധമാതാവ് മതി. സ്ത്രീമാപ്പാപ്പയാണിന്ന് സഭീകാഴ്ച്ച. വൈദികരും മെത്രാന്മാരും M. L. A. മാർ മന്ത്രിമാർ എന്നിവരെ പോലെ തെരഞ്ഞെടുക്കപ്പെട്ടാലെ സഭയിൽ പ്രജാധിപത്യ സഭാവമുണ്ടാകൂ. ഒരാളുടെ സ്ഥായിയായ പൗരോഹിത്യം കാലഹരണപ്പെട്ടു. ആവശ്യാധിഷ്ഠിത കാലികപൗരോഹിത്യമേ വേണ്ടൂ. എല്ലാ മതങ്ങളും ദൈവസ്ഥാപിതങ്ങളാണ്—ഇങ്ങനെയുള്ള പ്രസ്താവനകളിറക്കിയിരുന്നെങ്കിൽ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിലെത്താമായിരുന്നു. ഒരുപക്ഷേ അടുത്ത പത്രപ്രസ്താവനയിൽ അങ്ങനെയും പ്രതീക്ഷിയ്ക്കാം.

അവസാനമായി

"ഇന്ത്യൻ പൗരൻ ഇന്ത്യൻ ഭരണഘടനയെ മാനിക്കുന്നു. രാഷ്ട്രീയ സംഘടനയിലെ ഒരു മെമ്പർ ഒരു സംഘടനയിലെ നിർദ്ദേശം ശിരസാവഹിക്കുന്നു. കലാക്ലബ്ബിലെ ഒരംഗംപോലും ആ ക്ലബ്ബിന്റെ ചിട്ടകഠിനമായ വിധേയനാകുന്നു. ഭൗതികങ്ങളും ഉപരിപ്ലവങ്ങളുമായ സാധാരണ സംഘടനകളിൽപോലും കീഴാളർ മേലാളരെ അനുസരിക്കേണ്ടതുണ്ട്. അങ്ങനെയെങ്കിൽ നിയമക്രമങ്ങളുടെ അവികലമായ ചട്ടക്കൂടും വിനയം തിങ്ങിയ വിധേയത്വവും അത്ഭുതം കൊള്ളിയ്ക്കുന്ന അച്ചടക്കസംവിധാനവുമുള്ള കത്തോലിക്കാസഭയെപോലെയുള്ള ഒരു സംഘടനയിൽപെട്ട വ്യക്തി

യ്ക്കു്—പ്രത്യേകിച്ചു് ഒരു പുരോഹിതനു്—മേലധികാരികളുടെ നിർദ്ദേശങ്ങളെ അനുസരിച്ചല്ലാതെ പ്രസംഗിയ്ക്കാനൊ പ്രവർത്തിക്കാനൊ എങ്ങനെ സാധിയ്ക്കും.'' സജീവ രാഷ്ട്രീയത്തിൽനിന്നും സഭാസംബന്ധമല്ലാത്ത പൊതുരംഗങ്ങളിൽനിന്നും ഫാദർ വടക്കനെ മുടക്കിയപ്പോൾ ''നവജീവൻ'' ഫാദർ വടക്കനെ അപഹസിച്ചുകൊണ്ടെഴുതിയ മുഖപ്രസംഗത്തെ അഹിക്കുന്ന അവഗണനയോടെ അതിരൂക്ഷമായി വിമർശിച്ചുകൊണ്ടു് ഫാദർ വടക്കൻ 1962 മാർച്ചു് 10-ാംനു- തൊഴിലാളിയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിലാണു് ബിഷപ്പിനോടുള്ള കത്തോലിക്കാവൈദികന്റെ അനുസരണത്തെ സർവ്വാദരണീയമായ സുകൃതമായി ഫാദർ വടക്കൻ വിലയിരുത്തിയിരിക്കുന്നതു്. എന്നാൽ ഇന്ന ദ്ദേഹത്തിന്റെ പേരിലുള്ള ആരോപണം അനുസരണക്കേടാണു്. ഫാദർ വടക്കന്റെ മേൽ അച്ചടക്കനടപടി സ്വീകരിക്കാൻ കാരണം ബിഷപ്പിനോടുള്ള അദ്ദേഹത്തിന്റെ അനുസരണമില്ലായ്മയാണെന്നു ബിഷപ്പു് പാലസ്സിലെ ഒരു വാക്താവു പരസ്യമായി വ്യക്തമാക്കിയിട്ടുണ്ടു് (മാതൃഭൂമി: 12-1-1972). നാഴികയ്ക്കു നാല്പതു പ്രാവശ്യം ഫാദർ വടക്കൻ 23-ാം യോഹന്നാൻ മാപ്പാപ്പയെ പ്രശംസിക്കാറുണ്ടല്ലൊ. തീച്ചയായും എല്ലാ കാര്യത്തിലും അദ്ദേഹത്തെ അനുകരിക്കാൻ ഫാദർ വടക്കൻ ആഗ്രഹിക്കുന്നുണ്ടാകണം. ആ മാപ്പാപ്പ കേവലം വൈദികനായിരുന്നപ്പോൾ എത്രമാത്രം തന്റെ മെത്രാനെ അനുസരിച്ചിരുന്നുവെന്നു മനസ്സിലാ

ക്കുന്നതു പ്രകൃതത്തിൽ ഫാദർ വടക്കനും മറെറല്ലാ വൈദികക്കും ഉപകാരപ്രദമായിരിയ്ക്കും. ഭാഗ്യസ്മരണാ ഹ്നായ ആ പുണ്യപിതാവു പറയുന്നു: "മഴയാകട്ടെ, വെയിലാകട്ടെ, തണുപ്പാകട്ടെ, ചൂടാകട്ടെ, അധികൃതർ എന്നെ എങ്ങനെയെങ്കിലും നിയോഗിയ്ക്കട്ടെ എൻെറ മനസ്സ് അക്ഷുബ്ധമായിരിയ്ക്കണം. പരസ്യമായൊ, രഹസ്യമായൊ, ഒരാവലാതിയും എതിർപ്പുമരുതു്. എല്ലാ സമയത്തും രഹസ്യവും പരസ്യവുമായ എല്ലാ പ്രവർത്തികളിലും എൻെറ മനസ്സിലും ഹൃദയത്തിലും മെത്രാനച്ചനോടു് വളരെ ബഹുമാനമുണ്ടായിരിക്കണം. തിരുമേനിയോടു് മനസ്സാലും ഹൃദയത്താലും ഐക്യപ്പെട്ടിരിയ്ക്കുകയും തിരുമേനിയെ പൂർണ്ണമായി അനുസരിക്കുകയും വേണം. എൻെറ ഉദ്യോഗത്തിൻെറ വ്യത്യാസമനുസരിച്ചു് മെത്രാനച്ചനോടുള്ള ബന്ധവും വ്യത്യസ്ഥമായിരിക്കും. സ്ഥിതി വ്യത്യാസം എന്തു തന്നെയായിരുന്നാലും സ്നേഹകുസുമത്തിൻെറ മാധുര്യമായ വിവേകവും ബഹുമാനവും പ്രസ്തുത ബന്ധത്തെ നിയന്ത്രിച്ചുകൊണ്ടിരിയ്ക്കും. പുതിയ മെത്രാനു് ഞാനൊരു പ്രതിബന്ധമാകാതെ നിർമ്മാണായുധവും ഉപകരണവുമാകും. അങ്ങനെ അദ്ദേഹത്തിനു് ആശ്വാസവും സംതൃപ്തിയും നല്കും. പുതിയ മെത്രാനോടു് വാക്കിലും പ്രവൃത്തിയിലും സ്നേഹവും ബഹുമാനവും ഞാൻ പ്രദർശിപ്പിയ്ക്കും. എന്തു വിലകൊടുത്തും ഈ സദുദ്ദേശങ്ങളും വിശ്വസ്ഥതയോടെ പാലിയ്ക്കുന്നതിനുള്ള അനുഗ്രഹത്തിന്നായി ഞാൻ പ്രാർത്ഥിയ്ക്കും".

(23_ാം യോഹന്നാൻ മാപ്പ്വാപ്പയുടെ ഡയറിക്കുറിപ്പുകം —വിവത്തകൻ ഡോക്ടർ തോമസ്സ് മൂത്തേടൻ — പേജ് 171, 226, 248). ബിഷപ്പിനും വൈദികൻ കീഴടങ്ങുന്നതിൽ പ്രിസ്റ്റീജ് കെപസ്സ്യനൊന്നുമില്ല. "ബിഷപ്പും ഞാനും. ആരാണ് തെറ്റുചെയ്തത്?" എന്ന ഫാദർ വടക്കന്റെ ലഘുലേഖ യാതൊരു വൈദികനും യോജിച്ചതല്ലെന്ന് ആരും പറയും. ഫാദർ വടക്കൻ വൈദികവിദ്യാത്ഥിയായിരിയ്ക്കുമ്പോഴും വൈദികനായതിനുശേഷവും സഭയ്ക്കും സമുദായത്തിനും മനുഷ്യലോകത്തിനുംവേണ്ടി അസൂയാഹ്മാംവിധം ധീരമായി വളരെയേറെ പ്രവത്തിച്ചിട്ടുണ്ട്. അതെനും നന്ദിയോടെ സ്മരിയ്ക്കപ്പെടും. പക്ഷെ, ഒരു കത്തോലിയ്ക്കാവൈദികൻ എന്തൊക്കെ നന്മ ചെയ്താലും അതൊക്കെ എണ്ണിപ്പറഞ്ഞ് അഭിമാനിയ്ക്കാനും അഹംഭവിയ്ക്കാനും തുടങ്ങിയാൽ ക്രിസ്തുവിന്റെ പഠനത്തിനെതിരാകും. ഇത്തരുണത്തിൽ ദിവ്യഗുരുവിന്റെ തിരുവചനങ്ങളം പ്രായോഗികമാക്കുകതന്നെ വേണം. "നിങ്ങളം കല്പിയ്ക്കപ്പെട്ടവയെല്ലാം ചെയ്തശേഷം ഞങ്ങളം പ്രയോജനമില്ലാത്ത ദാസന്മാരാകുന്നു. എന്തെന്നാൽ ഞങ്ങളം ചെയ്യാൻ ചുമതലപ്പെട്ടതേ ചെയ്തിട്ടുള്ള എന്നു പറയുവിൻ": (St. Luke 17/10).

അധികാരികളെ അനുസരിച്ച് തോല്പിയ്ക്കുന്നതാണ് മാന്യതയും പുണ്യവും. പ്രശ്നങ്ങളം സങ്കീർണ്ണങ്ങളാക്കാതെ നിരുപാധികം ഫാദർ വടക്കൻ അനുസരി

ച്ചാൽ ഫാദർ വടക്കൻ ജയിച്ചു. ബിഷപ്പിനും തോൽവിയുമില്ല. തിരുസ്സഭാമാതാവും ഫാദർ വടക്കനിൽ അഭിമാനംകൊള്ളും. കേരളത്തിലെ ദൈവജനം ഹർഷപുളകിതരാകും. സഹോദരവൈദികർ ആനന്ദിയ്ക്കും. ഫാദർ വടക്കനും പൗരോഹിത്യം നല്കിയ ഡോക്ടർ ജോർജ്ജും ആലപ്പാട്ട തിരുമേനിയുടെ ഹൃദയം കുളിർക്കും. തൃശ്ശൂർ രൂപതാദ്ധ്യക്ഷനും കരുത്തനായൊരു സഹപ്രവർത്തകനെ ലഭിക്കും. തന്നെയല്ല, പട്ടം കിട്ടിയനാൾ മുതൽ ഗാഗുൽത്തായിലെ ബലി ആവർത്തിയ്ക്കുകയാണല്ലൊ ഓരോ വൈദികന്റേയും സർവ്വപ്രധാനമായ ജോലിയും കടമയും. ആ ബലി അപ്പണത്തിനുവേണ്ടിമാത്രമാണു ഓരോ വൈദികനും ജീവിയ്ക്കുക. കൊതിയ്ക്കുക. എത്രയോ കാലമായി ഫാദർ വടക്കൻ ബലിയർപ്പിച്ചിട്ടും ദിവ്യകാരുണ്യനാഥനെ സ്വീകരിച്ചിട്ടും. ഒരു സാധാരണ കർത്താലിയ്ക്കൻ ഞായറാഴ്ചയെങ്കിലും മാരകപാപത്തിന്റെ വ്യവസ്ഥയിൽ ദിവ്യബലിയിൽ സംബന്ധിയ്ക്കാൻ നിർബ്ബന്ധിതനാണു. ക്രൈസ്തവാരൂപിയ്ക്കായി അവൻ അടുത്തടുത്തു ദിവ്യകാരുണ്യം സ്വീകരിക്കണം. ഫാദർ വടക്കൻ ഞായറാഴ്ച കുർബ്ബാന കാണാൻപോലും ആഗ്രഹിക്കുന്നില്ല. ഒരു കർത്താലിയ്ക്കാ വൈദികനു എത്രകാലം ഇങ്ങനെ തുടർന്നു പോകാൻ സാധിയ്ക്കും. ദൈവജനത്തിനെന്തൊരു ഇടർച്ച! ദൈവവചനശ്രുശ്രൂഷയ്ക്കും ജ്ഞാനസ്നാനത്തിനും ആതുര സേവനത്തിനും മറ്റേതൊരു സുകൃതത്തിനും ബലിയുടെ വിടവു നികത്താനൊക്കുകയില്ല. വാശി

യുടേയും വൈരാഗ്യത്തിന്റേയും തെറ്റിധാരണയുടേയും പേരിൽ അനന്തമായ നഷ്ടം തിരുസ്സഭയ്ക്കും ഫാദർ വടക്കനും ഓരോ കുബ്ബാന ഉപേക്ഷിയ്ക്കപ്പെട്ടപ്പോഴും സംഭവിയ്ക്കുന്നുണ്ട്. വി: കുബ്ബാന അപ്പിയ്ക്കുന്നതിനു വേണ്ടിയെങ്കിലും ഫാദർ വടക്കൻ ബിഷപ്പുമായി രമ്യപ്പെടേണ്ടതായിരുന്നു. സഹോദരവൈദികരായ ഞങ്ങൾക്കെല്ലാം ഫാദർ വടക്കനോട് സഹതാപമേയുള്ള. അദ്ദേഹത്തിനോടൊപ്പം ഞങ്ങളും ദുഃഖിക്കുന്നു. ധർമ്മസങ്കടത്തിൽ ദിനരാത്രങ്ങൾ തള്ളിനീക്കുന്ന അദ്ദേഹത്തിന്റെ വേദന ഞങ്ങളേയും വേദനിപ്പിക്കുന്നു. ഫാദർ വടക്കന്റെ കഴിവുകളെ ഞങ്ങൾ ഏറെപ്പറയുന്നു. പ്രതിഭയെ ബഹുമാനിക്കുന്നു. നേതൃത്വത്തെ വിലമതിക്കുന്നു. അദ്ദേഹത്തെ സ്വീകരിയ്ക്കാൻ തൃശ്ശൂർ രൂപതയും രൂപതാദ്ധ്യക്ഷനും കാത്തിരിയ്ക്കുകയാണ്. തിരിച്ചു വരവിനുവേണ്ടി പ്രാർത്ഥിയ്ക്കുകയാണ്.



Viswanath Press, Mannadiar lane, Trichur.



DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
14/4/94		
8 SEP 1994		
15 NOV 1994		
29 JAN 1995		
13 FEB 1998		
08 MAR 1998		

CT Library
00031962
LN C449

ഗ്രന്ഥത്തെപ്പ

കമ്മ്യൂണിസ്റ്റ് [illegible] ദ്ധമുന്നണ[illegible]
ഉപജ്ഞാതാവായ ഫാ[illegible]വടക്കന്റെ രാഷ്ട്രീയ വൈദി
കോചിതവുമായ ജീവ[illegible]ത്തിന്റെ ഉത്കൃ[illegible]രമായ ഉയ
ർച്ചയും തകർച്ചയും ഏ[illegible]രുടെ നിഷ്പക്ഷപാതമായി പ്രതി
പാദിക്കുന്ന കാലോചിതമായ ഒരു നല്ല പ്രസിദ്ധീകരണ
മാണ് 'ഞാൻ കണ്ട ഫാദർ വടക്കൻ'. രാഷ്ട്രീയരംഗവും
ആത്മീയരംഗത്തും തന്റെ ബഹുമാന്യ ദേശികനായിരുന്ന
മോൺ: സഖറിയാസ് വാഴപ്പിള്ളിയോടൊപ്പം അദ്ധ്വാനി
ക്കുന്ന ജനവിഭാഗത്തെ സേവിക്കുവാൻ പ്രതിജ്ഞാബദ്ധ
നായി പുറപ്പെട്ട ഫാദർ വടക്കൻ, സേവിച്ചു സേവിച്ചു,
ഒടുക്കം തന്റെ വരദാതാക്കളുടെ നേർക്കുതന്നെ ഭസ്മാസുര
നെപ്പോലെ ചതുരഹാസവുമായി പാഞ്ഞുനടക്കുന്ന ഭയാന
കചിത്രമാണ് ഫാദർ റാഫേൽ ചിറ്റിലപ്പിള്ളി ഹൃദയ
വേദനയോടുകൂടി വരച്ചുകാട്ടിയിട്ടുള്ളതു്. ഒരൊന്നാംതരം
വാഗ്മി, സംഘാടകൻ, കർമ്മധീരൻ എന്നീ നിലകളിൽ
പ്രഖ്യാതിനേടിവന്ന വടക്കനച്ചന്റെ രാഷ്ട്രീയ വൈദിക
ജീവിതനൌക അടക്കമില്ലായ്മയുടെ കരിമ്പാറക്കെട്ടിൽ
തട്ടിയുടഞ്ഞു ശിഥിലമായി, അനാഥമായി ഒഴുകുന്നതു
കണ്ടുള്ള ഉള്ളുരുക്കമാണ് ഈ സഹോദരവൈദികനെ
പ്രസ്തുത ഗ്രന്ഥനിർമ്മാണത്തിനു പ്രേരിപ്പിച്ചതെന്നു തോന്നു
ന്നു. ഇത്രയേറെ കഴിവുകളുള്ള ഈ പുരോഹിതൻ ഇത്രയേറെ
വിമർശിക്കപ്പെടുന്നതെന്തുകൊണ്ടാണെന്നു സാധകബാധക
പ്രമാണങ്ങളുദ്ധരിച്ചു തെളിയിച്ചുകൊണ്ടു് അയത്നലളിത
മായ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഈ പുസ്തകത്തിൽ അനുര
ഞ്ജനത്തിനേറെതായ മധുരസ്പരം ആദ്യന്തം മുഴങ്ങിക്കേൾക്കു
ന്നുണ്ടെന്നേയുള്ളൂ പുരോഹിതനായ ഗ്രന്ഥകർത്താവിൽ പൗരോ
ഭാഗ്യമില്ലെന്നതിനു നല്ല തെളിവാണ്.

പ്രൊഫ: കെ. പി. ഉറുമീസ്.
(Head of the Dept: of Malayalam & Sanskrit,
St. Thomas' College, Trichur.)